
# ലോകവാണി

LOKAVANI ★ ★ ★ MADRAS.



# അടുത്ത ലക്കത്തിൽ

പല മനശ്ശാസ്ത്രഗ്രന്ഥങ്ങളുടെ കർത്താവും ഇൻഡ്യയിലെ പേരു കേട്ട മനഃശാസ്ത്രജ്ഞന്മാരിൽ ഒരാളുമായ ഡാക്ടർ ആഞ്ഞിലിവേൽ മാത്യു എം. ഇ. ഡി., പി. എച്ച്. ഡി. എന്ന ദേഹം, "വിവാഹജീവിതം" എന്ന വിഷയത്തെക്കുറിച്ച് എഴുതുന്ന ലേഖനപരമ്പര അടുത്ത ലക്കത്തിൽ തുടങ്ങുന്നതാണ്.

കൂടാതെ

| | | |
|---|---|---|
| "വൈലോപ്പിള്ളിയുടെ കവിത" | : | ശ്രീ. എ. പി. രാമൻനായർ |
| മായാത്ത ചിത്രം | : | ശ്രീ. ഒ. എം. അനുജൻ |
| സമുദായവും സാഹിത്യവും | : | ശ്രീ. കെ. കെ. നായർ എം. എ. ബി. ററി. |

തുടങ്ങിയ പലതും.

★

എല്ലാ കത്തിടപാടുകളും താഴെ ചേക്കുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ലേഖനങ്ങൾ:- The Editor,
Lokavani Office,
Tambaram.

മററു കാര്യങ്ങൾ:- The Manager,
Lokavani Office,
Tambaram.

# ലോകവാണി

## ഉള്ളടക്കം


മുഖചിത്രം : സർ. ആർച്ച്ബാൾഡ് നൈ.

(a) 12 ലക്കങ്ങളിലെ ലേഖനങ്ങൾ
(b) ലോകവാണിയെപ്പററി അഭിപ്രായങ്ങൾ
(c) പത്രാധിപക്കുറിപ്പുകൾ

1. ലോകാവലോകം : ഡാക്ടർ പി. സി. അലക്സാണ്ടർ
2. പരജീവിസസ്യങ്ങൾ : കെ. ദാമോദരൻ തമ്പാൻ എം. എസ്. സി.
3. സേവകൻ (കവിത) : വിദ്വാൻ പി. ആർ. വാരിയർ
4. കേരളത്തിലെ സോഷ്യലിസ്റ്റ് ചക്രവർത്തി അഥവാ മഹാബലി: എം. ഇ. മാത്യു ബി. എ.
5. നിലാവു നിറഞ്ഞ പെരുവഴിയിൽ (ചെറുകഥ) : ബഷീർ.
6. സ്വപ്നത്തിലെ ഓണപ്പുലരി (കവിത) : ഒ. എം. അനുജൻ
7. പുസ്തകങ്ങൾ—'നീണ്ട നിഴൽ' : കെ. എം. ജി.
8. വിദ്യാർത്ഥിലോകം : കൊച്ചേട്ടൻ
9. വസ്തുവും പശ്ചാത്തലവും : കെ. സുരേന്ദ്രൻ.
10. ജീവചരിത്രസരണി- 'ക്ലാർക്ക് ഗേബിൾ' : കെ. എം. ജോർജ്.
11. കഷായം : വാഗ്ഭടൻ
12. വിശ്വസാഹിത്യം—'സ്നേഹിക്കാനും ആദരിക്കാനും(ചെറുകഥ) : ഒ. ആർ. മോഹൻ
13. വായനക്കാർ ലോകവാണിയിൽ.



...onal Book Stall, ...ARIKAL BAZAAR, ...TTAYAM.

## THE TRAVANCORE FORWARD BANK LTD.

Incorporated In Travancore, 1929.

*(Liability of Members Limited)*

# A SCHEDULED BANK

**HEAD OFFICE : KOTTAYAM.**

Branches and Agencies at all Important Centres in India.

| | | |
|---|---|---|
| Authorised Capital | ... | Rs. 50,00,000 |
| Issued and Subscribed Capital | ... | Rs. 25,00,000 |
| Paid-up Capital and Reserves | ... | Rs. 17,26,000 |

FIXED DEPOSITS RECEIVED AND
3 YEAR CASH CERTIFICATES
ISSUED ON VERY FAVOURABLE TERMS

All Kinds of Banking Business Transacted

*Madras Branch :*

14-A, STRINGER ST., "Loane Square", BROADWAY.

Telephone No. "2725".

C. M. CHERIAN, M.A.,
*Secretary.*

# COLLEGE STORES

GENEREL MERCHANTS & COMMISSION AGENTS

POST BOX 5, TAMBARAM.

കോളേജ് വിദ്യാർത്ഥികളെ പ്രത്യേകം ഉദ്ദേശിച്ച്
സ്റ്റേഷനറി, ടോയിലററ്സ് ആദിയായവയെല്ലാം
മിതമായ വിലയ്ക്കു കൊടുക്കുന്ന ഒരു കട.
മൊത്തമായും ചില്ലറയായും വ്യാപാരം നടത്തുന്നതാണ്.

Proprietor : E. V. N. Nambiar.

# DRAVIDAR CAFE.

RAMASWAMY PERIYAR NAGAR, TAMBARAM.

വളരെ നാളം കോളേജ് മെസ്സിൽ പ്രശസ്തമായി
സേവനം നടത്തിയിട്ടുള്ള പാചകവിദഗ്ദ്ധന്മാർ.
പലമാതിരി മധുരപ്പലഹാരങ്ങളും, കാപ്പി, ചായ ആദിയായവ
ഒരു പ്രാവശ്യമെങ്കിലും അനുഭവിച്ചുനോക്കുവിൻ !
നോൺവെജിറേററിയൻ പാചക കല ഒന്നു പ്രത്യേകമാണ്.

# ലോകവാണി

കഴിഞ്ഞ 12 ലക്കങ്ങളിലെ പ്രധാന

## ലേഖനങ്ങൾ

| | |
|---|---|
| ഹരേ റാം ഹരേ റാം! | കുട്ടികൃഷ്ണമാരാര്. |
| ഏതു കക്ഷിയിൽ? | കെ. കെ. നായർ എം. എ. ബി. ററി. |
| ഗാന്ധിജിയുടെ അനുഭവരൂപദർശനം. | ഡാക്ടർ ആഞ്ഞിലിവേൽ മാത്യു. |
| എൻെറ പ്രഥമസ്മരണ. | ഏ. ബാലകൃഷ്ണപിള്ള. |
| ഒരു യുദ്ധത്തിൽനിന്നു മററൊരു യുദ്ധത്തിലേക്ക്. | ഡാക്ടർ പി. സി. അലക്സാണ്ടർ. |
| കോളനികളുടെ പ്രശ്നം | കെ. കെ. നായർ. |
| വീഥീനിയമം | വിദ്വാൻ പി. എ. വാര്യർ. |
| ശ്രീ. പുളിമാന | എസ്. ഗുപ്തൻ നായർ. |
| മലയാളഭാഷയും ശാസ്ത്രീയ സംജ്ഞകളും. | പി. എൻ. മൂസ്സത് ബി.എ.എൽ.ടി. |
| സ്വതന്ത്രഇന്ത്യയും നാട്ടുരാജ്യപ്രശ്നവും | ഡാക്ടർ പി. സി. അലക്സാണ്ടർ. |
| തിരുവിതാംകൂറും ഐക്യകേരളവും | പി. വി. കുര്യൻ ബി. എ. |
| മാതൃഭാഷവഴിയുള്ള ശാസ്ത്രാഭ്യസനം | ഡാക്ടർ കെ. ഭാസ്കരൻ നായർ. |
| പുതിയ തിരുവിതാംകൂർ | ഡാക്ടർ പി. സി. അലക്സാണ്ടർ. |
| ശാസ്ത്രഗതി | എസ്. പരമേശ്വരൻ ബി. എസ്. സി. (ഓണേഴ്സ്) |
| നോവൽ | പി. കേശവമേനോൻ എം. എ. എം. എസ്. സി. |
| ചങ്ങമ്പുഴയുടെ അന്ത്യാമന്ത്രണങ്ങൾ | പോട്ടയിൽ എൻ. ജി. നായർ. |
| നഖലേഖനം (Neilograph) | ജി. എസ്സ്. |
| മലയാളലിപികൾ പരിഷ്കരിക്കണമോ | ജെ. മാത്യൂസ്. |
| കേരളത്തിലെ കീററ്സ് | ജെ. എസ്സ്. കോട്ടൂർ. |
| ഒന്നു് അല്ലെങ്കിൽ ഓട്ടപ്പൂജ്യം | എം. ഗോവിന്ദൻ. |
| സ്വാതന്ത്ര്യം | ഈശ്വരവാര്യർ. |

# ഹാസ്യലേഖനങ്ങൾ


| | |
|---|---|
| പ്രസംഗഭ്രാന്തു് | ഈ. എം. കോവൂർ. |
| അതിഥിസല്ക്കാരം അന്നും ഇന്നും | എം. ഇ. മാത്യു |
| ഒരു സാധാരണ രോഗം | ഈ. എം. കോവൂർ. |
| നടപ്പുവൈദ്യൻ | പി. ആർ. വാര്യർ. |
| താടിക്കരം | ശങ്കുവോ കുഞ്ചുവോ. |
| വാക്കു പാലിക്കുകയോ | ,, |
| ധൂമാങ്കുരചിന്തകൾ | കരി. |
| പുതുവർഷപ്രതിജ്ഞകൾ | പി. എ. വാര്യർ. |
| പത്രാധിപർ കണ്ണെറിയ | എം. ഇ. മാത്യു |


# കവിതകൾ


| | |
|---|---|
| വിശാലദർശനം | വെണ്ണിക്കുളം |
| മനുഷ്യൻ | ഒ. എം. അനുജൻ. |
| മങ്ഗളനാളം | കവിതിലകൻ ജി. ശങ്കരക്കുറുപ്പ്. |
| ഒരു ഉറക്കുപാട്ട് | പുളിമാന പരമേശ്വരൻ പിള്ള. |
| വയറിന്റെ വലിപ്പം | ഒ. എം. അനുജൻ. |
| കുററവാളി | കെ. പി. ബി. പാട്ട്യം. |
| ലോകത്തോട് | ആർ. രാമചന്ദ്രൻ. |
| വിശ്വരൂപം | എം. ഗോവിന്ദൻ. |
| അച്ഛനും മകനും | തൈക്കാട്ട ചന്ദ്രശേഖരൻ നായർ. |
| മായാത്ത ചിത്രം | കെ. ആർ. രാമകൃഷ്ണൻ. |
| കർഷകന്റെ കൈകൾ | കെ. പി. ബി. പാട്ട്യം. |
| മറഞ്ഞ പൂങ്കയിൽ | വിദ്വാൻ പി. ആർ. വാര്യർ. |
| ഭാവനാസ്വപ്നമേ | കെ. പി. രാഘവൻ. |
| പാഠശാല | ഈശ്വരവാര്യർ. |
| കല്ലറ | പി. വി. പള്ളിക്കുന്നു്. |
| ഞാനും എന്റെ വീണയും | കെ.എം.വറുഗീസ് ബി.എ.എൽ.ററി |
| അഞ്ജലി | ഡാക്ടർ ചേലനാട്ട അച്യുതമേനോൻ |
| വിശ്വാസം | കവിതിലകൻ ജി. ശങ്കരക്കുറുപ്പ്. |

| | |
|---|---|
| രൂപമോ, രൂപയോ | വെണ്ണിക്കുളം. |
| അത്രമാത്രം | പി. ഭാസ്കരൻ. |

## നിരൂപണം ചെയ്യപ്പെട്ട ഗ്രന്ഥങ്ങൾ

| | |
|---|---|
| ശബ്ദങ്ങൾ (ബഷീർ) | ശങ്ക |
| സാധു കൊച്ചുകുഞ്ഞു് (കെ.എം.ജോർജ്) | കുട്ടികൃഷ്ണമാരാർ. |
| രാജമല്ലി (എസ്. കെ. പൊറ്റെക്കാട്ട്) | പി. ആർ. വാര്യർ. |
| ഐക്യകേരളം (പി. വി. കയ്യൻ) | ശങ്ക |
| കാരൂർ കഥകൾ (കാരൂർ) | പി. എ. വാര്യർ. |
| സുഖത്തിൻെറ പിന്നാലെ (പി. ആർ. വാര്യർ) | ഈശ്വരവാര്യർ. |
| മുരളി (ആർ. രാമചന്ദ്രൻ) | ഒ. എം. അനുജൻ. |
| തൂപ്പുകാരൻ (കാരൂർ) | കളവങ്കോട്ട് ബാലകൃഷ്ണൻ |

## ചെറുകഥകൾ

| | |
|---|---|
| ഭാര്യ | എസ്. കെ. നായർ. |
| വഞ്ചന | കാരൂർ. |
| എന്നേ കൊല്ലൂ | നിർമ്മൽ ജേക്കബ് |
| തലമുറകൾ | എം. ഗോവിന്ദൻ. |
| ഡാക്ടറുടെ കഥ | ടി. പത്മനാഭൻ |
| നാട്ടിൽ ചെന്നപ്പോൾ | പി. എം വാര്യർ |
| ആ രഹസ്യം | എം. ററി. എൻ നായർ. |
| ഔദാര്യം | കാരൂർ |
| കാര്യദർശി | പി. ആർ. വാര്യർ |
| കടത്തുകാരൻ | നിർമ്മൽ ജേക്കബ് |
| വെള്ളക്കാരൻെറ തല (ഏകാങ്കം) | കെ. എം. ജോർജ് |
| വനിതാസമ്മേളനം | എം. എൻ. ഗോവിന്ദൻ നായർ |
| വിവാഹവേദിയിൽ നിന്നു് | എൻ. കെ. കെ. |

## പംക്തികൾ

1. എന്നേ ഏററവും ആകർഷിച്ച ഗ്രന്ഥം :

ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ.

പ്രൊഫസർ കെ. ആർ. ചന്ദ്രശേഖരൻ

# പ്രസിദ്ധ സാഹിത്യകാരന്മാരുടെ

# അഭിപ്രായങ്ങൾ

## ശ്രീ. ഇ. എം. കോവൂർ

............ഒരു ധർമ്മസങ്കടത്തിലാണ് ഞാൻ. ലോകവാണിയെപ്പററി ഹൃദയം തുറന്നു പറയുവാൻ അല്പം 'വാദതടസ്സം' തോന്നാതിരിക്കുന്നില്ല. കാരണം, ഞാൻ അതിൻെറ പുറങ്ങളിൽ സാധാരണയെന്നതുപോലെ പ്രത്യക്ഷപ്പെടാറുള്ളതുകൊണ്ടാണ്. നന്നെന്നു പറഞ്ഞാൽ സമർത്ഥന്മാർ അതു് ഒരുതരം ആത്മപ്രശംസയായി കണക്കാക്കാതിരിക്കുകയില്ല. എങ്കിലും അങ്ങനെ ഭീരുവായിക്കൂടല്ലോ !

---

2. ജീവചരിത്രസരണി :

| | |
|---|---|
| ബർനാർഡ് ഷാ | കെ. എം. ജോർജ്. |
| ഷെല്ലി | ,, |
| സി. വി. രാമൻപിള്ള | പി. കെ. പരമേശ്വരൻ നായർ. |
| ഫോർഡ് | കെ. എം. ജോർജ് |
| മേരി പിക്ഫോർഡ് | ,, |
| മാർക്ക് ട്വെയിൻ | ,, |
| വേലുത്തമ്പി ദളവാ | വി. ആർ. പരമേശ്വരൻപിള്ള |
| കെ. സി. മാമ്മൻമാപ്പിള | ഇ. എം. കോവൂർ |

3. കഷായം : വാഗ്ഭടൻ.

4. ലോകാവലോകം : ഡാക്ടർ പി. സി. അലക്സാണ്ടർ എം.എ.,ഡി.ലിററ്.

കൂടാതെ ഡി. പി. റോയ് ചൌധരി, ദേവൻ, ഇ. എൻ. കോവൂർ, ശങ്കർ തുടങ്ങിയ കലാകാരന്മാരുടെ ചിത്രങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത്രയും വിഭവങ്ങൾക്കു വെറും മൂന്നു രൂപാ. ഒന്നാലോചിച്ചുനോക്കുക.

—o—

പന്ത്രണ്ടാം ലക്കം ലോകവാണിയും ഞാൻ സശ്രദ്ധം വായിച്ചുനോക്കി. എൻെറ ലേഖനങ്ങൾ—അവ പോകട്ടെ; ബാക്കിയുള്ളവയെക്കുറിച്ചു മാത്രം പറയാം.

മലയാളത്തിൽ പ്രത്യക്ഷപ്പെടുന്ന ഒന്നാം കിട പ്രസിദ്ധീകരണങ്ങളിൽ ഒന്നായി ഞാൻ ലോകവാണിയെ ഗണിക്കുന്നു. ഒന്നാമതതിൻെറ കെട്ടും മട്ടമാണ്. പുറത്തെ വലിയ ചിത്രം അതിൻെറ ആകർഷണീയതയുടെ മാററു വർദ്ധിപ്പിക്കുന്നു. കണ്ടാൽ കൈയ്യിലെടുപ്പാനും, എടുത്താൽ വായിപ്പാനും അതാരേയും ശക്തിയായി പ്രേരിപ്പിക്കുന്നു. ബയണ്ടു ചെയ്തു സൂക്ഷിച്ചാൽ ലോകവാണി തീച്ച്യയായും ഏതൊരു ഗ്രന്ഥസഞ്ചയത്തിനും ഒരലങ്കാരമായിരിക്കും.

ഉള്ളടക്കത്തെപ്പററിയാണ് എനിക്കു കൂടുതൽ കാര്യമായിപ്പറവാനുള്ളതു്. ലോകവാണിയിലെ പത്രാധിപക്കുറിപ്പുകൾക്കു ഒരു പ്രത്യേക വ്യക്തിമുദ്ര ഞാൻ കാണുന്നുണ്ട്. സംഭാരം പോലുള്ള എഴുത്തു രീതി അവയിൽ സമ്പൂർണ്ണമായി വർജ്ജിച്ചിരിക്കുന്നു. കാര്യങ്ങളെപ്പററി തുറന്നതും വ്യക്തവുമായ ഒരഭിപ്രായം ലോകവാണിക്കുണ്ട്. രണ്ടും നാലും വഞ്ചികളിൽ ഒരേ സമയം ചവിട്ടി നില്പാനുള്ള ശ്രമങ്ങളൊന്നും ഞാനതിൽക്കാണുന്നില്ല.

ഭാവനാശക്തിയും, മേധാശക്തിയും, ചിന്താശക്തിയുമുള്ള എഴുത്തുകാരെ ലോകവാണിക്കു് എങ്ങനെയോ എല്ലാ ലക്കത്തിലും ലഭിക്കുന്നുണ്ട്. എല്ലാത്തരം അഭിപ്രായഗതികൾക്കും പ്രകാശനം നൽകുവാൻ ലോകവാണി ശ്രദ്ധിക്കുന്നുമുണ്ട്.

'കഷായം' ആക്കും രസിക്കാതിരിക്കില്ല. കവർപ്പുണ്ടെങ്കിലും ഫലം തീച്ച്യയായും ഗുണകരമാണ്. ഫലിതം അതിൽ ഭേഷായി ചേത്തുകാണുന്നുണ്ട്.

തീച്ച്യയായും ലോകവാണിക്കൊരു വലിയ ഭാവിയുണ്ട്. സാഹിത്യശക്തിയും സംഘടനാശക്തിയും വളരെ ചുരുക്കമായേ ഒരേ വ്യക്തിയിൽ ഞാൻ ഒന്നിച്ചു കണ്ടിട്ടുള്ളു. ലോകവാണിയുടെ പത്രാധിപർ ശ്രീ. കെ. എം. ജോർജ് ആ ചുരുക്കം ചിലരിൽ ഒരാളാണ്. അധ്വാനിക്കുവാനും, ശുഭപ്രതീക്ഷയോടെ മുമ്പോട്ടു കുതിക്കുവാനും ഇത്ര തൻേറടമുള്ള അധികം ആളുകളെ ഞാൻ നമ്മുടെയിടയിൽ കാണുന്നില്ല.

ദൈവവും ലോകവും ഈ വാണിയെ അനുഗ്രഹിക്കട്ടെ!

---

### ശ്രീ. കാരൂർ നീലകണ്ഠപ്പിള്ള

ലോകവാണി 12–ാം ലക്കവും കിട്ടി. വ്യവസായപരമായി അതിൻെറ നില എങ്ങിനെയെന്നെനിക്കറിഞ്ഞുകൂടെങ്കിലും സാഹിത്യപരവും ദേശീയ

വുമായി ഒരു വലിയ വിജയം അതു കരസ്ഥമാക്കിയിട്ടുണ്ട്. ഓരോ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള എഴുത്തുകാരെ ലോകവാണി അണി നിരത്തിയിരിക്കുന്നു. വിജ്ഞാനത്തിനും വിനോദത്തിനും വേണ്ട വിഭവങ്ങൾ ധാരാളമുണ്ട് എല്ലാ ലക്കങ്ങളിലും. 'ഏററവും ആകർഷിച്ച ഗ്രന്ഥം' എന്ന പംക്തിക്കൊരു പുതുമയുണ്ട്. അതു പ്രയോജനപ്രദവുമാണ്. അതുപോലെ ലഘുചിത്രങ്ങൾ എല്ലാ ലക്കങ്ങളിലുമുണ്ടായിരുന്നാൽ നന്ന്. ഉള്ളടക്കംപോലെ ഹൃദ്യമാണ് ഇതിൻെറ ആകൃതിയും പുറംചട്ടയും. 12 ലക്കങ്ങൾ ഒന്നായി ബയണ്ടു ചെയ്താൽ വരിസംഖ്യയേക്കാൾ എത്രയോ കൂടിയ വിലയുള്ള ഒന്നാന്തരമൊരു പുസ്തകമായിരിക്കും ഇത്. ലോകവാണിക്ക് എൻെറ ഹാർദ്ദമായ ആശംസകൾ!

## ശ്രീ. കെ. ഭാസ്കരൻ നായർ

ലോകവാണി, ആദ്യത്തെ ലക്കം മുതൽ, പതിവായി കിട്ടുന്നുണ്ട്. വായിക്കാൻ വകയുള്ള ലേഖനങ്ങൾ അതിൽ കൂടക്കൂടെ കാണാറുണ്ടെന്നു പറയുവാൻ സന്തോഷമുണ്ട്. ഇടയ്ക്കു രണ്ടു മൂന്നു ലക്കങ്ങളിൽ കണ്ട വിനോദചിത്രങ്ങൾ വിനോദമെന്ന നിലയിലും ചിത്രമെന്ന നിലയിലും മോശമായിരുന്നു. 'ശങ്കറി'ൻെറ ചിത്രങ്ങൾ പതിവായി പ്രസിദ്ധപ്പെടുത്തുവാൻ ഏർപ്പാടു ചെയ്താൽ നന്നായിരിക്കും.

ഈ പ്രതിപക്ഷപത്രികയ്ക്കു ഭാവുകം ആശംസിക്കുന്നു.

## ശ്രീ. എസ്സ്. ഗുപ്തൻ നായർ

ഓരോരോ ആദർശസമൂഹത്തെയും ആവിഷ്കരിക്കുവാൻ ശ്രമിക്കുന്ന പത്രങ്ങൾക്കു നിയതമായി ചില നയങ്ങളുണ്ടായിരിക്കുന്നതാണല്ലോ നല്ലത്. എന്നാൽ നമ്മുടെ നാട്ടിൽ കാലംപോലെ കാലു മാറുന്നതാണു പല പത്രങ്ങളുടേയും നയം. സാഹിത്യപ്രധാനമാണു പത്രമെങ്കിൽ നയമേ വേണ്ടാ! തൊമ്മനും ചാണ്ടിയുമൊക്കെ തോന്നിയപാട് അയക്കുന്ന ലേഖനങ്ങളെല്ലാം ഒരുപോലെ അച്ചിലിട്ട് ഇണ്ടു പുറത്തേയ്ക്കിടുകയേ വേണ്ടൂ; മാസികയായി. ഈ പതിവിൽനിന്നു് ഒരു വ്യതിയാനമാണ് 'ലോകവാണി'. അതിന്ന് എപ്പോഴും ഒരു ചിട്ടയുണ്ട്—ഒരടുക്കുണ്ട്. പ്രസാധനത്തെപ്പററി ശുഭകരങ്ങളായ ചില അഭിപ്രായങ്ങൾ അതിൻെറ പത്രാധിപക്കുണ്ടെന്നു ലോകവാണിയുടെ പല പംക്തികളും നമ്മെ അറിയിക്കുന്നു. മുഖലേഖനങ്ങൾക്കു തന്നെ എപ്പോഴും ഒരന്തസ്സുണ്ട്. അവ പത്രാധിപക്കുറിപ്പുകളല്ല, സാഹിത്യ

ഖണ്ഡങ്ങൾ തന്നെയാണു്. ഒന്നേയുള്ളു എനിയ്ക്കു പത്രാധിപരോടപേക്ഷിയ്ക്കാൻ. കേരളകലകളെക്കുറിച്ചു് അല്പംകൂടി ഉത്സാഹം കാണിക്കണമെന്നു്.

## ശ്രീ. എം. ഗോവിന്ദൻ

മനുഷ്യജീവിതത്തിൽ ആറു മാസം നിസ്സാരമായ കാലഘട്ടമാണെങ്കിലും ഒരു പത്രത്തെ സംബന്ധിച്ചിടത്തോളം അങ്ങിനെയല്ല. കഴിഞ്ഞ ആറുമാസക്കാലജീവിതത്തിൽ 'ലോകവാണി'ക്കു പല നേട്ടങ്ങളും കൈവന്നിട്ടുണ്ടു്. പ്രത്യേകിച്ചും ഭാഷാപ്രശ്നങ്ങളെ സംബന്ധിച്ചു് എഴുതപ്പെട്ട ലേഖനങ്ങളും പത്രാധിപക്കുറിപ്പുകളും വിജ്ഞേയങ്ങളായിരുന്നു. ഇക്കാര്യത്തിൽ ഇതര പത്രങ്ങളെക്കാളെല്ലാം തന്നെ മികച്ച സേവനം ലോകവാണി ചെയ്തിട്ടുണ്ടെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല.

'ലേഖകന്മാരെ തൃപ്തിപ്പെടുത്തിയാൽ പത്രം നന്നാവും' എന്നായിരുന്നല്ലോ ലോകവാണി ആദ്യം പരസ്യം ചെയ്തിരുന്നപ്പോൾ പ്രസ്താവിച്ചിരുന്നതു്. അതുകൊണ്ടുതന്നെയായിരിക്കണം മുമ്പൊരിക്കൽ ശ്രീ. എ. ബാലകൃഷ്ണപിള്ള എഴുതിയിരുന്നപോലെ, വ്യക്തിമുദ്രയുള്ള ലേഖകന്മാരുടെ സഹകരണം ലോകവാണിക്കു ലഭിച്ചിട്ടുള്ളതു്. അതോടുകൂടി ആയിരമായിരം വായനക്കാരെയും തൃപ്തിപ്പെടുത്തുന്നു എന്നു വിശ്വസിക്കുന്നു.

കെട്ടിലും മട്ടിലും ഇനിയും പരിഷ്കരിക്കുക, നിവൃത്തിയുള്ള പക്ഷം രണ്ടു ചെറുകഥകൾ കൊടുക്കുക, പുതിയ ചില പംക്തികൾ കൂടെ ചേർക്കുക, കഴിയുമെങ്കിൽ വില ഒന്നു ചുരുക്കുക,— ഇത്രയും ചെയ്യാൻ സാധിക്കുമെങ്കിൽ, 'ലോകവാണി'ക്കു മലയാളി ലോകത്തിന്റെ വാണിയും വക്താവുമാകാൻ കഴിയും.

—:o:—

## രണ്ടു ദേശീയഗാനങ്ങൾ



സംഗീതഭൂഷണ

ജാനമ്മ

റെക്കാർഡ് No. 8894.

1. ജനനി തൻ മോചനം
2. ഹാ! മോഹനമെ

രചയിതാവ്

പി. ഭാസ്ക്കരൻ.

ഹിസ് മാസ്റേറഴ്സ് വോയിസ്



# ലളിതമായ അക്കപ്രശ്നം

നാലു സമ്മാനങ്ങൾ : **12000, 6000, 4000 & 3000 ക.**

| | | | |
|---|---|---|---|
| 5. | 11. | 4. | 14. |
| 10. | 8. | 15. | 1. |
| 16. | 2. | 9. | 7. |
| 3. | 13. | 6. | 12. |

1 മുതൽ 16 വരെയുള്ള അക്കങ്ങൾ (ഒരക്കം ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ചു) കീഴ്പോട്ടും മേല്പോട്ടും കോണോടുകോണായും കൂട്ടിയാൽ ആകെ 34 കിട്ടത്തക്കവണ്ണം കള്ളികൾ പൂരിപ്പിക്കുക. ഒരു മാതൃക ഇതോടു ചേർത്തിരിക്കുന്നു. എത്ര ഉത്തരങ്ങൾ വേണമെങ്കിലും അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കെഴുതുക:

**LUCK & CO.,**
Firm No. 1564 Govt. Regd.
43/12 ESHWARAN KOIL St.,
**Madras-17.**

# ലോകവാണി

വാല്യം 1 15-9-1948 ലക്കം 13

## പ്രസ്താവന

ഇക്കഴിഞ്ഞ ലക്കത്തോടുകൂടി ലോകവാണിക്കു അര വയസ്സു പൂർത്തി ആയിരിക്കുന്നു. ഇതേവരെ ഞങ്ങളുടെ ഉദ്യമത്തെ സോത്സാഹം പ്രോത്സാഹിപ്പിച്ച മാന്യലേഖകരോടും, വായനക്കാരോടും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ. ലോകവാണിയിൽ താല്പര്യം പ്രദർശിപ്പിക്കുന്ന ആളുകളുടെ സംഖ്യ ദിനന്തോറുമെന്നവണ്ണം വദ്ധിച്ചുകൊണ്ടിരിക്കുകയാണു എന്ന പരമാൎത്ഥം തുറന്നു പറയാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്. താമസിയാതെതന്നെ പുരോഗമനപരങ്ങളായുള്ള ചില പരിഷ്കാരങ്ങൾ വരുത്തുന്നതിനു ഞങ്ങൾ തീരുമാനിച്ചിരിക്കുകയുമാണു്. കഴിഞ്ഞ 12ലക്കങ്ങളിലേ പ്രധാന ലേഖനങ്ങളുടെ വിവരം ഈ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നു. ലോകവാണിയുടെ മതിയും ഗതിയും അറിയുന്നതിന്നു അവയിൽ ഒന്നു കണ്ണോടിച്ചു നോക്കിയാൽ മതിയാകുന്നതാണു്. ഇതിലെ മൂന്നുനാലു ലേഖനങ്ങൾ ഇതിനകം മററു പത്രങ്ങൾ അതേപടി പകൎത്തിയിട്ടുണ്ടെന്നു പറയുന്നതും സന്തോഷകരം തന്നെ. മലയാളത്തേയും, മലയാളികളേയും ഈ ചെറിയ തോതിലെങ്കിലും സേവനം ചെയ്യാൻ സാധിച്ചതിൽ ഞങ്ങൾക്കു ചാരിതാൎത്ഥ്യം ഇല്ലാതില്ല. വലിയ പ്രതീക്ഷകളോടുകൂടി ലോകവാണി വീണ്ടും നിങ്ങളേ സമീപിക്കുന്നു. ഹൃദയപൂൎവ്വം അതിനേ അനുഗ്രഹിച്ചാലും!

## സർ ആർച്ച്ബാൾഡ് നൈ

പശ്ചാത്തലം മാറിയിട്ടും വസ്തു മാറാതെ നില്ക്കുന്നതിന്നു രണ്ടുദാഹരണങ്ങൾ നമ്മുടെ രാഷ്ട്രമണ്ഡലത്തിൽ ഉണ്ടായിരുന്നു. ഒരാഴ്ചക്കുമുമ്പു സർ ആൎച്ചി ബാൾഡു നൈ മദ്രാസുഗവൎണ്ണർ ഉദ്യോഗം ഒഴിഞ്ഞപ്പോൾ അതിൽ രണ്ടാമത്തേതും പരിവൎത്തനം ചെയ്തു. ബ്രിട്ടീഷുദ്യോഗസ്ഥപ്രമാണികളുടെ കൂട്ട

ത്തിൽ ഒടുവിൽ ഇന്ത്യവിട്ടുന്നതു നൈയാണ്. അദ്ദേഹം സെപ്തമ്പർ 7-ാനു-ബോംബെ വഴി ബ്രിട്ടനിലേക്കു പോയിക്കഴിഞ്ഞു. എങ്കിലും അദ്ദേഹം മറെറാരുനിലയിൽ– ബ്രിട്ടൻെറ പ്രതിനിധിയായി– ഇന്ത്യയിലേക്കു മടങ്ങി വരുന്നതാണ്.

നൈ അവർകൾക്കു ഈ പുതിയ ഉദ്യോഗം ലഭിച്ചിരിക്കുന്നതു അദ്ദേഹത്തിൻെറ പ്രാപ്തിവിശേഷത്തേയും, ഇന്ത്യൻജനതയോടു ഇടപെടാനുള്ള നയചാതുര്യത്തേയുമാണു തെളിയിക്കുന്നതു്. രണ്ടരവഷത്തോളമാണു ഇദ്ദേഹം മദ്രാസ് ഗവർണ്ണറായി ഉദ്യോഗം നോക്കിയതു്. അതിനകം ഇദ്ദേഹം സാധാരണജനങ്ങളുടെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിന്നും കഴിവതു നന്നാക്കുന്നതിന്നും നല്ലവണ്ണം ശ്രദ്ധിച്ചു എന്നു പറയുന്നതു അതിശയോക്തിയല്ല. ഗവണ്ണറും പത്നിയും സാമൂഹ്യ രംഗങ്ങളിൽ ഏററവും പ്രശോഭിച്ചതിനുള്ള കാരണം ഈ താല്പര്യപ്രകടനമാണ്.അനേകം ഗവണ്ണർമാർ മദ്രാസിൽ ഭരണം നടത്തിയിട്ടുണ്ടു്. പക്ഷെ അവരിൽ ആരുംതന്നെ സാധാരണ ജനങ്ങളുടെ സ്നേഹബഹുമാനങ്ങളെ, നൈ അവർകളെപ്പോലെ, ആജ്ജിച്ചിട്ടില്ല. നൈയ് ഒരു പ്രഭാഷണചതുരനാണ്. ഏതു സ്ഥിഗതികളിലും യോജിച്ചു പോകാൻ തക്ക മനസ്ഥിതി ഉള്ള ഒരു മഹാനുമാണ്. അതുകൊണ്ടാണ് ഭരണപരമായ പശ്ചാത്തലം പാടേ മാറിയിട്ടും അദ്ദേഹത്തിൻെറ സ്ഥാനത്തിനോ പ്രാഭവത്തിനോ യാതൊരു ഹാനിയും തട്ടാതിരുന്നതു്. അദ്ദേഹത്തിൻെറ പുതിയ ജീവിതരംഗത്തിൽ സകല മംഗളങ്ങളും നേരുന്നു.

## മഹമ്മദ് ആലി ജിന്നാ

പാക്കിസ്ഥാൻ ഗവണ്ണർജനറലായിരുന്ന മുഹമ്മദ് ആലി ജിന്നാ ഇക്കഴിഞ്ഞ ശനിയാഴ്ച രാത്രി ഹൃദയസ്തംഭനം മൂലം പെട്ടെന്നു മൃതിയടഞ്ഞു എന്ന വാത്ത തികച്ചും ദുഃഖകരമാണ്. ഇക്കഴിഞ്ഞ രണ്ടുമാസത്തോളം അദ്ദേഹം ശാരീരികമായി അസ്വാസ്ഥ്യത അനുഭവിച്ചിരുന്നുവെങ്കിലും, ക്രമേണ സുഖം പ്രാപിച്ചുവരുന്നതായിട്ടാണ് നാം അറിഞ്ഞിരുന്നതു്. രണ്ടു മാസത്തെ വിശ്രമത്തിനുശേഷം സുഖം തോന്നുകയാൽ ശനിയാഴ്ച വൈകിട്ടു മാത്രമാണ് കറാച്ചിയിൽ അദ്ദേഹം വന്നുചേന്നതു്. യാത്രകഴിഞ്ഞ ഉടനെ ശരീരസ്ഥിതി പെട്ടെന്നു വഷളാകയും അത്യാഹിതം സംഭവിക്കുകയും ചെയ്തു.

പാക്കിസ്ഥാൻ രാഷ്ട്രത്തിൻെറ പിതാവു ജിന്നാ ആണെന്നു പറയുന്നതു ഒട്ടും അതിശയോക്തിയല്ല. 1876-ൽ ക്രിസ്തുമസ് ദിവസം കറാച്ചിയിൽ

വെച്ചാണ അദ്ദേഹം ഭൂജാതനായതു. ഏററവും വിജയകരമായി വിദ്യാഭ്യാസം പൂത്തിയാക്കിയശേഷം അദ്ദേഹം ബോംബയിൽ വക്കീൽപണി ആരംഭിച്ചു. അധികം താമസിയാതെ ജിന്നായുടെ ബുദ്ധിസാമത്ഥ്യവും, തൻേറടവും, സാമൂഹ്യ ഗുണങ്ങളും പൊതുജനങ്ങഠം അറിഞ്ഞു തുടങ്ങി. ആദ്യകാലത്തു അദ്ദേഹം ഇന്ത്യൻനേഷനൽ കോൺഗ്രസ്സിൻെറ ഒരു പ്രധാന പ്രവത്തകനായിരുന്നു. 1906-ൽ മുസ്ലിംലീഗ്ഗുംസംഘടിതമായി എങ്കിലും ജിന്നാ അതിൽ പ്രവേശിച്ചില്ല. 1913-നു ശേഷം അദ്ദേഹം ലീഗിൽ ചേൎന്നു. പിന്നെ മൂന്നു കൊല്ലത്തിനകം (1916) അതിൻെറ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടകയും ചെയ്തു. അദ്ദേഹത്തിൻെറ സംഘടനാപരമായ പ്രവത്തനങ്ങഠക്ക ഒരു ഉത്തമനിർദ്ദേശമാണ ഇന്നത്തെ മുസ്ലിംലീഗ് അല്ലെങ്കിൽ പാക്കിസ്ഥാൻ രാഷ്ട്രം.

കമ്മകുശലനും, ക്ലമ്മബുദ്ധിയും, അസാധാരണ നിയമ പണ്ഡിതനും ആയ ഈ നേതാവിൻെറ നിര്യാണത്തിൽ ഞങ്ങഠം ദുഃഖിക്കുകയും, പാക്കിസ്ഥാൻ രാഷ്ട്രത്തോടു ഹൃദയംഗമമായ സഹതാപം പ്രകടിപ്പിക്കുകയും ചെയ്തു കൊള്ളുന്നു.

## തിരുവോണം

ചിങ്ങമാസത്തിലെ ഓണം മലയാളികഠം ദേശീയോത്സവമായി കൊണ്ടാടുന്നദിനം ആകയാൽ തിരുവോണം ആയി. ഓണത്തെസംബന്ധിച്ചുള്ള ഐതിഹ്യത്തിൽ സത്യമില്ലെങ്കിലും ഉണ്ടെങ്കിലും അതു നമ്മെ ആണ്ടുതോറും ചില കാൎയ്യങ്ങഠം ഓമ്മിപ്പിക്കുന്നുണ്ട്. സമത്വസുന്ദരമായ ഒരു വ്യവസ്ഥിതിയിൽ നിന്നും നാം എത്രമാത്രം അധഃപതിച്ചുവെന്നും, ആ സ്ഥിതികൈവരുത്തുന്നതിന്നും നാം അനവരതം യത്നിക്കേണ്ടതാണെന്നും ഓണം നമ്മെ ഒന്നാമതായി ഓമ്മിപ്പിക്കുന്നു. കേരളീയരെ ഒന്നടങ്കം ബന്ധിക്കുന്ന ഈ മഹോത്സവം ഇക്കാലത്തു വിശേഷി ് ം ഐക്യകേരള സാസ്ഥാപനത്തിന്നു വേണ്ടി നാം എത്രമാത്രം ഉത്സാഹിക്കേണ്ടതാണെന്നു സൂചിപ്പിക്കുന്നുണ്ടു. വലഞ്ഞും മുരഞ്ഞും കഴിയുന്ന ജീവിതത്തിൽ അങ്ങിനെയിരിക്കുമ്പോഠം ഉത്സാഹത്തിൻേറയും ആനന്ദത്തിൻേറയും വേലിയേററം അത്യന്താപേക്ഷിതമാണ. ഉത്സവങ്ങളെ മനഃശാസ്ത്രപരമായ ഒരു ആവശ്യമായിത്തന്നെ ഗണിക്കാവുന്നതാണ. മലയാളികളുടെ ഉത്സവമായ ഓണമാകട്ടെ ഉത്സാഹത്തിൻെറ തിരത്തള്ളലിൽ "മാനുഷരെല്ലാരുമൊന്നുപോലെ" ഓപ്പിക്കുകയും ചെയ്യുന്നു. അതിനാൽ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ഒരു പുതിയ പ്രതിജ്ഞയോടുകൂടി നമുക്ക ഓണത്തെ സ്വാഗതം ചെയ്യാം. ലോകവാണി എല്ലാ വായനക്കാക്കും ആനന്ദകരമായ തിരുവോണം ആശംസിച്ചുകൊള്ളുന്നു.

———

# ലോകാവലോകം

[ രണ്ടാഴ്ചയ്ക്കുള്ളിൽ നടക്കുന്ന പ്രധാന സംഭവങ്ങളെ വിമർശിച്ചു കൊണ്ടു് ഡാക്ടർ പി. സി. അലക്സാണ്ടർ ഈ പംക്തിയിൽ തുടർച്ചയായി എഴുതുന്നതായിരിക്കും—പ.]

ഡാക്ടർ പി. സി. അലക്സാണ്ടർ

## നമ്മുടെ തിരുവിതാംകൂർ

കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ തിരുവിതാംകൂർ നിയമസഭയിൽ നടന്ന ചില പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും, തിരുവിതാംകൂറിൽ എന്നേക്കുമായി നശിച്ചതായി എല്ലാവരും വിശ്വസിച്ചിരുന്ന വർഗ്ഗീയ വൈരം യഥാർത്ഥത്തിൽ നശിച്ചിട്ടില്ല മറഞ്ഞു് കിടക്കുക മാത്രമെ ചെയ്തിട്ടുള്ളുവെന്നു ശരിക്കു വെളിപ്പെടുത്തിയിരിക്കുന്നു. നായരെന്നും കൃസ്ത്യനെന്നും, ഈഴവനെന്നും, മുസ്ലീമെന്നുമുള്ള ഇടുങ്ങിയ ജാതിതാല്പര്യങ്ങളുടെ നൂലാമാലകളിൽ കുരുങ്ങി, കുഴങ്ങിക്കിടന്ന തിരുവിതാംകൂറുകാർക്കു് ഒരു ഐക്യദേശീയമുന്നണി സ്ഥാപിക്കുന്നതിനു അവസരമുണ്ടായതു് സ്റ്റേറ്റുകോൺഗ്രസ്സിന്റെ ആവിർഭാവത്തോടുകൂടെയാണു്. തമ്മിൽ തല്ലിപ്പിച്ചു് ഭരണം നടത്തിക്കൊണ്ടിരുന്ന ഭരണാധികാരികളും, വർഗ്ഗീയവിദ്വേഷം ഇളക്കിവിട്ടു് രാഷ്ട്രീയലാഭം എടുത്തുകൊണ്ടിരുന്ന ചില സ്വാർത്ഥതല്പരന്മാരും ഈ ദേശീയകക്ഷിയുടെ വളർച്ചയും പുരോഗമനവും തടയുന്നതിനും കഴിവതു് ശ്രമിച്ചുവെങ്കിലും അപ്രതിരോധ്യമായ ജനശക്തിക്കു് അവസാനം അവർ കീഴടങ്ങുകയാണു ചെയ്തതു്. കുറതീർന്ന ദേശീയത്വം തിരുവിതാംകൂറിൽ ശാശ്വതമായി സ്ഥാപിതമായെന്നു പലരും സമാശ്വസിച്ചുവെങ്കിലും മാറ്റു കുറഞ്ഞ പല കള്ളനാണയങ്ങളും ഇന്നു് ദേശീയമുദ്രവഹിച്ചു കൊണ്ടു് നടക്കുന്നതായി കാണുന്നു. പള്ളിക്കൂടമെന്നും പള്ളിയെന്നും മറ്റും പറയുമ്പോൾ ഫണമുയർത്തി വിഷം ചീറ്റുന്ന ഈ വർഗ്ഗീയവിഷജന്തുക്കൾ അവരുൾപ്പെട്ടു നില്ക്കുന്ന ദേശീയസംഘടനയ്ക്കു് അവമാനം വരുത്താതെ ഖദറിന്റെ മറയിൽ നിന്നു പുറത്തു വരുന്നപക്ഷം അതു ഒരു വലിയ ദേശസേവനമായിരിക്കും. പത്തു വർഷത്തെ യാതനകളും മർദ്ദനങ്ങളും സഹിച്ചു് ദേശാഭിമാനികളായ അനേകം സാധുക്കളുടെ രക്തം വിലയായിക്കൊടുത്തു വളർത്തിക്കൊണ്ടുവന്ന ഈ ദേശീയൈക്യം ഉള്ളിൽ നിന്നുകൊണ്ടു തകർക്കാനായുള്ള ചില സംരംഭങ്ങളാണു് ഇന്നു തിരുവിതാംകൂറിൽ കാണുന്നതു്. ഇന്നു് പ്രത്യക്ഷമായിരിക്കുന്ന ഈ വർഗ്ഗീയഭിന്നതകൾ മൂടിവെയ്ക്കാൻ തുനിയാതെ രാജ്യത്തിന്റെയും കോൺഗ്രസ്സിന്റെയും ഭാവിയിൽ താല്പര്യമുള്ളവർ അതിന്റെ കാരണങ്ങളേയും കാരണക്കാരെയും നിഷ്കരുണം നിഷ്കാസനം ചെയ്യാനാണു് ശ്രമിക്കേണ്ടതു്. സ്റ്റേറ്റുകോൺഗ്രസ്സ് നേതൃത്വത്തിനു പ

ററിയ ഒരു വലിയ പ്രമാദം കഴിഞ്ഞ കുറെക്കാലമായി വർഗ്ഗീയവാദികളും സ്ഥാപിതതാല്പര്യക്കാരുമായി അഭിമാനകരമല്ലാത്ത ഒരു ഒത്തു തീപ്പിൽ എത്തിച്ചേർന്നുവെന്നുള്ളതാണു്. ബാലററു പെട്ടികളിലെ വിജയത്തിന്നു വേണ്ടിമാത്രം നടത്തിയ ഈ ഒത്തുതീപ്പു് ദേശീയതത്വത്തിന്റെ മാററും മതിപ്പും കുറയ്ക്കുന്നതിന്നു് കാരണമായിട്ടുണ്ടു്. ദേശീയതത്വവേഷവും വർഗ്ഗീയവിഷവും ഒരേസമയം വഹിക്കുന്നവർക്കു് സ്റേററുകോൺഗ്രസ്സിൽ സ്ഥാനമില്ലെന്നു് കാണിച്ചു കൊടുക്കേണ്ട ചുമതല കോൺഗ്രസ്സുഭക്തരായ സാമാന്യ ജനങ്ങൾക്കുള്ളതാണു്. ഒരു കൈപ്പത്തി വലിപ്പത്തിൽ മാത്രം പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ മഹാവിപത്തു് വർദ്ധിച്ചു് തിരുവിതാംകൂർ രാഷ്ട്രീയ മണ്ഡലത്തെ മുഴുവൻ ആവരണം ചെയ്യാതിരിപ്പാൻ ഇപ്പോഴെ സകലരും കരുതേണ്ടതാണു്.

* * *

## ഏഷ്യാഖണ്ഡത്തിൽ ചെങ്കൊടി.

രണ്ടാം മഹായുദ്ധത്തിന്നുശേഷം കമ്മ്യൂണിസ്റ്റാദർശങ്ങൾക്കു് ലോകത്തിലെവിടേയും ലഭിച്ചുകൊണ്ടിരിക്കുന്ന പ്രചാരം ആരേയും അത്ഭുതപ്പെടുത്തുന്നതാണു്. ഹിററ്ലറുമായുള്ള സംഘട്ടനംകൊണ്ടു് സകലശക്തിയും നശിച്ച റഷ്യ ഒരു മഹൽശ്ശക്തിയായി വീണ്ടും ഉയരുകയില്ലെന്നും, റഷ്യയുടെ സാമ്പത്തിക ക്രമീകരണത്തിന്നു അനേക വർഷങ്ങൾ വേണ്ടിവരുമെന്നും പ്രവചിച്ചിരുന്നവർക്കെല്ലാം ഇന്നത്തെ റഷ്യയുടെ ശീഘ്രമായ പുനരുത്ഥാനവും പുരോഗമനവും ഒരു വലിയ അത്ഭുതമായിത്തീർന്നിരിക്കുകയാണു്. ഫാസിസത്തെ തകർക്കുന്നതിനായുള്ള ശ്രമത്തിൽ വിളുത്തു വെളുക്കത്തക്കരീതിയിൽ രക്തം ചൊരിയേണ്ടതായി വന്നെങ്കിലും ഇത്രയും വേഗം റഷ്യ പുനസ്സംഘടിക്കപ്പെട്ടുവെന്നുള്ളതു് റഷ്യ അംഗീകരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിന്റെ ഒരു വിജയമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. റഷ്യയുടെ ഉദാഹരണം യൂറോപ്പിലെ പല രാജ്യങ്ങൾക്കും ഒരു പ്രചോദനമായിരുന്നു. യുദ്ധം മുഖാന്തിരമുണ്ടായ സാമ്പത്തിക--രാഷ്ട്രീയ പ്രശ്നങ്ങൾക്കു പരിഹാരമായി കമ്മ്യൂണിസം സ്വീകരിച്ച രാജ്യങ്ങൾ യൂറോപ്പിൽ ഇന്നു അനവധിയുണ്ടു്. പോളണ്ടു്, ഹംഗറി, യൂഗസ്ലോവിയ, ചെക്കസ്ലോവേക്യ മുതലായ രാജ്യങ്ങൾ കമ്മ്യൂണിസ്റ്റ് സിദ്ധാന്തം സ്വീകരിക്കുകയും, ഇററലി, ഫ്രാൻസ് മുതലായ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് കക്ഷികൾ പൂർവ്വാധികം ശക്തിപ്പെടുകയും ചെയ്തുവെന്നുള്ളതു് യുദ്ധാനന്തര ചരിത്രത്തിലെ അതിപ്രധാനങ്ങളായ സംഭവങ്ങളാണു്.

യൂറോപ്പിൽ കമ്മ്യൂണിസത്തിന്നു ലഭിച്ച വലിയ വിജയം ഏഷ്യാഖണ്ഡത്തിലെ കമ്മ്യൂണിസ്റ്റ് പ്രചാരത്തെ സാരമായി സഹായിച്ചിട്ടുണ്ടു്. അനേക വർഷങ്ങളായി ചൈനയിൽ നടന്നു കൊണ്ടിരുന്ന ആഭ്യന്തരയുദ്ധം ഇപ്പോൾ ഒരു പുതിയഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണു്. അമേരിക്കയുടെ സഹായമുണ്ടെങ്കിലും കമ്മ്യൂണിസ്റ്റുകാർക്കെതിരായി ചിയാങ്ങ് കൈഷക്കിന്റെ ഗവർമ്മെണ്ടിനു് എത്രനാൾ പടവെട്ടിനില്ക്കാൻ സാധിക്കുമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ചൈനയിലെ കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തന പരിപാടി ഏഷ്യയിലെ ഈ രാജ്യങ്ങൾക്കു ഒരു മാതൃകയായിത്തീ

ന്നിരിക്കുന്നതു പോലെ തോന്നുന്നു. കൊറിയയിൽ പകുതിഭാഗം കമ്മ്യൂണിസ്റ്റുകാരുടെ കയ്യിലാണ്. മലയാ ദ്വീപുകളിൽ സുശക്തമായി ഒരു കമ്മ്യൂണിസ്റ്റ്–ബ്രിട്ടീഷ് സംഘട്ടനം നടന്നു കൊണ്ടിരിക്കുന്നു. നമ്മുടെ അയൽദേശമായ ബർമ്മയിലും ചുവപ്പു കൊടിക്കുവേണ്ടി കമ്മ്യൂണിസ്റ്റുകാർ ആയുധമെടുത്തിരിക്കുന്നു. ഈ രാജ്യങ്ങളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റു വിപ്ലവസമരങ്ങൾ എങ്ങനെ അവസാനിക്കുമെന്നു തല്ക്കാലം പ്രവചിക്കുവാൻ സാദ്ധ്യമല്ല. പക്ഷെ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഏഷ്യാഖണ്ഡത്തിനുമീതെ ഉയർന്നിരിക്കുന്ന ഈ ചെങ്കൊടി ഒരു മുന്നറിയിപ്പാണ്. ചൈന, ബർമ്മ, മലയാ മുതലായ സ്ഥലങ്ങളിൽ കമ്മ്യൂണിസം ശക്തിപ്പെടുന്നതിനു് കാരണമായ സാഹചര്യങ്ങൾ ഇന്ത്യയിലും ഉണ്ടെന്നുള്ളതു് പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസമെന്ന പേരുകേൾക്കുമ്പോൾ ശാപവർഷം ചൊരിയുന്ന മതവൈരാഗികളും, കമ്മ്യൂണിസത്തെ നേരിടേണ്ടതു് "വലിയവടി"കൊണ്ടാണെന്നു് ഉൽഘോഷിക്കുന്ന മുതലാളിപ്രഭുക്കന്മാരുമാണ് യഥാർത്ഥത്തിൽ ഇന്ത്യയിൽ കമ്മ്യൂണിസത്തിനു ശക്തികൂട്ടുന്നതു്. വെടിയുണ്ടകൊണ്ടും ലാത്തികൊണ്ടും കമ്മ്യൂണിസത്തെ തോല്പിക്കാമെന്നു വിചാരിക്കുന്നതു തേൻകട്ടകൾ കൊണ്ടു തേനീച്ചകളോടു യുദ്ധം ചെയ്യുന്നതുപോലെയാണു. കമ്മ്യൂണിസത്തിൻെറ വളച്ചക്കു ഏറ്റവും ഉപകരിക്കുന്നതു ഈ വെടിയും അടിയുമാണു. ഉൽപാദനത്തിൻെറ കുറവു, ഉൽപന്നങ്ങളുടെ വിലക്കൂടുതൽ, വർദ്ധിച്ചുകൊണ്ടിരിക്കുന്ന വേലക്കൂലി, നാണയപ്പെരുപ്പം മുതലായ സാമ്പത്തികപ്രശ്നങ്ങൾക്കു ഉടനടി പരിഹാരമുണ്ടാക്കി സോഷ്യലിസ്റ്റടിസ്ഥാനത്തിന്മേൽ ക്രമീകൃതമായ ഒരു സാമ്പത്തികനയം സ്വീകരിക്കാതെ കമ്മ്യൂണിസത്തെ നേരിടുന്നതിനു നമുക്കു സാധിക്കുകയില്ല. സാമ്പത്തിക മായ കുഴപ്പങ്ങൾ വർദ്ധിച്ചു പട്ടിണിയും ദാരിദ്ര്യവും ദുരിതവുംനടമാടുമ്പോൾ ജനങ്ങൾ താനെ കമ്മ്യൂണിസത്തിൽ അഭയം തേടുമെന്നു അനുഭവം കൊണ്ടു അറിയാവുന്ന കമ്മ്യൂണിസ്റ്റുകാർ അങ്ങിനെയുള്ള സഹചര്യങ്ങൾ കാണുമ്പോൾ അടങ്ങിയിരിക്കുകയില്ല; അങ്ങനെയുള്ള സഹചര്യങ്ങൾ സൃഷ്ടിക്കാനും അവർ തല്പരരാണു. കമ്മ്യൂണിസത്തെ എതിർക്കുന്നതിനു ഏററവും പററിയമാർഗ്ഗം ഈ രീതിയിലുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുകയെന്നതാണു. അതായതു കമ്മ്യൂണിസത്തിൻെറ നല്ല വശങ്ങൾ സ്വീകരിക്കുകയെന്നതു തന്നെയാണു കമ്മ്യൂണിസത്തെ നേരിടാനുള്ളഏററവും വിജയകരമായ വഴിയെന്നു ഇംഗ്ലണ്ടിൻെറ ഇന്നത്തെ ചരിത്രംതെളിയിക്കുന്നു. യുദ്ധാനന്തരം ഇംഗ്ലണ്ടു് നേരിടേണ്ടതായിവന്ന കുഴഞ്ഞ സാമ്പത്തിക പ്രശ്നങ്ങൾ കമ്മ്യൂണിസത്തിലേക്കു ഇംഗ്ലണ്ടിനെ വലിച്ചുകൊണ്ടു പോകാതിരിക്കുന്നുവെങ്കിൽ ഇംഗ്ലണ്ടു സ്വീകരിച്ചിരിക്കുന്ന സോഷ്യലിസ്റ്റുനയമാണു അതിൻെറ ഒരു പ്രധാനകാരണം. ചൈനയിലെ ചരിത്രം പുണ്യഭൂമിയായ ഭാരതത്തിൽ ആവർത്തിക്കപ്പെടാതിരിക്കണമെങ്കിൽ ചൈനയും, മലയായും, ബർമ്മയും നമുക്കു് ഒരു മുന്നറിയിപ്പായിരിക്കട്ടെ.

—*—

# എന്നെ ഏററവും ആകർഷിച്ച ഗ്രന്ഥം

കുററിപ്പുഴ കൃഷ്ണപിള്ള

പ്രിയപ്പെട്ട പത്രാധിപരെ,

എന്നെ ഏററവും അധികം ആകർഷിച്ച ഗ്രന്ഥം ഏതെന്നു് നിങ്ങൾ ചോദിച്ചുതുടങ്ങിയിട്ടു നാൾ കുറെയായി. മറുപടി അയക്കാൻ ഇതുവരെ സമയം കിട്ടിയില്ല. ഇപ്പോൾ ചിലതു കുത്തിക്കുറിക്കാമെന്നു വിചാരിക്കുന്നു. പക്ഷെ എഴുതാൻ തുടങ്ങിയപ്പോളാണു ചോദ്യത്തിൻെറ വൈഷമ്യം വെളിപ്പെട്ടതു്. ഈ ചോദ്യത്തിനു മൊത്തത്തിലൊരു ഉത്തരം എങ്ങിനെ പറയാം? അങ്ങിനെയൊരു ഗ്രന്ഥമുണ്ടാകുമോ, ഒരാളെ ഏററവുമധികം ആകർഷിച്ചതായിട്ടു്? ഒരുവനെ പല ഗ്രന്ഥങ്ങളും ആകർഷിച്ചിരിക്കയില്ലെ? അവയിൽ സർവ്വപ്രകാരേണ സർവ്വോപരി ആകർഷകമായിട്ടൊന്നു് എടുത്തു പറവാൻ സാധ്യമാണോ? പറഞ്ഞാൽ ശരിയാകുമോ? നാനാവിഷയങ്ങളെ സംബന്ധിച്ചവയാണല്ലോ ഗ്രന്ഥങ്ങൾ. ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തിൽ ഏതു ഗ്രന്ഥമെന്നു ചോദിച്ചാൽ കഷ്ടിച്ചു് മറുപടി പറയാമെന്നു തോന്നുന്നു. അതിലുമുണ്ടു് വൈഷമ്യം. മതം, ശാസ്ത്രം, സാഹിത്യം മുതലായ വിഷയങ്ങൾ തന്നെ ബഹുശാഖകളല്ലെ? ഓരോന്നിലും പ്രത്യേക മെച്ചം നേടിയിട്ടുള്ള പുസ്തകങ്ങളുണ്ടാകും. ഓരോന്നും ഓരോ പ്രത്യേക നിലയിൽ ആകർഷകമായിരിക്കും. ഈ പ്രത്യേക പ്രാധാന്യം തള്ളിക്കളഞ്ഞിട്ടു സർവ്വപ്രാധാന്യം ഒരു പുസ്തകത്തിനു കൊടുക്കുന്നതെങ്ങിനെ? അനുഭവം അതിനു സമ്മതിക്കുന്നില്ല. അതാണു വിഷമം. ഇനി വേറൊരു സംശയം— ഒരാൾ പത്തു കൊല്ലം മുമ്പു് ഒരു ഗ്രന്ഥം ഏററവും ആകർഷകമായി കരുതിയെന്നു വിചാരിക്കുക. കുറെ കാലത്തേക്കു് അയാൾക്കു് അതായിരുന്നു സർവ്വോൽകൃഷ്ടമായ ഗ്രന്ഥം. എന്നാൽ ഇന്നു് അയാൾ അതു് അനാകർഷകമായി തള്ളി വേറൊന്നു തൽസ്ഥാനത്തു സ്വീകരിച്ചിരിക്കുന്നു. അപ്പോൾ ഏതു ഗ്രന്ഥത്തെപ്പററിയാണു് അയാളെഴുതേണ്ടതു്? ഇന്നു് ആ പഴയ ഗ്രന്ഥത്തിനു പ്രാധാന്യമില്ലെങ്കിലും കുറെ കാലത്തേക്കു അതു് അയാളെ രസിപ്പിച്ചതല്ലെ? അതിപ്പോൾ അനാകർഷകമായതു അയാളുടെ കുററം കൊണ്ടോ, ഗ്രന്ഥത്തിൻെറ കുററം കൊണ്ടോ? വിജ്ഞാനമാർഗ്ഗത്തിൽ മുന്നോട്ടും പിന്നോട്ടും പോകുന്നവനല്ലെ മനുഷ്യൻ? ഒരു ഗതിയും ഇല്ലാതെ ഒരിടത്തുതന്നെ കുററി തറച്ചപോലെ

നിൽക്കാനും അവൻ ശീലിച്ചിട്ടുണ്ടല്ലോ. മനുഷ്യന്റെ അറിവ്, പ്രായം, ചിന്താരീതി, ജീവിതാവലോകനം മുതലായവ മാറിക്കൊണ്ടിരിക്കുന്നതനുസരിച്ചു ഗ്രന്ഥാകർഷണവും മാറിക്കൊണ്ടിരിക്കും. ചുരുക്കത്തിൽ ഗ്രന്ഥങ്ങളെപ്പററി താരതമ്യേന പരിഗണിക്കാനേ സാദ്ധ്യമാകുന്നുള്ളു.

ഇത്രയൊക്കെ നിഷ്കർഷിച്ചിട്ടൊരു മറുപടി പറയണമെന്നു പത്രാധിപർക്കും നിർബ്ബന്ധമില്ലെന്നു തോന്നുന്നു. ഏതായാലും ചോദ്യം ചോദിച്ച സ്ഥിതിക്കു് ഗ്രന്ഥപരിചയത്തെ സംബന്ധിച്ച് എന്തെങ്കിലും പറയാമെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

ആദ്യകാലത്തു് ഞാനൊരു ആശയവാദി (Idealist) ആയിരുന്നു.

ഈശ്വരഭക്തിയിലും വേദാന്തത്തിലും മുഴുകി അങ്ങിനെ കഴിഞ്ഞുകൂടി. അന്നു് ഏററവും ഇഷ്ടപ്പെട്ട ഒരു ഗ്രന്ഥമാണു ഭഗവദ്ഗീത. ദിവസംതോറും പ്രാതഃസ്നാനം കഴിഞ്ഞു ഗീതപാരായണം ചെയ്യുകയെന്നതു് ഒരു ദൃഢവ്രതമായിരുന്നു. അതിലെ ശ്ലോകങ്ങൾ മുഴുവൻ കാണാപ്പാഠമായി. അത്രത്തോളമോ അതിൽ കൂടുതലോ എന്നെ അക്കാലത്തു് ആകർഷിച്ച വേറെ കുറെ ഗ്രന്ഥങ്ങളുണ്ട്—സ്വാമി വിവേകാനന്ദന്റെ കൃതികൾ. ഭക്തിജ്ഞാനകർമ്മയോഗങ്ങളെ സംബന്ധിച്ചുള്ള സ്വാമികളുടെ ഗ്രന്ഥങ്ങൾ എന്നെ എത്രമാത്രം വശീകരിച്ചുവെന്നു പറഞ്ഞറിയിക്കുക വയ്യ. അത്ര വലിയ ഭ്രമമായിരുന്നു എനിക്കവയിൽ. വിവേകാനന്ദനെക്കാൾ കവിഞ്ഞ ഒരു പണ്ഡിതനേയും ഞാൻ അന്നു കണ്ടിരുന്നില്ല. അദ്ദേഹത്തിന്റെ ഗംഭീരസുന്ദരരൂപം ധ്യാനിച്ച് ഞാൻ കോൾമയിർക്കൊണ്ടിട്ടുണ്ട്. പാശ്ചാത്യപൌരസ്ത്യ ശിഷ്യന്മാർ പലരും ചേർന്നെഴുതിയിട്ടുള്ള അദ്ദേഹത്തിന്റെ ജീവചരിത്രം— വമ്പിച്ച നാലഞ്ചു വാല്യങ്ങൾ— വായിച്ച് ഞാൻ കരഞ്ഞിട്ടുണ്ട്. അക്കാലത്തു ഞാനെന്തെഴുതിയാലും അതിൽ വിവേകാനന്ദവാക്യങ്ങൾ കടന്നുകൂടും. സകലത്തിനും പ്രമാണം വിവേകാനന്ദൻ! ആയിടയ്ക്കു് ഞാനെഴുതി മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ ഇപ്പോളെടുത്തു നോക്കുമ്പോൾ നാണം തോന്നുന്നു. അത്രമാത്രം ശബ്ദജാലജടിലങ്ങളും അവ്യക്താശയങ്ങളും വികലവാദങ്ങളും ആയിട്ടാണ് അവയെല്ലാം ഇപ്പോഴത്തെ നോട്ടത്തിൽ കാണുന്നതു്. അന്നത്തെ അഭിരുചിക്കു ചേരുന്ന അനവധി ഗ്രന്ഥങ്ങൾ ഞാൻവായിച്ചുകൂട്ടി. ഉപനിഷത്തും ശങ്കരഭാഷ്യവും പഠിച്ചു. അദ്വൈതത്തിനപ്പുറം ഒരു സിദ്ധാന്തവുമില്ലെന്ന ബോധം ഉറയ്ക്കുകയും ചെയ്തു. ഇങ്ങിനെ കുറെ കൊല്ലങ്ങൾ കഴിഞ്ഞപ്പോളാണു ഡാർവിന്റെ പരിണാമസിദ്ധാന്തം പഠിക്കുവാനിടയായതു്. എന്റെ വീക്ഷണഗതിയിൽ ആദ്യമായി ഒരു സമൂലപരിവർത്തനം വരുത്തിയതു് പ്രസ്തുത സിദ്ധാന്തമാണ്. വേദാന്തധൂമപടലത്തിൽക്കൂടെ ഞാൻ കണ്ണു കാണാതെ സഞ്ചരിക്കയായിരുന്നു എന്ന പരമാർത്ഥം അന്നെനിക്കു മനസ്സിലായി. തൽഫലമായി, ശാസ്ത്രീയവും യുക്തിവാദപരവുമായ ഗ്രന്ഥങ്ങൾ ധാരാളം വായിക്കാൻ തുടങ്ങി. എച്ച്. ജി. വെത്സിന്റെ മേൽനോട്ടത്തിൽ അനേകം ശാസ്ത്രജ്ഞർ ചേർന്നെഴുതിയിട്ടുള്ള "സയൻസ് അഫ് ലൈഫ്" (Science of Life) ഒൻപതു വാല്യങ്ങൾ ഞാൻ നിഷ്കർഷയോടെ പഠിച്ചു. ഒരു ശാസ്ത്രീയമനോഭാവത്തിനു

അടിത്തറ കെട്ടിയതു് ആ വാല്യങ്ങളാണു്. വെത്സിൻെറ Out line of World History, Work Wealth and Happiness of Mankind മുതലായ ഗ്രന്ഥങ്ങളും എന്നെ വളരെ സഹായിച്ചു.

ആയിടക്കു് ഞാൻ ഏററവും അധികം ഇഷ്ടപ്പെട്ടിരുന്ന ഗ്രന്ഥകാരനാണു ബർടാൻഡു് റസ്സൽ. അദ്ദേഹത്തിൻെറ യുക്തിവാദമനോഭാവം എന്നെ ഒട്ടധികം ആകഷിച്ചു. ഞാൻ "മാർക്സിസം" പഠിക്കാൻ തുടങ്ങിയതു് ഇത്രയും കഴിഞ്ഞതിനു ശേഷമാണു്. കാറൽ മാർക്സു്, എംഗൽസ്, ലെനിൻ ഈ ഗ്രന്ഥകാരന്മാരെപ്പോലെ എൻെറ വിജ്ഞാനമാർഗ്ഗത്തിൽ വെളിച്ചം വീശിയിട്ടുള്ള മററാരാളേയും ഇന്നു ഞാൻ കാണുന്നില്ല. ഇവരോടു താരതമ്യപ്പെടുത്തുമ്പോൾ എനിക്കിതുവരെ പരിചിതരായ മററു ഗ്രന്ഥകാരന്മാരെല്ലാം ഒരു പടി താഴെ മാത്രമേ നില്ക്കുന്നുള്ളു. ഒരു പക്ഷെ എൻെറ നോട്ടക്കേടു കൊണ്ടാകാം ഇങ്ങിനെ തോന്നുന്നതു്. എന്തെങ്കിലുമാകട്ടെ, എൻെറ അനുഭവം അതാണു്. "മാർക്സിസം" വിജ്ഞാനശ്രേണിയുടെ പരമോന്നതപടിയാണെന്നോ അതിനപ്പുറം ഒന്നുമില്ലെന്നോ ഞാൻ പറയുന്നില്ല. അങ്ങിനെ അതിർത്തി കല്പിക്കുന്നതു വിഡ്ഢിത്തമാണെന്നു മാർക്സിസം തന്നെ നമ്മെ പഠിപ്പിക്കുന്നുണ്ടു്. പക്ഷെ ജീവിതത്തെ സമഗ്രമായി വീക്ഷിച്ചു് സ്വതന്ത്രമായി ചിന്തിക്കുന്നവർക്കു പ്രസ്തുത സിദ്ധാന്തം താരതമ്യേന കൂടുതൽ സ്വീകാരയോഗ്യമെന്നു പറയേണ്ടിവരും. "മാർക്സിസ"ത്തിൻെറ വെളിച്ചത്തിൽ പുറകോട്ടു നോക്കുമ്പോളാണു് അതുവരെ ആരാധ്യനായി കരുതിയിരുന്ന ഓരോ ഗ്രന്ഥകാരൻെറയും തനിനിറം മനസ്സിലാകുന്നതു്. മഹാത്മാ ഗാന്ധിയുടെ ഗ്രന്ഥങ്ങളെ പണ്ടത്തെപ്പോലെ വിലമതിക്കുവാൻ ഇന്നെനിക്കു സാധിക്കുന്നില്ല. ജവഹർലാലിനെപ്പററി ഞാൻ വളരെ പ്രശംസിച്ചെഴുതിയിട്ടുണ്ടു്. അദ്ദേഹം പറയുന്നതെല്ലാം ഒരു ചാതകതൃഷ്ണയോടെ ഞാൻ ഉററു നോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ആത്മകഥാകഥനവും ലോകചരിത്രവും (Glimpses of World History) വിശ്വസാഹിത്യത്തിലെ വില പിടിച്ച രണ്ടു ഗ്രന്ഥങ്ങളായി ഇന്നും ഞാൻ ഗണിക്കുന്നുണ്ടു്. പക്ഷെ എല്ലാവരും സ്തുതിക്കുന്ന ആ ഒടുവിലത്തെ ഗ്രന്ഥമുണ്ടല്ലോ– Discovery of India അതു ജവഹർലാലിൻെറ ഒരു പരാജയമായിട്ടേ എനിക്കു തോന്നുന്നുള്ളു. ആവർത്തനം കൊണ്ടു വൃഥാ സ്ഥൂലമായിപ്പോയ ആ ഗ്രന്ഥത്തിൻെറ മൂന്നിൽ ഒരു ഭാഗം വെട്ടിക്കളഞ്ഞാലും അതിനൊരു ഹാനിയും വരുന്നതല്ല. അതുവരെ നാം കണ്ട ജവഹർലാലിനെയല്ല അതിൽ കാണുന്നതു്. ആവേശഭരിതനായി അതെഴുതാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിൻെറ ശാസ്ത്രീയ മനോഭാവത്തിനുലച്ചൽ തട്ടി. പഴയ ജവഹർ ആദ്യത്തെ രണ്ടു ഗ്രന്ഥങ്ങളോടൊന്നിച്ചു് നമ്മോടു യാത്ര പറഞ്ഞു പിരിഞ്ഞിരിക്കുന്നു. ഇങ്ങിനെ ഗ്രന്ഥങ്ങളെപ്പററി പറയാൻ തുടങ്ങിയാൽ അവസാനിക്കില്ല. ഇപ്പോൾ തന്നെ പത്രാധിപർസാറിനു് മുഷിഞ്ഞിട്ടുണ്ടാകും– നിർത്തട്ടെ.

—— : ——

# പരജീവിസസ്യങ്ങൾ

കെ. ദാമോദരൻ തമ്പാൻ എം. എസ്സ്. സി.


സസ്യങ്ങൾ സാധാരണയായി സ്വതന്ത്രജീവികളാകുന്നു. മണ്ണിൽ നിന്നും വായുവിൽനിന്നും അവ സംഭരിക്കുന്ന പലതരം ഭക്ഷണപദാർത്ഥങ്ങളെ സൂര്യരശ്മിയുടെയും, വായുവിലുള്ള അംഗാരാമ്ലത്തിൻെറയും സഹായത്താൽ സംശ്ലേഷിപ്പിക്കുന്നു. ഇങ്ങനെ സസ്യങ്ങളാൽ തന്നെ സംശ്ലേഷിപ്പിച്ചു നിർമ്മിക്കപ്പെട്ട ഭക്ഷണസാധനങ്ങളെയാണ് അവയുടെ വളർച്ചക്കും മററും ക്രമേണ ഉപയോഗപ്പെടുത്തുന്നത്. ഈ ഒരു സംശ്ലേഷണശക്തി സസ്യങ്ങളിലല്ലാതെ മററൊരു ജീവികളിലും കാണ്മാൻ കഴിയുന്നതല്ല.

എന്നാൽ ഈ സാമാന്യ തത്വം എല്ലാ സസ്യങ്ങളെയും ബാധിക്കുന്ന ഒന്നല്ലെന്നു ദുർല്ലഭം ചിലവയുടെ ജീവിതരഹസ്യം നോക്കിയാൽ അറിയാവുന്നതാണ്. ചില സസ്യങ്ങൾ ഭൂമിയുമായുള്ള ബന്ധം തീരെ കൈവിട്ട്, മണ്ണിൽനിന്നു ഭക്ഷണപദാർത്ഥങ്ങൾ സംഭരിക്കുവാൻ യാതൊരു വഴിയും ഇല്ലാത്ത നിലയിൽ മററു സസ്യങ്ങളിന്മേൽ ജീവിക്കുന്നതായാണു കാണുന്നത്. ഇങ്ങനെ തങ്ങളുടെ ഭക്ഷണപദാർത്ഥങ്ങൾക്കായി അന്യ വൃക്ഷങ്ങളിൽ പററിപ്പിടിച്ച് ഉപജീവനം കഴിക്കുന്ന സസ്യങ്ങളെയാണ് പരജീവിസസ്യങ്ങൾ (Parasites) എന്നു പറയുക. അതിഥി(Parasite) തനിക്കു വേണ്ട ഭക്ഷണസാധനങ്ങൾ ആതിഥേയ (Host) നിൽ നിന്നാണു സംഭരിക്കുന്നത്.

മാവ്, പ്ലാവ്, പുളി മുതലായ അനവധി വൃക്ഷങ്ങൾ കേരളത്തിൽ എവിടെയും ഉണ്ടല്ലൊ. അവയുടെ കൊമ്പിന്മേൽ അവിടവിടെയായി കൂട്ടം കൂട്ടമായി പച്ച നിറത്തിലുള്ള ഇലകൾ നിൽക്കുന്നതു കാണാം. സൂക്ഷ്മപരിശോധനയിൽ ഈ ഇലക്കൂട്ടങ്ങൾക്ക് അവയുടെ ആശ്രയമായ വൃക്ഷത്തിൻെറ ഇലകളുടെ ആകൃതിയല്ലെന്നു കാണുമ്പോൾ നാം അത്ഭുതപ്പെടുന്നു. ഈ ഇലക്കൂട്ടങ്ങൾ പരജീവിസസ്യങ്ങളുടേതാകുന്നു.

ഇത്തിക്കണ്ണി (Loranthus) എന്നൊരു ചെടി നാം ഈ പ്രദേശങ്ങളിൽ സാധാരണയായി കാണാറുണ്ടല്ലൊ. മററു വൃക്ഷങ്ങളുടെ കൊമ്പുകളിന്മേൽ വളരുന്ന ഈ ചെടിയുടെ ജീവിതരഹസ്യം എവക്കും അത്ഭുതാവഹമായിരിക്കും. ഈ പരജീവിസസ്യത്തിൻെറ വേരുകൾ പ്രത്യേക രീതിയിലുള്ളവയാകുന്നു ഈ വേരുകൾക്ക് അന്തർധാവരുഹം (suckers) എന്നാണു പേർ. ഈ വേരുകൾ ആതിഥേയ (host) ൻെറ ഏതെങ്കിലും ഒരു കൊമ്പിനുള്ളിൽ പ്രവേശിക്കുന്നു. ഇങ്ങനെ വളർച്ച തുടൻ പോയി അവസാനം ആതിഥേയൻെറ മർമ്മമാകുന്ന ചില കലകളിൽ പ്രവേശിക്കുകയും ആ പ്രദേശങ്ങളിൽനിന്നു തങ്ങൾക്കു

വേണ്ടുന്ന ഭക്ഷണസാധനങ്ങൾ ഭഗ്ഗിക്കുകയും ചെയ്യുന്നു.





Transverse sections of Cuscuta showing their relationship.

A – Cuscuta.
B – Host.
X – Vascular bundle of Parasite.
P – Suckers.
R – Vascular bundle of Host.

ആതിഥേയ വൃക്ഷത്തിന്റെ വേരുകൾ ഭൂമിയിൽനിന്നു് ആഗിരണം ചെയ്ത ഭക്ഷണപദാർത്ഥങ്ങൾ ദ്രാവകരൂപേണ ചില പ്രത്യേക വഴികളിൽക്കൂടിയാണു് അതിന്റെ കൊമ്പുകളിലും, ഇലകളിലും ചെന്നുചേരുന്നതു്. ഇത്തിക്കണ്ണിയുടെ അന്തർധാവരുഹം ഈ ദ്രാവകപദാർത്ഥം ഒഴുകുന്ന കുഴലുകളിൽ പ്രവേശിക്കുകയും ദ്രാവകം ഭക്ഷിക്കുകയും ചെയ്യുന്നു.

ഈ ചെടിക്കു കൊമ്പുകളും ഇലകളും ധാരാളമായി കാണാം. ദ്രാവകരൂപത്തിൽ ഭഗ്ഗിച്ചെടുക്കുന്ന ഭക്ഷണം കൊമ്പുകളിൽക്കൂടി ഇലകളിൽ പ്രവേശിക്കുകയും അവിടെവെച്ചു് സൂര്യപ്രകാശത്തിന്റേയും, വായുവിലുള്ള അംഗാരാമ്ലത്തിന്റേയും സഹായത്താൽ ജൈവഭക്ഷണസാധനമായി (Organic food substance) മാറുകയും ചെയ്യുന്നു. ഇങ്ങിനെയാണു് ഇത്തിക്കണ്ണിയുടെ വളച്ച്. ഇതിന്റെ പഴം സ്വാദുള്ളതാകയാൽ പക്ഷികൾ സാധാരണയായി ഭക്ഷിക്കുന്നു. പഴത്തിനുള്ളിലുള്ള വിത്തു് അവയുടെ വയററിൽനിന്നു് മലവിസർജ്ജനവേളയിൽ പുറത്തു വരികയും വൃക്ഷങ്ങളുടെ കൊമ്പുകളിൽ കിടന്നു മുളക്കുകയും ചെയ്യുന്നു.




Longitudinal section of Loranthus with the host plant showing the suckers in the Host.

A - Loranthus, B - Host, P - Suckers,

Viscum-(വിസ്കം) എന്നതു് മറെറാരു പരജീവിസസ്യമാകുന്നു. ലോറാൻതസ്സ് എന്ന ചെടിയെപ്പോലെതന്നെയാണ് ഇതിൻെറയും വളർച്ച. പച്ചനിറത്തിലുള്ള പുഷ്പങ്ങളിൽനിന്നുത്ഭവിക്കുന്ന പഴങ്ങൾ പക്ഷികൾ ഭക്ഷിക്കുകയും ഇങ്ങിനെ വിത്തു മററു വൃക്ഷങ്ങളിന്മേൽ ചെന്നു ചേരുകയും ചെയ്യുന്നു. ഇതുപോലെതന്നെയാണ് സാധാരണയായി സിലോണിൽ മാത്രം കണ്ടുവരുന്ന Notothixos (നോട്ടോത്തിക്സോസ്) എന്ന മറെറാരു പരജീവിസസ്യവും.




Cuscuta growing on a host plant.

F - Flower.
C - Cuscuta.
H - Host.

മേൽ വിവരിച്ച പരജീവിസസ്യങ്ങളെല്ലാം ദ്രാവകരൂപേണ ആതിഥേയനിൽ നിന്നെടുക്കുന്ന, ഭക്ഷണപദാർത്ഥങ്ങളെ ഇലകളുടെ സഹായത്താൽ ജൈവഭക്ഷണസാധനമായി മാററുന്നുണ്ടെന്നു നാം കണ്ടുവല്ലോ. അത്തരം സസ്യങ്ങൾക്കെല്ലാം അല്പ പരജീവിസസ്യങ്ങൾ (Partial parasites) എന്നാണു പേർ. മററു വൃക്ഷങ്ങളുടെ കൊമ്പുകളിന്മേൽ ഉണ്ടാകുന്നതുപോലെതന്നെ, ചിലപ്പോൾ ചില ചെടികൾ ആതിഥേയവൃക്ഷങ്ങളുടെ വേരുകളിന്മേലും വളരുന്നു.

എന്നാൽ മററു ചില പരജീവിസസ്യങ്ങൾ ഉള്ളവയ്ക്കു് ഇലകൾ തീരെ ഉണ്ടാകുന്നതല്ല. ആതിഥേയൻെറ സഹായത്താൽ മാത്രം കഴിഞ്ഞുകൂടുന്ന അത്തരം ചെടികൾക്കു പൂർണ്ണപരജീവിസസ്യങ്ങൾ (Total parasites) എന്നാണു പേർ. ആതിഥേയവൃക്ഷങ്ങളുടെ കൊമ്പുകളിന്മേലോ, വേരുകളിന്മേലോ വളരുന്ന ഇവയ്ക്കു് ഇലകളില്ലാത്തതിനാൽ ജൈവഭക്ഷണസാധനം നിർമ്മിക്കുവാനുള്ള ശക്തിയില്ല. അതിനാൽ ആതിഥേയനിൽനിന്നു് ജൈവഭക്ഷണസാധനമായിത്തന്നെ അപഹരിക്കുന്നു. കസ്ക്കൂട്ട (Cuscuta), കസീത്ത(Cassytha) ബലനോഫോറ (Balanophora) എന്ന ചിലവയുടെ ജീവിതം ഇത്തരമാണു്.

കസ്ക്കൂട്ട എന്ന ചെടി മററു വൃക്ഷങ്ങളുടെ കൊമ്പുകളിന്മേൽ ചുററിപ്പിടിച്ചു വളരുന്ന ഒന്നാകുന്നു. ഇതിന്മേൽ അവിടവിടെയായി ചെറിയ പൂങ്കുലകൾ മാത്രമേ കാണ്മാൻ കഴികയുള്ളു. സുമാർ മഞ്ഞനിറത്തിലുള്ളതും, ചുററിപ്പിടിച്ചതും ആയ ഈ വള്ളിയിൽനിന്നുത്ഭവിക്കുന്ന അന്തർധാവരുഹങ്ങൾ (suckers) ആതിഥേയവൃക്ഷത്തിൻെറ കൊമ്പിനുള്ളിൽ പ്രവേശിക്കുകയും അതിൻെറ

# സേവകൻ

[ഓമനക്കുട്ടൻ]

വിദ്വാൻ പി. ആർ. വാരിയർ

പാടുവാനെനിക്കില്ല പാടവ;—മാടുവാനില്ല മേടയും !
പാട്ടുകാരിലു മാടുവോരിലും—കൂട്ടുകാരില്ലെനിക്കാരും !
ആരിവനെന്നതോരുവാൻ പോലു—മാർക്കുമില്ലൊരു കൌതുകം!

*   *   *

പൂമൃദുവിരൽത്തുമ്പുകൾ ചലി—ച്ചാ മധുര വാക്യങ്ങളിൽ
നിന്നു ലക്ഷം ചെവികളിൽ നറു—ന്തേൻകണങ്ങൾ തെറിക്കവേ,
വർണ്ണഭേദം തിരയടിക്കുമ—സ്വർണ്ണസാരയവനിക
പൊങ്ങീ മന്ദ,മമരലോകമൊ—ന്നെങ്ങുനിന്നോ തുറക്കവേ,

---

നാളിവ്യൂഹ (Vascular bundle) വുമായി ചേരുകയും ചെയ്യുന്നു. നാളിവ്യൂഹത്തിൽ ശേഖരിച്ചുവെച്ചിട്ടുള്ള ജൈവഭക്ഷണസാധനം കൂടി അപഹരിക്കുന്നു.

കാസ്ക്കൂട്ടയുടെ ബീജാങ്കുരണം (Germination) ഭൂമിയിൽനിന്നാണെങ്കിലും അല്പം വളർന്നു് ആതിഥേയനുമായി ബന്ധിക്കപ്പെട്ടതിന്നു ശേഷം ഭൂമിയുമായുള്ള ബന്ധം തീരെ വിടുകയും പൂർണ്ണ പരജീവിയായി തീരുകയും ചെയ്യുന്നു. ഇതുപോലെതന്നെയാണു കസീത്തയുടേയും ജീവിതരീതി.

ബലനോഫോറാ എന്ന ചെടി ആതിഥേയന്റെ വേരുകളിന്മേലാണു് ജീവിക്കുന്നതു്. ഇതിന്റെ, തടിച്ചു ഉയരമില്ലാത്ത കൊമ്പുകൾ മണ്ണിന്നുള്ളിൽക്കൂടി അവിടവിടെയായി സഞ്ചരിക്കയും ആതിഥേയവൃക്ഷത്തിന്റെ വേരുകളുമായി ചേരുന്ന സ്ഥലങ്ങളിൽ ഉത്ഭവിക്കുന്ന അന്തർധാവരുഹങ്ങൾ വേരുകൾക്കുള്ളിൽ പ്രവേശിക്കുകയും ജൈവഭക്ഷണപദാർത്ഥങ്ങൾ അപഹരിക്കുകയും ചെയ്യുന്നു. പുഷ്പകാലങ്ങളിൽ ഈ ചെടികളിൽ വിവിധവർണ്ണത്തിലുള്ള പൂക്കതിരുകൾ ഉത്ഭവിക്കുകയും ചെയ്യുന്നു.

ഇങ്ങനെ പരജീവിസസ്യങ്ങൾ പല തരത്തിലുണ്ടു്. അന്യവൃക്ഷസഹായമെന്നിയെ ജീവിക്കാൻ സാധിക്കാത്ത ഈ ചെടികൾ ആതിഥേയന്മാർക്കു ചിലപ്പോൾ നാശമായും വന്നേക്കാം. അവ സംഭരിക്കുന്ന ഭക്ഷണസാധനങ്ങൾ പരജീവിസസ്യങ്ങൾ അപഹരിക്കുകയും തൽഫലമായി ചിലപ്പോൾ ആതിഥേയന്മാർ നശിക്കുകയും ചെയ്യുന്നു.

—: o :—

പാടലിമ പൊഴിയുമച്ചെറു—പാദമോരോ നിമിഷവും
വേദിയെ യുമ്മവെ,ച്ചോരോ രസ—വേദി തൻ ഹൃദയത്തിലും
കിക്കിളി കൂട്ടി,ത്തങ്കത്താമര—പ്പൂക്കളമങ്ങൊരുക്കവേ,
ആ മദാലസ ലോലലോചന—ശ്യാമളിമ പകത്തവേ
നാരകീയമാം വേദനക്കൊപ്പം—നാകലോകാനുഭൂതികൾ
മൂലയിൽച്ചേർന്നൊതുങ്ങി ഞാ,നതിൽ—ഹാ,ലയിച്ചങ്ങുനിന്നുപോം!

*　　　*　　　*

കന്ദബന്ധുര ദന്തഭാസുര—മന്ദഹാസ വികാസവും,
താരുടലിൻ തരളതാരുണ്യ—ചാരുത തൻ വിലാസവും,
ശ്രീലലോചന ലോലതാരക—നീലഭൃംഗപ്രഭാസവും
വീർപ്പുമുട്ടി ഞാൻ നിന്നു കണ്ടവ,—യല്പവും മറന്നീടുമോ!

## II

വീഴവേ തിര,ഞാനണ,ഞ്ഞതു—വീണ്ടുമങ്ങുയരും വരെ,
പ്രേക്ഷകർ വരും രംഗം കാണുവാ—നക്ഷമം കാത്തിരിക്കവേ,
ആടിയാടി വലഞ്ഞവരുടെ—വാടിയ കാൽ തലോടും ഞാൻ-
പാടിപ്പാടി വരണ്ട തൊണ്ടയിൽ—പാലൊഴിച്ചുകൊടുക്കും ഞാൻ-
മാഞ്ഞപൊട്ടിടുവിക്കും വീണ്ടുമ—സ്വിന്നഫാലസ്ഥലങ്ങളിൽ
ഹൃന്മുകിലു,മെന്നടിയിലു—മെന്റെ രണ്ടു കൈത്തണ്ടിലും,
വിശ്ര മിക്കുവാൻ വന്നുവീഴുമാ—വിശ്രുത കലാകോവിദർ !
ആരിവനെന്നു തോന്നുവാനവ—ർക്കാർക്കുമാശയില്ലപ്പൊഴും !

## III

ആരറിയാട്ടിലെന്നെ യെ?ന്തിതേ—ചാരിതാർത്ഥ്യമെനിക്കെന്നും:
ലോകരെ രസിപ്പിക്കു മന്നട—രാകവേ രസിക്കുന്നതോ,
ഈ യരസിക പാണികളിലാ!—മീയസാര രംഗത്തിലാം !

(പകപ്പവകാശം)

—o—

# കേരളത്തിലെ സോഷ്യലിസ്റ്റ് ചക്രവർത്തി

അഥവാ

# മഹാബലി

[എം. ഇ. മാത്യു ബി. എ.]

ലോകത്തിൽ ഓരോ രാജ്യക്കാരുടെ ഇടയിലും അനേകം ഐതിഹ്യങ്ങൾ പ്രചാരത്തിലിരിക്കുന്നുണ്ടെങ്കിലും അവയെ അടിസ്ഥാനമാക്കിയുള്ള ആചാരങ്ങൾ വളരെ ചുരുക്കമാണ്. ഐതിഹ്യങ്ങളിൽ മിക്കവയും വെറും കെട്ടുകഥകളും ചുരുക്കം ചിലതു ചരിത്രപരമായ തെളിവുകളില്ലാത്ത പുരാതന സംഭവങ്ങളുമത്രെ. ഒരു ഐതിഹ്യത്തെ ആസ്പദമാക്കി ആചാരങ്ങൾ നടപ്പിലുണ്ടെന്നു കാണുമ്പോൾ, ആ ഐതിഹ്യം ചരിത്രപരമായ തെളിവുകളില്ലാത്ത ഒരു പുരാതന സംഭവചരിത്രമാണെന്നു അനുമിക്കാവുന്നതാണ്. ഇപ്രകാരമൊരു ഐതിഹ്യമാണു കേരളീയർ ആഘോഷിച്ചുവരുന്ന ഓണത്തിന്നു ആസ്പദമായ മഹാബലിയുടെ കഥ. മഹാബലിചരിതം ഭാവനാസമ്പന്നനായ ഒരു കവിയുടെയൊ കാഥികന്റെയൊ മനോധർമ്മസൃഷ്ടമായ ഒരു കെട്ടുകഥയായി തള്ളിക്കളയാവുന്നതല്ല. പ്രസ്തുത ഐതിഹ്യം സൂക്ഷ്മമായി അപഗ്രഥനം ചെയ്തുനോക്കുകയാണെങ്കിൽ, മഹാബലി എന്ന ദേഹം യഥാർത്ഥത്തിൽ ജീവിച്ചിരുന്ന ഒരു മഹാത്മാവായിരുന്നു എന്നും, അദ്ദേഹം സ്ഥിതി സമത്വ വാദ സിദ്ധാന്തത്തിന്മേൽ അധിഷ്ഠിതമായ ഒരു ജനകീയഭരണം നടത്തിയ പ്രജാക്ഷേമതല്പരനായ ഒരു ഭരണാധിപൻ ആയിരുന്നു എന്നും മനസ്സിലാക്കാവുന്നതാണ്.

മഹാബലിയെക്കുറിച്ചുള്ള 'ഐതിഹ്യം' കേരളീയർക്കെല്ലാവർക്കും സുപരിചിതമാണെങ്കിലും അതിനു ഒരു വ്യാഖ്യാനം കൊടുക്കേണ്ട ആവശ്യത്തിലേക്കു അതിന്റെ ഒരു സംഗ്രഹം താഴെ ചേർക്കുന്നു :—"മഹാബലി ഒരു അസുരചക്രവർത്തി ആയിരുന്നു. അദ്ദേഹം സ്വർഗ്ഗവും ഭൂമിയും പാതാളവും അടക്കി എത്രയും ധർമ്മനിഷ്ഠയോടുകൂടി ഭരണം നടത്തിവന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു, ജനങ്ങൾക്കു എല്ലാ ദിവസവും ഇപ്പോൾ ചിങ്ങമാസത്തിൽ ആഘോഷിക്കുന്ന തിരുവോണംപോലെ ആഹ്ലാദകരമായിരുന്നു. നാട്ടിൽ അത്രയും സുഭിക്ഷതയും സന്തുഷ്ടിയും നിറഞ്ഞിരുന്നു. സ്വർഗ്ഗവാസികളായ ദേവന്മാർക്കു പ്രതാപശാലിയായ മഹാബലിയോടു അസൂയ തോന്നുകയും അദ്ദേഹത്തെ തോല്പിച്ചു രാജ്യം കൈക്കലാക്കാൻ അവർ ഉദ്യമിക്ക

യും ചെയ്തു. പക്ഷെ അവർ ആ ഉദ്യമത്തിൽ ജയിച്ചില്ല. അതിനാൽ അവർ മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചു. മഹാവിഷ്ണു വാമനനായി അവതരിച്ചു മഹാബലിയിൽനിന്നു മൂന്നു ലോകങ്ങളും കരസ്ഥമാക്കാൻ തീർച്ചയാക്കി. മുച്ചാൺപൊക്കമുള്ള ഒരു വാമനനായി മഹാവിഷ്ണു മഹാബലിയുടെ സന്നിധിയിൽ ചെന്നു തനിക്കു താമസിക്കുവാൻ മൂന്നടി ഭൂമി വേണമെന്നു യാചിച്ചു. ഉദാരനായ മഹാബലി എവിടെനിന്നെങ്കിലും അത്രയും അളന്നെടുത്തുകൊള്ളുവാൻ അനുവദിച്ചു. വാമനമൂർത്തി ഉടൻതന്നെ ത്രിലോകങ്ങളും രണ്ടടികൊണ്ടു അളന്നുതീർത്തു. മൂന്നാമത്തെ അടിവയ്ക്കാൻ സ്ഥലമെവിടെ എന്നു ചോദിച്ചു. ദാനവീരനായ ആ ചക്രവർത്തി ഒരു കൂസലും കൂടാതെ തന്റെ തലകുനിച്ചു കാണിച്ചുകൊടുത്തു. വാമനൻ മഹാബലിയെ ചവിട്ടി പാതാളത്തേയ്ക്കു താഴ്ത്തി. മഹാബലി ആ സന്ദർഭത്തിൽ വാമനനോടു ഒരു വരം തരണമെന്നപേക്ഷിച്ചു. താൻ വാത്സല്യത്തോടെ ഭരിച്ചിരുന്ന പ്രജകളെയും നാട്ടിനെയും ആണ്ടിൽ ഒരു തവണ വന്നു കാണാൻ അനുവദിക്കണമെന്നായിരുന്നു അപേക്ഷ. വാമനമൂർത്തി അപ്രകാരം അനുവദിക്കുകയും ചെയ്തു. ഇതനുസരിച്ചു ആണ്ടുതോറും ചിങ്ങമാസത്തിലെ തിരുവോണത്തിനു മഹാബലി നാടു കാണ്മാൻ വരാറുണ്ടെന്നാണു സങ്കല്പം. ആ അവസരത്തിൽ കേരളീയർ അദ്ദേഹത്തിന്റെ വാഴ്ചകാലത്തു ഉണ്ടായിരുന്ന സുഭിക്ഷതയും സന്തുഷ്ടിയും പ്രദർശിപ്പിച്ചു അദ്ദേഹത്തെ സൽക്കരിക്കുന്നതിന്നായി തിരുവോണം ആഘോഷിക്കുന്നു.

പ്രത്യക്ഷത്തിൽ ആദ്യവസാനം അനീതിപരവും അധർമ്മപൂർണ്ണവുമായ ഒരു കഥയാണിതെന്നു ആർക്കും ബോധ്യപ്പെടുന്നതാണ്. നീതിമാന്മാർക്കു ദോഷം സംഭവിക്കുന്നു; ദുഷ്ടന്മാർ തഴച്ചു വളരുന്നു—എന്ന സാധാരണ ലോകതത്വമാണു ഈ കഥയിലും കാണുന്നതു്. സ്നേഹസമ്പന്നനും, ഉദാരമനസ്കനും, വിശാലഹൃദയനും ആയ ഒരു മഹാത്മാവിനെ, അസൂയയ്ക്കു് അധീനരായ ദേവന്മാർ എന്ന ഒരു കൂട്ടരുടെ പ്രേരണയ്ക്കു വശംവദനായ മഹാവിഷ്ണു (എന്ന ഒരു വ്യക്തി) വഞ്ചന പ്രയോഗിച്ചു സ്ഥാനഭ്രംശം ചെയ്തു എന്നതാണു കഥയിലെ സാരം. മഹാബലിയോടു നമുക്കു സഹതാപവും, ബഹുമാനവും തോന്നുന്നു. വാമനനോടും അയാളുടെ സിൽബന്തികളായ ദേവന്മാരോടും നമുക്കു വെറുപ്പും, വിദ്വേഷവും നിന്ദയും ആണു് മനസ്സിൽ ഉദിക്കുന്നതു്. ഈ കഥയിലെ സർവ്വഗുണസമ്പൂർണ്ണനായ മഹാബലി യഥാർത്ഥത്തിൽ ഒരു അസുരൻതന്നെയാണോ? വാമനൻ, ത്രിമൂർത്തികളിൽ ഒരുവനും, ധർമ്മിഷ്ഠരെ കാത്തു പുലർത്തുന്നവനും, അസൂയ ആദിയായ ദുർഗ്ഗുണങ്ങളെ വെറുക്കുന്നവനും ആയ മഹാവിഷ്ണുവിന്റെ അവതാരമാണോ? അസൂയ എന്ന തമോഗുണത്തിന്നു് വിധേയരായി, നീതിമാനായ ഒരു ചക്രവർത്തിയെ ചതിവിൽ സ്ഥാനഭ്രംശം ചെയ്യാൻ ശ്രമിച്ച അധമരെ ദേവന്മാർ എന്നു സംബോധന ചെയ്യാമോ? എന്നെല്ലാമുള്ള വിവിധ ചിന്തകളാണു ഈ ഐതിഹ്യത്തെപ്പറ്റി ഗാഢമായി ആലോചിച്ചപ്പോൾ എന്റെ മനസ്സിൽ കൂടെ കടന്നുപോയതു്.

ഉത്തരേന്ത്യയിൽ കുടിയേറിപ്പാർത്ത ആര്യന്മാർ, ദക്ഷിണേന്ത്യൻ നിവാസികളായ ദ്രാവിഡന്മാരെ, അസുരന്മാർ, വാനരന്മാർ, രാക്ഷസന്മാർ, എന്നെല്ലാം വിളിക്കാറുണ്ടായിരുന്നു എന്നു രാമായണം, ഭാരതം, ഭാഗവതം ആദിയായി അവർ എഴുതിയ പുരാണേതിഹാസങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. തെക്കെ ഇൻഡ്യയിലെ ഒരു രാജാവായിരുന്ന ഹനുമാനെയും അദ്ദേഹത്തിന്റെ പ്രജകളെയും—അവർ രാവണനെതിരായി ശ്രീരാമനെ സഹായിച്ചിട്ടുപോലും—കുരങ്ങന്മാരാക്കിത്തീർത്ത വടക്കെ ഇൻഡ്യക്കാരുടെ ഭാവന അവഹേളനാർഹം മാത്രമാണ്. ബുദ്ധിമാനും, പ്രതാപശാലിയും, സ്വാതന്ത്ര്യസ്നേഹിയുമായ ലങ്കാധിപതി രാവണൻ അസൂയാലുക്കളായ ആര്യന്മാരുടെ ദൃഷ്ടിയിൽ ഒരു ഭയങ്കര രാക്ഷസനായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല. ഇങ്ങനെ ഉത്തരേന്ത്യക്കാരായ ആര്യന്മാരായ കഥാകൃത്തുക്കളുടെയും ചരിത്രകാരന്മാരുടെ ഭാവനയിൽ, ദ്രാവിഡന്മാരായ ദക്ഷിണേന്ത്യക്കാർ അസുരന്മാരും, കുരങ്ങന്മാരും, രാക്ഷസന്മാരും ആയിത്തീർന്നതു് നിർഭാഗ്യകരമെന്നേ പറയേണ്ടു.

മേൽ വിവരിച്ച പശ്ചാത്തലത്തിൽ മഹാബലീകഥയെ ഇപ്രകാരം വ്യാഖ്യാനിക്കാവുന്നതാണ്:— മഹാബലി, ദ്രാവിഡവംശജനായ ഒരു കേരളീയനും, സ്ഥിതിസമത്വസിദ്ധാന്തവാദിയായ ഒരു രാജ്യതന്ത്രജ്ഞനും, ഒരു ഉത്തമ ഭരണാധികാരിയും ആയിരുന്നു. ദേവന്മാർ, ആര്യവംശജരായ പരദേശബ്രാഹ്മണരും, മഹാവിഷ്ണു ഒരു ഉത്തരേന്ത്യൻ രാജാവും, വാമനൻ കുരുട്ടുബുദ്ധിയും വക്രമനസ്ഥിതിക്കാരനുമായ ഒരു ബ്രാഹ്മണനും അത്രെ. പാതാളം എന്നു പറയുന്നതു സിലോൺ ആയിരിക്കണം. മഹാബലി കേരളത്തിലെ രാജാവും, സിലോൺ, തമിഴ്നാടു്, ചില ഉത്തരേന്ത്യൻ രാജ്യങ്ങൾ ഇവയുടെ ചക്രവർത്തിയും ആയിരുന്നു. പ്രജാക്ഷേമൈകനിരതനായ അദ്ദേഹത്തിന്റെ ഭരണകാലത്തു രാജ്യത്തിൽ കൃഷികച്ചവടങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും, ജനങ്ങൾ പൂർവ്വാധികം ഐശ്വര്യവും സുഭിക്ഷതയും ഉള്ളവരായിത്തീരുകയും ചെയ്തു. ജനങ്ങൾക്കു സമൃദ്ധിയും, സമാധാനവും, ജ്ഞാനവും ഉണ്ടായപ്പോൾ പല അന്ധവിശ്വാസങ്ങളിൽ നിന്നും അവർ സ്വതന്ത്രരായി. ഐശ്വര്യം, പരിശ്രമശീലത്തിന്റെയും സന്മാർഗ്ഗനിഷ്ഠയുടെയും ഫലമാണെന്നവർ മനസ്സിലാക്കി. ഐശ്വര്യലബ്ധിക്കു, യാഗങ്ങളും ബലികളും കഴിക്കുന്നതിന്റെ നിരർത്ഥകത്വം അവർക്കു ബോധ്യപ്പെടുകയാൽ അവർ അക്കാര്യങ്ങളിൽ ഉദാസീനരായിത്തീർന്നു. യാഗാദികൾ നടത്താതായപ്പോൾ അവയിൽനിന്നും ആദായം കിട്ടിക്കൊണ്ടിരുന്ന ബ്രാഹ്മണർക്കു (പുരോഹിതവർഗ്ഗത്തിനു്) കാലക്ഷേപത്തിനു നിവൃത്തിയില്ലാതായി. യഥാർത്ഥത്തിൽ ഇതുകൊണ്ടാണു ബ്രാഹ്മണർക്കു മഹാബലിയോടു വൈരം ഉണ്ടായതു്. ബ്രാഹ്മണർ, വടക്കുനിന്നും ഒരു ഗൂഢ സൈന്യം സജ്ജീകരിച്ചു മഹാബലിയെ ആക്രമിച്ചു. എന്നാൽ മഹാബലിയുടെ സുശക്തമായ സൈന്യത്തെ തോല്പിക്കാൻ അവർക്കു സാധിച്ചില്ല. ഇതുകൊണ്ടു മനസ്സു മടുക്കാതെ, ബ്രാഹ്മണർ വടക്കെ ഇൻഡ്യയിൽ ചെന്നു അവിടത്തെ ഒരു പ്രബല

രാജാവിനെ കാര്യം ഗ്രഹിപ്പിച്ചു സഹായത്തിന്നപേക്ഷിച്ചു. യുദ്ധത്തിൽ മഹാബലിയെ ജയിക്കാൻ പ്രയാസമാണെന്നു മനസ്സിലാക്കിയ ആ രാജാവു, അദ്ദേഹത്തെ ചതിവിൽ തോല്പിച്ചു സ്ഥാനഭ്രംശം ചെയ്യാനാണ് ഉപദേശിച്ചതു്. ഇതിലേക്ക നിയുക്തനായതു് വക്രബുദ്ധിയായ ഉയരം കുറഞ്ഞ ഒരു ബ്രാഹ്മണനായിരുന്നു. "ആളിൽ കുറിയവരെ പേടിക്കണം" എന്ന പഴമൊഴി മലയാളികളുടെ ഇടയിൽ പ്രചരിച്ചതു്, വാമനൻ മഹാബലിയെ ചതിവു പ്രയോഗിച്ചു കേരളത്തിൽനിന്നും ബഹിഷ്കരിച്ചതു മുതലായിരിക്കണം. ഹിററ്ലർ ജർമ്മനിയുടെ അയൽരാജ്യങ്ങളിൽ പ്രവേശിച്ചതുപോലെ ഒരു മാതിരി "ഇൻഫിൽട്രേഷൻ ടാക്ടിക്സ്" (Infiltration Tactics) ആയിരുന്നു വാമനൻ കേരളത്തിൽ പ്രയോഗിച്ചതു്. മഹാബലയിൽനിന്നും ഒരു "കിടക്കാടം" കരസ്ഥമാക്കിയതിനുശേഷം, വാമനൻ കാലക്രമത്തിൽ ധാരാളം ബ്രാഹ്മണരെ കേരളത്തിൽ കൊണ്ടുവന്നു താമസിപ്പിക്കാൻ തുടങ്ങി. "ഒട്ടകത്തിനു തലകൊടുത്ത അനുഭവ"മാണു മഹാബലിക്കുണ്ടായതു. മഹാബലിയുടെ ആതിഥ്യം സ്വീകരിച്ചു വന്നു താമസിച്ച ഈ ബ്രാഹ്മണർ, ശത്രുരാജ്യങ്ങളുടെ അഞ്ചാംപടയും ചാരന്മാരും ആയി വർത്തിക്കയും, ഒടുവിൽ ശത്രുക്കൾ മഹാബലിയെ ആക്രമിച്ചപ്പോൾ അവരെ സഹായിക്കയും ചെയ്തു. ചതിവിൽ തോല്പിക്കപ്പെട്ട മഹാബലിയെ ഈ വാമനനും കൂട്ടരും സിലോണിലേക്ക നാടുകടത്തി. ഇങ്ങനെ ആയിരുന്നു ഹതഭാഗ്യനായ ആ മഹാമനസ്കന്റെ അവസാനം.

മഹാബലി ജീവിച്ചിരുന്ന കാലഘട്ടമേതാണെന്നും അദ്ദേഹത്തിന്റെ ഭരണമീമാംസകളുടെ യഥാർത്ഥരൂപം എന്തായിരുന്നു എന്നും അറിയാൻ തക്ക ചരിത്രരേഖകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലെന്നതു് ഏററവും നിർഭാഗ്യകരംതന്നെയാണ്. മഹാബലി, പ്ലേറേറായുടെ ആദർശപ്രകാരമുള്ള "തത്വജ്ഞാനി—രാജാവു്" (Philosopher—King) ആയിരുന്നു എന്നു ന്യായമായി വിചാരിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ ഭരണകാലത്തെ ക്ഷേമവും, ഐശ്വര്യവും, സന്മാർഗ്ഗനിഷ്ഠയും, നീതിബോധവും താഴെക്കാണുന്ന ഓണപ്പാട്ടിൽനിന്നും വ്യക്തമാകുന്നതാണ് :—

"മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരു മൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കു മൊട്ടില്ല താനും.

കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ല പൊളിവചനം
വെള്ളിക്കോലാദികൾ നാഴികളും
എല്ലാം കണക്കിനു തുല്യമായി.

കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറെറാന്നുമില്ല."

ഈ പദ്യ ശകലം പച്ചമലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ളതാണെങ്കിലും ആശയ വൈശിഷ്ട്യംകൊണ്ടു് അതിനു വിശ്വസാഹിത്യത്തിൽ ഒരു മഹനീയ സ്ഥാനമുണ്ടു്. ഇതിൽ "മനുഷ്യരെല്ലാരു മൊന്നുപോലെ" എന്ന വാചകം ഏററവും അർത്ഥസമ്പൂർണ്ണവും ചിന്തോദ്ദീപകവും ആ മുതലാളി, തൊഴിലാളി എന്ന ഭേദമോ, ധനവാൻ, ദരിദ്രൻ

എന്ന ഭേദമോ, പണ്ഡിതൻ, പാമരൻ എന്ന ഭേദമോ; ജനങ്ങളുടെ ഇടയിൽ ഇല്ലായിരുന്നു എല്ലാവർക്കും തൊഴിൽ; എല്ലാവർക്കും ഉണ്ണാനും ഉടുക്കാനുംവക; എല്ലാവർക്കും വിദ്യാഭ്യാസം, ഇതിൽ കൂടുതലായി ഒരു രാഷ്ട്രത്തിനു എന്താണു അഭികാമ്യമായിട്ടുള്ളതു്.? ജനങ്ങളുടെ സന്മാർഗ്ഗനിഷ്ഠ പറയുകയാണെങ്കിൽ കളവും ചതിവും ഇല്ല. ഇതുപോലെയൊരു സ്ഥിതി ഭാവനാലോകത്തിലല്ലാതെ ചരിത്രത്തിൽ വേറൊരു രാജ്യത്തിലും ഉണ്ടായിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല. കഷ്ടം! പുരോഹിതത്വത്തിന്റെ സ്വാർത്ഥതയും വക്രബുദ്ധിയും മൂലം ആ നല്ല കാലം—സോഷ്യലിസ്റ്റ് ചക്രവർത്തിയുടെ ആ മഹനീയ ഭരണകാലം—ആ മഹാനുഭാവൻ സൃഷ്ടിച്ച ഉത്തമപാരമ്പര്യം—നമുക്ക് നഷ്ടപ്പെട്ടുപോയി. ലോകചരിത്രത്തിൽ എക്കാലത്തും എല്ലാ മതത്തിലും പുരോഹിതവർഗ്ഗമാണ് മനുഷ്യന്റെ അധഃപതനത്തിനു വഴി തെളിച്ചിട്ടുള്ളതും, തെളിക്കുന്നതും!

ശ്രീബുദ്ധന്റെ യഥാർത്ഥ നാമധേയം സിദ്ധാർത്ഥൻ എന്നായിരുന്നു. മഹാബലിയുടെ യഥാർത്ഥമായ പേരു എന്തായിരുന്നു എന്നറിവാൻ നമുക്കു സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അനന്യസാധാരണമായ നിസ്വാർത്ഥതയെയും ത്യാഗബുദ്ധിയെയും പരിഗണിച്ചു് മഹത്തായ ബലി (Great Sacrifice) എന്നു അർത്ഥം വരുന്ന മഹാബലി എന്ന അപരാഭിധാനം ലോകർ അദ്ദേഹത്തിനു നൽകിയതായിരിക്കണം. ഭാരതത്തിൽ മഹാബലിയെ ശ്രീബുദ്ധനോടു മാത്രമെ ഉപമിക്കാനുള്ളു. ബുദ്ധഭഗവാൻ കിരീടം വെടിഞ്ഞു മനുഷ്യസേവനം ചെയ്തു: മഹാബലി കിരീടമണിഞ്ഞു മനുഷ്യസേവനം അനുഷ്ഠിച്ചു. രണ്ടുപേരും മനുഷ്യർക്കു ദോഷം ചെയ്യുന്ന പുരോഹിതശക്തിയെ നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രമിച്ചു. പുരോഹിതന്മാരായ ബ്രാഹ്മണർ രണ്ടുപേരുടെയും ശത്രുക്കളായിത്തീർന്നു. മഹാബലിയെയും, ബുദ്ധമതത്തെയും ബ്രാഹ്മണർ ഭാരതത്തിൽനിന്നും ബഹിഷ്കരിച്ചു.

മഹാത്മാവായ മഹാബലി! കൂപ്പിയ കൈകളോടും നിറഞ്ഞ കണ്ണുകളോടുംകൂടി മാത്രമെ അങ്ങയുടെ പാവനനാമധേയം സ്മരിക്കുന്നതിനു ഞങ്ങൾക്കു സാധിക്കുകയുള്ളു. കേരളീയരായ ഞങ്ങളോടു് അങ്ങേയ്ക്കുണ്ടായിരുന്ന വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും സൗരഭ്യം അനേക ശതവർഷങ്ങൾ കഴിഞ്ഞിട്ടും ഞങ്ങൾക്കു ആസ്വദിക്കാൻ കഴിയുന്നു. ആ സുഗന്ധം, യുഗങ്ങൾക്കു ശേഷവും പ്രളയങ്ങൾക്കു ശേഷവും പിന്നെയും നശിക്കാതെ നിലനിൽക്കും. ത്യാഗമൂർത്തിയായ അങ്ങു്, യഥാർത്ഥത്തിൽ മഹത്തായ ഒരു ബലിതന്നെ ആയിരുന്നു. ആ ബലി, നിരർത്ഥകങ്ങളായ മററു സകല ബലികളെയും നിർമ്മാർജ്ജനം ചെയ്തുകളഞ്ഞു. യഥാർത്ഥമതം, സ്നേഹത്തിന്റെ നിർവ്യാജമായ പ്രകടനം ആണെന്നു അങ്ങു് ഞങ്ങളെ മനസ്സിലാക്കി. അങ്ങയുടെ സ്നേഹജ്യോതിസ്സിന്റെ സന്നിധിയിൽ പുരോഹിതവർഗ്ഗത്തിന്റെ സ്വാർത്ഥതയുടെയും കാപട്യത്തിന്റെയും പൂപ്പ് തെളിഞ്ഞു. അവർ അങ്ങയുടെ നാശത്തിനു വഴി അന്വേഷിച്ചു. എന്നാൽ അങ്ങയുടെ തോൽവി, ഒരു തോൽവി അല്ലായിരുന്നു. പാകിയി




# നിലാവു നിറഞ്ഞ പെരുവഴിയിൽ

വൈക്കം മുഹമ്മദ് ബഷീർ

നലാവു നിറഞ്ഞ പെരുവഴിയിൽ എന്നു പറഞ്ഞാൽ ശരിയാവുകയില്ല. ഏകാന്തമായ.........എന്നുംകൂടി പറയണം. സംഗതി ഞാൻ നേരത്തെ പറഞ്ഞേക്കാം: ആ വഴിക്കടുത്തു ഒരു സർപ്പക്കാടും, പഴയ ഒരു ക്ഷേത്രവുമുണ്ടു്. അസമയങ്ങളിൽ തനിച്ചു് അതുവഴി ആരും നടക്കാറില്ല. ഭയങ്കരങ്ങളായ എന്തൊക്കെയോ അവിടെ സംഭവിച്ചിട്ടുണ്ടു്: ചിലർ വെട്ടുകിട്ടി മരിച്ചു.

ഞാൻ എന്തുകൊണ്ടു ഭയന്നു മരിച്ചില്ല?

ഈ ചോദ്യം ഞാനാ വിചിത്രരംഗം വർണ്ണിച്ചപ്പോൾ ചില പഴമക്കാർ ചോദിച്ചതാണു്.

പരമാർത്ഥത്തിൽ ഞാനാ ക്ഷേത്രത്തെപ്പററി കേട്ടിട്ടുണ്ടായിരുന്നില്ല. ആ വഴിയും എനിക്കു നിശ്ചയമില്ലായിരുന്നു. ഒരൂഹം മാത്രമേ ഉണ്ടായിരുന്നുള്ളു. ആ വഴിയെ ഒരു പതിനൊന്നു മൈൽ നടന്നാൽ ഞാൻ രക്ഷപ്പെടും: അതായതു ഞാൻ പോലീസിന്നു പിടി കൊടുക്കാതെ ഓടിപ്പോകുകയായിരുന്നു.

---

രന്ന വിത്തുകൾ മുളച്ചു വളർന്നു് പുഷ്ടിച്ചു ഇപ്പോൾ ഫലം പുറപ്പെടുവിക്കാറായിരിക്കുന്നു. സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ലോകം ഇപ്പോൾ ഞെരിപിരികൊള്ളുന്നു. ലോകത്തിൽ എവിടെയും സമഷ്ടിവാദസൂര്യോദയത്തിൻെറ ചെങ്കതിരുകൾ വീശിക്കഴിഞ്ഞിരിക്കുന്നു. ക്ഷാമം, ദാരിദ്ര്യം, അസമത്വം, മർദ്ദനം, ചൂഷണം ഇവയാൽ ഞങ്ങൾ കഷ്ടപ്പെടുന്ന ഈ അവസരത്തിൽ അങ്ങയെപ്പററിയുള്ള സ്മരണ ഞങ്ങൾക്കു ധൈര്യവും, പ്രത്യാശയും, പ്രോത്സാഹനവും നൽകുന്നു. ഈ തിരുവോണദിവസവും, അങ്ങു് ഞങ്ങളെ സ്നേഹപൂർവ്വം സന്ദർശിക്കുന്നുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ ഭവനങ്ങളിലേക്കു അങ്ങയെ ഞങ്ങൾ ഹാർദ്ദമായി ക്ഷണിച്ചു കൊള്ളുന്നു. അങ്ങയുടെ നേർക്കുള്ള ഞങ്ങളുടെ സ്നേഹത്തിനും ബഹുമാനത്തിനും വിരാമമില്ല. മഹാത്മാവേ! അങ്ങേക്കു നിരവധി നമസ്കാരങ്ങൾ ഓണക്കാഴ്ചയായി ഞങ്ങൾ സമർപ്പിക്കുന്നു.

സംഭവിച്ചതു ഇപ്രകാരമാണ്.

അങ്ങെ അററത്തെ രാജദ്രോഹം ഉണ്ടെന്നു പറയപ്പെടുന്ന ഒരു കഥ. അതു ഞാൻ എഴുതിയതാണ്. പ്രസിദ്ധപ്പെടുത്തിയ പത്രം ഗവമ്മെൻറു കണ്ടുകെട്ടി. പത്രാധിപരെ അറസ്റ്റു ചെയ്തു. എൻെറ പേരിൽ വാറണ്ടു പുറപ്പെട്ടു. ആ കാലത്തുതന്നെ പത്രാധിപർ മാപ്പു ചോദിച്ചു വെളിയിൽ ഇറങ്ങി.

പോലീസു എന്നെ പിടിക്കാൻ നടക്കുകയാണ്. എൻെറ വീടു പരിശോധനയൊക്കെ നടന്നു. മൂന്നു നാലു തവണ. എന്നെപ്പററിയുള്ള ഗവമ്മെണ്ടിൻെറ പുസ്തകാഭിപ്രായം എന്തെന്നു പോലീസുകാർ എൻെറ മതാപിതാക്കളോടു പറയുകയും ചെയ്തു. ആ സന്തോഷ വാത്ത 'അവൻെറ വലതു കയ്യും തല്ലി ഒടിക്കും!' എന്നു മാത്രം. അതായതു എന്നെ വളരെ ഭേഷായി തല്ലുമെന്നു മാത്രമല്ലാ എൻെറ വലതു കയ്യും ഇഞ്ചിഞ്ചായി അടിച്ചുടച്ചു ഒരു ചമ്മന്തിയാക്കിക്കളയും എന്നു സാരം

ആ സൽപ്രവൃത്തിക്കായി പോലീസുകാർ എന്നെ തിരക്കി നടക്കുന്നു. അവരുടെ കയ്യിൽ എൻെറ ഒരു പഴയ ഫോട്ടോ കിട്ടി. അതവർ എൻെറ വീട്ടിൽനിന്നു എടുത്തുകൊണ്ടു പോയതാണ്. ലോകത്തെ നോക്കി മന്ദഹസിക്കുന്ന ചുരുളൻ മുടിക്കാരനായ ഒരു യുവാവ്. അവനെയാണു പോലീസുകാർ അന്വേഷിക്കുന്നതു്. വാസ്തവത്തിൽ അവക്കു പിടികിട്ടേണ്ട ആറം കഷണ്ടിത്തലയനാണ്; ലോകത്തെ നോക്കി സാധാരണ മന്ദഹസിക്കാത്തവനാണ്. ഒരു മാതിരി കിഴവനുമാണ്. ഈ വൃത്താന്തം പോലീസുകാർ വളരെ കഴിഞ്ഞാണ റിഞ്ഞതു്. അപ്പോഠം അവർ പഴയ ഫോട്ടോ വലിച്ചുകീറിക്കളയുകയും കഷണ്ടിക്കാരനെ അന്വേഷിച്ചുതുടങ്ങുകയും ചെയ്തു.

കാലമങ്ങനെ പോയി പഴയ കടത്തിൻെറ പലിശ വർദ്ധിക്കുന്നതു പോലെ എൻെറ പേരിൽ കേസുകഠം പെരുകിവന്നു. എന്നെ പിടിച്ചേ തീരു എന്ന ഘട്ടമായി. എൻെറ പുസ്തകങ്ങഠം ബാൻ ചെയ്തു. എൻെറ കഥകഠം പ്രസിദ്ധപ്പെടുത്തരുതെന്നു പത്രങ്ങഠക്കു താക്കീതു കൊടുത്തു. എന്നെ പിടിക്കുന്നവക്കു ഇനാമുണ്ടെന്നു ഗസററിൽ പ്രസിദ്ധം ചെയ്തു. പിടിക്കുന്ന പോലീസുകാക്കു പ്രമോഷനും....... സംഗതി ഇത്രയ്ക്കു ഗൗരവമായതു ഞാനറിഞ്ഞില്ല.

പണ സംബന്ധമായ ഒരത്യാവശ്യത്തിനു രഹസ്യമായി ഞാനാ പട്ടണത്തിൽ ചെന്നു. അവിടെ എനിക്കു പരിചയമുള്ള ഒരു ഹോട്ടലിൽ ചെന്നു. എന്നെ അറിയുന്ന ആ ഹോട്ടൽക്കാരൻ ഒരു രഹസ്യ മുറിയിൽ എന്നെ ഇരുത്തി. അതിൻ ശേഷം എനിക്കു കാണേണ്ട സ്നേഹിതനു ആളയച്ചു. ഇതൊരാറു മണിക്കാണ്. സൂര്യൻ അസ്തമിച്ചിട്ടുണ്ടായിരുന്നില്ല. ഞാനീ പറയുന്ന ഹോട്ടലിൻെറ അടുത്തുതന്നെ ഒരു പോലീസു സ്റ്റേഷനുമുണ്ടു്. എൻെറ പ്രോഗ്രാം സ്നേഹിതനിൽനിന്നു പണം വാങ്ങിച്ചിട്ടു രാത്രി ഒമ്പതു മണിക്കു ബോട്ടിൽ ഇരുന്നു പോരാമെന്നായിരുന്നു.

ഒരു പത്തു മിനിട്ടു കഴിഞ്ഞില്ല; സ്നേഹിതൻ വന്നുചേരേണ്ട സമയമായില്ല. അതിനു മുമ്പു പോലീസുകാർ വിവരമറിഞ്ഞു ഹോട്ടലിൽ വന്നു കഴിഞ്ഞു!

അവർ എങ്ങിനെ അറിഞ്ഞു എന്നെനിക്കറിഞ്ഞുകൂടാ. ഹോട്ടൽ മാനേജർ വിളറിയ മുഖത്തോടെ എന്റെ അടുത്തു വന്നു പറഞ്ഞു : "സാറേ രക്ഷപ്പെട്ടോളൂ !"

പക്ഷേ രക്ഷപ്പെടാൻ ഒരു വഴിയേയുള്ളൂ : മുൻവശത്തെ വാതിൽ. അവിടെ നാലഞ്ചു പോലീസുകാരും ഒരു ഇൻസ്പെക്ടരും ഉണ്ട്.

ഹോട്ടൽക്കാരൻ അടുക്കളവഴി വെളിയിലിറങ്ങി മതിൽചാടി രക്ഷപ്പെടാമെന്നു പറഞ്ഞു. ഞാൻ അപ്രകാരം മതിൽചാടി റോഡിലിറങ്ങി. വൃക്ഷങ്ങളുടെ ഇടയിലൂടെ കുന്നുംപുറത്തേയ്ക്കാണ് ആ റോഡ്. ശ്വാസംപോലും കഴിക്കാതെ ഞാൻ ഒരു മുക്കാൽ മൈൽ ഓടി, കുന്നുംപുറത്തു കയറി. ധാരാളം വൃക്ഷങ്ങൾ ഉള്ളതിൽ ഒന്നിൽ ഞാൻ കയറി അങ്ങനെ ഇരുന്നു.

സന്ധ്യ കഴിഞ്ഞു. നിലാവുദിച്ചു. ഞാനാ വൃക്ഷത്തിലിരുന്നു. പട്ടണത്തിലെ വിളക്കുകളെല്ലാം അണഞ്ഞ് ആളുകൾ ഉറക്കം പിടിക്കുന്നതുവരെ ഞാൻ ആ വൃക്ഷത്തിൽ ഇരുന്നു.

നിലാവ് ഏതാണ്ട് ഉച്ചയിലെത്തിയപ്പോൾ ഞാൻ വൃക്ഷത്തിൽ നിന്നു താഴെ ഇറങ്ങി. എങ്ങും നിശ്ശബ്ദത. ഇരു വശവും വൃക്ഷങ്ങളുള്ളതും നിലാവു നിറഞ്ഞതുമായ വഴിയിലൂടെ ഞാൻ നടന്നു. വഴിക്കു കണ്ട വീടുകളിലൊന്നിലും വെളിച്ചമില്ല. ചെവി ഓർത്തുകൊണ്ട്, ജാഗ്രതയോടെ ഞാൻ നടന്നു.

ഒരു മൂന്നു മൈൽ കഴിഞ്ഞുകാണും. ഒരു വളവു തിരിഞ്ഞപ്പോൾ ഞാനാ ക്ഷേത്രത്തിന്റെ താഴികക്കുടവും കൊടിമരവും നിലാവിൽ തിളങ്ങുന്നതു കണ്ടു: താഴികക്കുടം ചെമ്പാണ്, അതിനൊരു ചാരനിറം. കൊടിമരം സ്വർണ്ണം പൂശിയതാണ്. അതു തിളങ്ങുന്ന മഞ്ഞനിറമായിത്തന്നെ ഞാൻ കണ്ടു.

ഞാൻ നടന്ന് ക്ഷേത്രമുൻവശത്തെത്തി. അപ്പോൾ ഞാനൊരു കാഴ്ച കണ്ടു : ഭയപ്പെടാനുള്ളതല്ല. ദയനീയമായ ഒരു രംഗം. ഒരു പത്തടി അകലെയായി എന്റെ മുമ്പിൽ മരണവേദനയോടെന്നപോലെ ഒരാൾ കിടന്നുരുളുന്നു. വെള്ള വസ്ത്രമാണു ധരിച്ചിരിക്കുന്നത്. പുരുഷനാണ്. ഒരു മുപ്പത്തിഅഞ്ചു വയസ്സു പ്രായം തോന്നിക്കും.

ആകെക്കൂടി എനിക്കനുകമ്പ തോന്നി. എന്നെപ്പോലെ നിരാശ്രയനായ ഒരു മനുഷ്യൻ. വഴിപോക്കനായിരിക്കും. എന്തെങ്കിലും സഹായം.......അതെ, എന്താണു സഹായം ചെയ്യുക? ഒന്നും ചിന്തിച്ചില്ല.

" എന്തു പററി ? " എന്നും ചോദിച്ചു ഞാൻ അടുത്തു ചെന്നു. ഒരു രണ്ടു മൂന്നടി അടുത്തപ്പോൾ ഒരു ചെറിയ തമാശ. അപ്പോഴും എനിക്കു ഭയം തോന്നിയില്ല. ചോരെങ്കിൽ ഭയപ്പെടാൻ ഒന്നും ഇല്ലായിരുന്നതാനും. ഞാനാ മനുഷ്യന്റെ അടുത്തു ചെന്നപ്പോൾ.......മനുഷ്യനല്ല !

വെളുത്ത ഒരു മലപോലൊത്ത കാള ! അതു കൊമ്പും കുലുക്കി നാലു കാലുകളിൽ എണീററു നിന്നപ്പോൾ അതിന് അസാധാരണമായ പൊക്കമുണ്ടെന്നെനിക്കു തോന്നി.

" ഓ നീയാണല്ലേ ? " എന്നു വളരെ പരിചയമുള്ള മട്ടിൽ ഞാൻ ചോദിച്ചു. തന്നെയുമല്ല അതിന്റെ തുടയിൽ വളരെ സ്നേഹത്തോടെ ഞാനൊന്നടിക്കുകയും ചെയ്തു. ഇല

# സ്വപ്നത്തിലെ ഓണപ്പുലരി

(കുമ്മി)

ഒ. എം. അനുജൻ

ഒന്ന്

അന്ധകാരത്തിരശ്ശീല നീക്കി
പൊന്നുതിരുവോണമെത്തി നോക്കി ;
വർണ്ണോജ്ജ്വല വിഭാതാകാശവേദിയിൽ
വന്നു ചേർന്നു നൃത്തമാടുമർക്കൻ—മെല്ലെ
വന്നു ചേർന്നു നൃത്തമാടുമർക്കൻ.

രണ്ട്

മാമലനാടിൻ നവോദയംപോൽ
മാബലിയിങ്ങെഴുന്നള്ളിടുമ്പോൾ,
നൂനമാകാശത്തിൻ കണ്ണിൽക്കിളുർന്നുള്ളൊ-
രാനന്ദബാഷ്പമാ രക്തതാരം—നോക്കു-
കാനന്ദബാഷ്പമാ രക്തതാരം.

---

ക്ടിക് കറൻറു തൊട്ടതുപോലെ ആ കാള ഒന്നു വിറച്ച് തുള്ളിച്ചാടി അടുത്തുള്ള സർപ്പക്കാട്ടിലേക്ക് ഓടിക്കയറിയപ്പോൾ കരിയിലകൾ പറക്കുകയും വൃക്ഷങ്ങൾ കുലുങ്ങുകയും........ ആകെക്കൂടി ഒരു പന്തിയില്ലായ്മ എനിക്കു തോന്നി. എങ്കിലും ഞാൻ നിന്നില്ല. തിരിഞ്ഞു നോക്കാതെ നീണ്ടുനിവർന്ന് ഞാനിങ്ങു നടന്നുപോന്നു. നടക്കുമ്പോൾ ഞാൻ വിചാരിച്ചു : ഒരു പക്ഷേ നിലാവിൽ അങ്ങനെ തോന്നിയതായിരിക്കാം. അതു മനസ്സു വിശ്വസിക്കുന്നില്ല. സംശയം. മുപ്പത്തഞ്ചു വയസ്സു തോന്നിച്ച മെലിഞ്ഞ പുരുഷൻ എങ്ങനെ അത്ര പെട്ടെന്ന് ആ മലപോലത്തെ വെളുത്ത കാളയായി ?

———

മൂന്നു്

ഒന്നര നൂററാണ്ടു കാലമായി
കൺ ചിമ്മിയ പൂക്കളോരോന്നായി
ബന്ധനച്ചങ്ങല കണ്ണികൾ പൊട്ടവേ,
നിന്നിമേഷാക്ഷിയാൽ നോക്കിനില്ലായ്—ഞെട്ടി,
നിന്നിമേഷാക്ഷിയാൽ നോക്കിനില്ലായ്.

നാലു്

മാങ്കൊമ്പിന്മേൽ തളിരുണ്ടിരുന്നു
പൂങ്കുയിലിങ്ങനെ പാടിടുന്നു :–
പാരതന്ത്ര്യത്തിൻ കനത്ത കൈയാമത്തിൻ
ഭാരം ചുമക്കരുതിന്നൊരാളും—മഹാ–
ഭാരം ചുമക്കരുതിന്നൊരാളും !

അഞ്ചു്

"പൊട്ടിത്തെറിച്ചോട്ടെ സ്തബ്ധശൈലം ;
പൊട്ടിച്ചിരിച്ചോട്ടെ പുഷ്പജാലം ;
ഞെട്ടി വിറച്ചോട്ടെയുന്നത താരകം ;
നെററി ചുളിച്ചോട്ടെ പാരാവാരം—വേത്ത
നെററി ചുളിച്ചോട്ടെ പാരാവാരം.

ആറ്

"എന്നാലും മാറെറാലിക്കൊള്ളും വാനം
ഒന്നാകെ ഭേദിച്ചൈന്നൈക്യഗാനം ;
ഇന്നതിനൊത്തു ചവിട്ടിപ്പെൺകുട്ടികൾ
കമ്മിയാടും പാടിക്കമ്മിയാടും—ഒത്തു
കമ്മിയാടും പാടിക്കമ്മിയാടും !

[പകപ്പ്വകാശം]

—*—

പാലിനേക്കുറിച്ചു ഒരു പേജ് ഉപന്യാസം എഴുതണമെന്നു അദ്ധ്യാപകൻ ആവശ്യപ്പെട്ടു. അര പേജ് എഴുതി, വളരെ തൃപ്തിയോടെ ജോണി പറഞ്ഞു : " ദാ സാർ, എഴുതിക്കഴിഞ്ഞു."

സാർ : എന്താ ജോണി, ഇതു് അര പേജേ ഉള്ളല്ലോ ?

ജോണി : സാർ, ഞാൻ കട്ടിപ്പാലിനേ (Condense milk) കുറിച്ചാണു് എഴുതിയതു്.




## "നീണ്ട നിഴൽ"

ഗ്രന്ഥകർത്രി: ശ്രീമതി കോന്നിയൂർ മീനാക്ഷിയമ്മ, എം. എ.

യൂനിവേർസിററി കോളേജ്, തിരുവനന്തപുരം.

(വില 2 ക.)

---

നിരൂപണം ചെയ്യുന്നതിനും മററുമായി ഇയ്യിടെ പല മലയാളപുസ്തകങ്ങൾ വായിച്ചുനോക്കിയ കൂട്ടത്തിൽ ഏററവും ആസ്വാദ്യമായി തോന്നിയ ഒരു കഥാഗ്രന്ഥമാണ് 'നീണ്ട നിഴൽ'. കത്തുകൾ മുഖേന കഥപറയുന്ന സമ്പ്രദായം മലയാളത്തിൽ പുതിയതല്ലെങ്കിലും, ഒരു നോവലിന്റെ ദൈർഘ്യമുള്ള കഥ പ്രസ്തുത സാങ്കേതിക മാർഗ്ഗം ഉപയോഗിച്ചു ആവിഷ്ക്കരിക്കാൻ ഇതുവരെ ആരും തുനിഞ്ഞിട്ടില്ല. ഒരു കത്തുകൊണ്ടോ ഏതാനും കത്തുകൾ കൊണ്ടോ, കാര്യം നിർവ്വഹിക്കുന്ന ചെറുകഥകൾ മലയാളത്തിൽ പലതുണ്ട്. പക്ഷേ അവയിൽ മിക്കതിന്റേയും വിഷയങ്ങൾ ഔചിത്യബുദ്ധിയോടുകൂടി തിരഞ്ഞെടുക്കപ്പെട്ടവയല്ല. പ്രത്യേക സാഹചര്യങ്ങളിലും സന്ദർഭങ്ങളിലും ഹൃദയത്തിലുണ്ടാകുന്ന ചലനഭേദങ്ങൾ സൂക്ഷ്മമായും നിഷ്കപടമായും ആവിഷ്ക്കരിക്കുന്നതു് ഏതിനും കഥകളുടെ ജീവൻ ആയിരിക്കുന്നുവോ, അത്തരം കഥകളാണു ഈ സാങ്കേതിക മാർഗ്ഗത്തിനു യോജിച്ചതു്. നീണ്ട നിഴലിന്റെ വിജയത്തിനു ഒരു പ്രധാന കാരണം, ഇത്തരം ഒരു കഥാവസ്തു ഗ്രന്ഥകർത്രി തിരഞ്ഞെടുത്തു എന്നുള്ളതാണ്.

അന്യരുടെ രഹസ്യങ്ങൾ അറിയുന്നതിനു അന്യൂനമായ ഒരു ഉത്സാഹം സാധാരണ മനുഷ്യർക്കൊക്കെയുണ്ടു്. ആരും കാണാതെ അത്തരം രഹസ്യങ്ങൾ കണ്ടുപിടിച്ചു അതിൽ നിർവൃതി അടയുന്ന ഒരു കൂട്ടം ആളുകളുണ്ടു്. അവരെ തപാലാപ്പീസിൽ ജോലിക്കു പ്രവേശിപ്പിക്കരുതെന്നു നാം പറയും. എങ്കിലും യോഗ്യരെന്നു ഭാവിക്കുന്ന നമ്മിൽ പലരും അവരുടെ സ്വഭാവം ഉള്ളവരാണ്. ഇത്തരം രഹസ്യങ്ങൾ ഒഴുകുന്നതു കത്തുകളിൽ കൂടെയാണ്.

തന്നെയുമല്ല, രണ്ടുപേർ തമ്മിൽ രഹസ്യസല്ലാപം നടത്തുമ്പോൾ പോലും പറയാൻ മടിക്കുന്ന പല രഹസ്യങ്ങളും കത്തുകളിൽ തടസ്സം കൂടാതെ ഒഴുകുന്നതു കാണാം. ഇങ്ങനെ അല്പംപോലും നിറം കലരാതെ ആത്മാർത്ഥത പ്രവഹിക്കുന്ന ഒരു രംഗമാണ് കത്തുകൾ. ഇത്തരമൊരു പ്രവാഹത്തിന്റെ സമീപത്തു നമ്മെ നിർത്തി ആനന്ദിപ്പിക്കുക മാത്രമല്ല, അതിൽ മുഴുകി രസിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുകയും ആണ് ശ്രീമതി മീനാക്ഷിയമ്മ ചെയ്യുന്നതു്. ഒരു ചുരുങ്ങിയ പ്രാരംഭം കൊണ്ടു അതിന്റെ ഉത്ഭവസ്ഥാനത്തേക്കു നാം ആനീതരാകുന്നു.

'ധർമ്മാലയം' എന്ന പേരോടു കൂടിയ ഒരു അനാഥശാലയിൽ പതിനാറു വയസ്സുവരെ കഴിഞ്ഞുകൂടിയ ഒരു പെൺകുട്ടിയാണ് ജാനു. സുന്ദരിയും സമർത്ഥയുമായ ഇവളുടെ ഭാഗ്യതാരം ഒരു ദിവസം സന്ധ്യക്കു യാദൃച്ഛികമായി ഉദിച്ചു. ഭരണസമിതിയിലെ അംഗമായ ഒരു ധനാഢ്യൻ ജാനുവിനെ കോളേജിൽ വിട്ടു പഠിപ്പിക്കുന്നതിനു തീരുമാനിച്ചു. ഈ ഉപകർത്താവ് കാറിൽ കയറാൻപോകുമ്പോൾ ഭിത്തിയിൽ വീണനിഴൽ (നീണ്ടതു്) മാത്രമെ ജാനു കാണുന്നുള്ളു. ആ ധനാഢ്യനു മുറയ്ക്കു കത്തുകൾ അയച്ചുകൊണ്ടിരിക്കണമെന്നും, മറുപടിയായി കത്തുകൾ പ്രതീക്ഷിക്കാൻ പാടില്ലെന്നുമാണ് കരാറ്. ജാനുവിന്റെ സന്തോഷത്തിനു അതിരില്ലായിരുന്നു. നാലുവർഷം അവൾ കോളേജിൽ പഠിക്കുമ്പോൾ അയച്ചിട്ടുള്ള കത്തുകളുടെ സമാഹാരമാണ് 'നീണ്ട നിഴൽ' എന്ന പുസ്തകം.

ഈ നീണ്ട നിഴലിന്റെ ഉടമസ്ഥനെ ഒന്നു കാണുന്നതിനും, അദ്ദേഹത്തിന്റെ ഒരു കത്തുവായിക്കുന്നതിനും ജാനു വളരെയധികം ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തിരുന്നുവെങ്കിലും അതിനുവേണ്ടി അവൾ നാലു വർഷം കാത്തിരിക്കേണ്ടതായിട്ടാണ് വരുന്നതു്. നീണ്ടനിഴലിൽ നിന്നു ധാരാളം സമ്മാനങ്ങളും ആവശ്യംപോലെ പണവും ലഭിക്കുന്നുണ്ടെങ്കിലും കത്തിടപാടുകൾ നടത്തുന്നതു് അദ്ദേഹത്തിന്റെ കാര്യസ്ഥനാണ്. ഇക്കാര്യത്തിൽ ജാനുവിനു കുറേ സങ്കടവും നൈരാശ്യവും ഉണ്ടെങ്കിലും, അവളുടെ കൃത്യം അവൾ ഭംഗിയായി നിറവേററിവന്നു. അവളുടെ കത്തുകളിൽ, നയനാഭിരാമമായ പരിസരങ്ങളിൽ സ്ഥാപിച്ചിരുന്ന ഒരു കലാലയത്തിൽ ജീവിതം നയിക്കുന്ന വിദ്യാർത്ഥിനികളുടെ വിവിധപരിപാടികളെ സരസവും സമഗ്രവുമായി ചിത്രീകരിച്ചിട്ടുണ്ട്. അനാഥശാലയുടെ ഇടുങ്ങിയതും പരതന്ത്രവുമായ അന്തരീക്ഷത്തിൽ നിന്നു്, കലാലയത്തിന്റെ വിശാലവും സ്വതന്ത്രവുമായ മണ്ഡലത്തിലേക്കു പെട്ടെന്നൊടുത്തെറിയപ്പെട്ട ഒരു കുമാരീഹൃദയത്തിന്റെ വളർച്ചയും, ഉയർച്ചയുമാണു നമ്മുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കുന്നതു്. ഈ മനോവികാസത്തിന്റെ എല്ലാവശങ്ങളും, സൂക്ഷ്മവും മൃദുലവുമായ ഗതിവിശേഷങ്ങളും ആകർഷകമായി അതിസമർത്ഥമായി ആവിഷ്കരിക്കാൻ ഗ്രന്ഥകർത്രിക്കു കഴിഞ്ഞിട്ടുണ്ട്. ഉപകർത്താവായ നീണ്ട നിഴലിന്റെ നേർക്കു ജാനുവിനു തോന്നുന്ന വികാരങ്ങൾ കേവലം കൃതജ്ഞതയും ബഹുമാനവും മാത്രമല്ല, അസ്പഷ്ടങ്ങളായ പലതും ആ ആകർഷണത്തിൽ ലയിച്ചുകിടക്കുന്നുണ്ട്. മററൊ

നുമറിയാൻ കഴിഞ്ഞിട്ടില്ലെങ്കിലും അവളുടെ അമ്മാവനു് (അങ്ങനെയാണ് അവരം ആ നീണ്ടനിഴലിനെ സംബോധന ചെയ്ക പതിവ്) കഷണ്ടി ഉണ്ടോ എന്നും, അദ്ദേഹം വിവാഹിതനാണോഎന്നും അവരംക്ക അറിഞ്ഞേ കഴിയൂ. ഇതു വെറുമൊരു ജിജ്ഞാസയാണോ! ഈ നിഴൽ അവളെ ഒരുവശത്തേക്ക് ക്രമേണ വലിച്ചുകൊണ്ടിരിക്കുമ്പോരം, മറെറാരു ദീർഘകായൻ അവളുട ജീവിതത്തിൽ ക്രമേണ നിഴൽ വീശിത്തുടങ്ങി— ഒരു മി: വി. എൻ. മേനോൻ. മേനോനുമായുള്ള സഖിത്വം ക്രമേണ പ്രണയമായി വികസിക്കുന്നു. അങ്ങനെ മറെറാരു ചരടു അവളുടെ ജീവിതത്തെ വേറൊരു വശത്തേക്കു വലിച്ചുതുടങ്ങി. നീണ്ടനിഴലിൻെറയും മേനോൻെറയും ചരടുപിടുത്തം ജാനുവിൻെറ ജീവിതത്തിൽ ഒരു സങ്കീർണ്ണമായ പിരിമുറുക്കം (tension) ഉണ്ടാക്കുന്നു. ഇതാണ് കഥയുടെ മമ്മം. ഒടുവിൽ നീണ്ട നിഴൽ മറെറാരു വ്യക്തിയല്ലെന്നും മേനോൻെറ നിഴൽ മാത്രമാണെന്നുംഅറിയുമ്പോരംനായികയുടേയും വായനക്കാരുടേയും മനസ്സിലെ പിരിമുറുക്കം അവസാനിക്കുന്നു; കഥയും തീരുന്നു.

നീണ്ടനിഴലിൽ നൂറിൽപരംകത്തുകരം ഉണ്ടെങ്കിലും അവ രസശൂന്യമോ വൈവിധ്യരഹിതമോ ആകുന്നില്ല. പ്രത്യേകിച്ചും കത്തുകരം അവസാനിപ്പിക്കുന്നവിധം ആരേയും ആകർഷിക്കാതിരിക്കയില്ല. ഇതു കണ്ടപ്പോരം ഫാൻസിക്കേക്കുകളിൽ പഞ്ചസാരയിൽ ചായംകലത്തി വല്ലിയും പൂക്കളും പൊതിഞ്ഞു ഭംഗിപിടിപ്പിക്കുന്ന വിദ്യയാണ് ഞാൻ ഓത്തുപോയതു്. ലീലയുടെ (ജാനുവിൻെറ ഓമനപ്പേർ).മനസ്സിൽ ഓരോ കാലത്തും ഉണ്ടായ മാററങ്ങളും ആശകളും അറിയണമെങ്കിൽ കത്തുകളുടെ അവസാനംമാത്രം നോക്കിയാൽ മതി. 'വിനീതവിധേയയും, അനാഥയുമായ ജാനു ക്രമേണ, കലാലയലാലസയായി, ഉത്സാഹവതിയും, സന്തുഷ്ടചിത്തയും ആയി, അഭിമാനിനിയായി അധമ്മഭീരു'വായി അനവധി സാരികളുടെ ഉടമസ്ഥയായി, വിജ്ഞാനതല്പരയായി, സ്നേഹനിർഭരയായി, വ്യാകരണവിവശയായി, ഇടയ്ക്കു പരിഭവ കലുഷിതയായി, രാഷ്ട്രകാര്യകുശലയായി സഖാവായി ഇങ്ങിനെ പോവുകയാണു്. ഒടുവിൽ ലീല 'ദുഃഖാകുലയുംഅനുരാഗവതിയും അനുഷ്ഠേയമെന്തെന്നറിവില്ലാത്തവളുമായി' കുറച്ചു വിഷമിക്കുന്നുവെങ്കിലും അവസാനത്തെ കത്തിൽ 'ആജീവനാന്തം അങ്ങിൽ (അമ്മാവനിൽ) ആണ്ടുപോയ അവിടത്തെ എന്നത്തേയും ഓമനജാനുവായ സ്വന്തം ലീല' യായി പരിവത്തനം ചെയ്യുന്നു. അതുകഴിഞ്ഞു P.S. ആയി ഒരു ചെറു ഫലിതപ്രയോഗം ക്രടെയുണ്ടു്. "ഇതെൻെറആദ്യത്തെപ്രണയലേഖനമാണു്. എന്താ നന്നായിരിക്കുന്നില്ലേ?" ഇതുവായിച്ചപ്പോരം ഇതെഴുതുന്നആളിനുതോന്നിയതു് അതു അവസാനത്തെ പ്രണയലേഖനമാണെന്നാണു്. കാരണം ഇതുവരേയുള്ള കത്തുകളിൽപ്രണയത്തിൻെറ കതിരുകരം നീണ്ടനിഴലിനെ അനുഭവിക്കുന്നതായി കാണാൻ കഴിഞ്ഞു എന്നുള്ളതും, ഇനിമേൽ ലേഖനങ്ങരം (ഉണ്ടെങ്കിൽതന്നെ) അവയുടെ മട്ടുമാറാതെ നിവൃത്തിയില്ല എന്നുള്ളതുമത്രേ.

ഏകാഗ്രതയും, ലാളിത്യവും പരിഗണിക്കുമ്പോരം 'നീണ്ടനിഴൽ' നീ

ണ്ടു ഒരു ചെറുകഥ മാത്രമാണ്. നായികയുടെ കത്തുകൾകൊണ്ടുമാത്രം കഥാവിസ്താരം സാധിച്ചിരിക്കുന്നതുകൊണ്ടു ഇതിൽ ഏകലക്ഷ്യഗതാഗതമാണ് (one way traffic) കാണുന്നതു്. അതിനാൽ നായകനിൽ നിന്നും യാതൊരു പ്രോത്സാഹനവുമില്ലാതെ നായിക ഇത്രവളരെ ഉത്സാഹവും, സ്നേഹനിർഭരമായ പ്രസരിപ്പും പ്രദർശിപ്പിക്കുന്നതിൽ വായനക്കാരനു ആശ്ചര്യം തോന്നാൻ ഇടയുണ്ടു്. പക്ഷെ സമുദ്രം നിശ്ചലമായ്ക്കിടന്നാലും ഒഴുകിച്ചെല്ലുക നദിയുടെ കൃത്യമാണല്ലോ. അതാണ് ഈ കത്തുകളെ ഒരു പ്രവാഹത്തോടു താരതമ്യപ്പെടുത്താൻ ഒരു കാരണം. ഭാഷാരീതിയുടെ ഒഴുക്കും, പ്രസന്നതയും ഇത്തരുണത്തിൽ എടുത്തു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എങ്കിലും കത്തുകളുടെ എണ്ണം കുറച്ചു കുറയ്ക്കാമായിരുന്നു എന്നും തോന്നാതിരിക്കുന്നില്ല. അപൂർവ്വം ചില കത്തുകളും, ചില കത്തുകളുടെ ഭാഗങ്ങളും നായകന്റെപേരിൽ പോകുന്നുവെങ്കിലും വായനക്കാരെ ഉദ്ദേശിച്ചുള്ളതാണ്. അവസാനത്തെ കത്തിൽ തന്നെ അങ്ങനെ ചില ഭാഗങ്ങൾ ഉണ്ടു്. പക്ഷെ വികാരോഷ്മളമായ പ്രതിപാദനത്തിൽ ഇതൊക്കെ വായനക്കാരന്റെ ശ്രദ്ധയിൽ പെടുന്ന കാര്യംതന്നെ സംശയമാണ്. ആകപ്പാടെ സുന്ദരവും ഹൃദ്യവുമായ ഒരു കൃതി ആയിട്ടുണ്ടു് നീണ്ടനിഴൽ. പുരുഷന്മാർക്കു മേനോനോടും, സ്ത്രീകൾക്കു ലീലയോടും, കഥാകൃത്തുകൾക്കു് ശ്രീമതി മീനാക്ഷി അമ്മയോടും അസൂയ തോന്നിയാൽ ഞാൻ അത്ഭുതപ്പെടുകയില്ല.

——:o:——

# കൈപ്പററി

ശ്രീ. ആർ. എം. മാണിക്കത്തു്, ശ്രീ. രാമചന്ദ്രൻ എന്നിവരുടെ ആധിപത്യത്തിൽ മദിരാശിയിൽ നിന്നും പുറപ്പെടുന്ന സ്റ്റെൻറർ (Stenter) എന്ന ഇംഗ്ലീഷു മാസികയുടെ നാലു ലക്കങ്ങളും കൈപ്പററിയിരിക്കുന്നു. പ്രസിദ്ധ കലാകാരനായ ശ്രീ. കെ. സി. എസ്സ്. പണിക്കരുടെ ചിത്രങ്ങളും, രസകരങ്ങളായ പല ലേഖനങ്ങളും ഈ പുതിയ മാസികയിൽ കാണുന്നു. ഈ ഉദ്യമത്തിനു സർവ്വ വിജയങ്ങളും ആശംസിക്കുന്നു.

പത്രാധിപർ.

—o—

# വിദ്യാർത്ഥിലോകം

[ഈ പംക്തിമൂഖേന വിദ്യാർത്ഥികളുടെ സാഹിത്യപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്—പത്രാധിപർ.]

കൊച്ചേട്ടൻ

പ്രിയപ്പെട്ട കൊച്ചനുജന്മാരേ,

നിങ്ങൾക്കെല്ലാം രസകരമായിത്തോന്നുന്ന ഒരു പുതിയ കഥയുമായിട്ടാണു കൊച്ചേട്ടൻ ഈ പംക്തിയിലേക്കു കടന്നുവരുന്നത്. എന്താണു കഥയെന്നല്ലേ; കുറച്ചൊന്നു ക്ഷമിക്കൂ! അതിനു മുമ്പ് അനുജന്മാരോടു ചില ഗൌരവമുള്ള കാര്യങ്ങൾ പറയുവാനുണ്ട്.

ഇതെന്ത്? അപ്പോഴേയ്ക്കും അനുജത്തികൾ ഏട്ടനോടു പിണങ്ങിത്തുടങ്ങിയോ! അവരെ ഞാൻ മറന്നുകളഞ്ഞെന്നോ? ഏ! അത്രവേഗം പിണങ്ങിയാലോ കൂട്ടരേ! ഞാൻ നിങ്ങളെയങ്ങു വിട്ടുകളഞ്ഞതല്ല. വരണം, നിങ്ങളും വരണം. മുൻപന്തിയിൽത്തന്നെ സീററുറപ്പിച്ചോളൂ. അല്ലെങ്കിൽ ഞാൻ ആകെയൊന്നു ക്രമപ്പെടുത്തിക്കളയാം. ശരി, ഞാനെന്തായിരുന്നു പറഞ്ഞുനിർത്തിയത്? അതെ, ചില ഗൌരവമേറിയ സംഗതികൾ നിങ്ങളോടു പറയാനുണ്ടെന്ന്.

നിങ്ങൾ സാധാരണ പത്രങ്ങളും മാസികകളുമൊക്കെ വായിക്കാറുണ്ട്. ഇല്ലേ? നല്ല കഥകളും കവിതകളും നിങ്ങൾക്കു വലിയ ഇഷ്ടമാണ്. എനിക്കും അങ്ങനെതന്നെ. പക്ഷേ, അത്തരമൊക്കെ എഴുതുന്ന എഴുത്തുകാരെക്കുറിച്ചു നിങ്ങൾ ചിന്തിച്ചുകാണുകയില്ല. അല്ലേ? ആദ്യമൊക്കെ ഞാനും അങ്ങനെയായിരുന്നു. പിന്നീടു ഞാൻ ആലോചിച്ചുനോക്കി. അവരെന്താ, നമ്മളെപ്പോലെതന്നെ കുട്ടികളായിരുന്നവരല്ലേ? വിദ്യാർത്ഥികളായിരുന്നപ്പോൾ നമ്മളെപ്പോലെ തന്നെ കളിച്ചും ചിരിച്ചും പാഠം പഠിച്ചും കഴിഞ്ഞവരല്ലേ? എന്നിട്ടോ? അവരിപ്പോൾ നല്ല പേരെടുത്ത സാഹിത്യകാരന്മാരാണ്. കഥയും കവിതയുമൊക്കെ എഴുതുന്നവരാണ്. എന്തുകൊണ്ട് നമുക്കും അവരെപ്പോലെ ആയിക്കൂടാ? അതാണ് ഞാൻ ആലോചിച്ചത്. നിങ്ങളിൽ വല്ലവരും അങ്ങനെ ആലോചിച്ചിട്ടുണ്ടോ? ഉള്ളതു പറഞ്ഞോളൂ. ഇല്ലെങ്കിൽ വേണ്ട. അതിൽ അഭിമാനക്കുറവൊന്നും വിചാരിയ്ക്കാനില്ല. ഇടയ്ക്കൊന്നു പറഞ്ഞോട്ടെ; കൊച്ചേട്ടനോടു നിങ്ങൾക്കെന്തും തുറന്നു പറയാം. കേട്ടോ!

എന്റെ വീട്ടിന്റെ തൊട്ട വീട്ടിൽ താമസിക്കുന്നത് ഒരു കഥയെഴുത്തുകാരനാണ്. മുമ്പ് ഞങ്ങൾ തമ്മിൽ പരിചയമില്ലായിരുന്നു. ഒരു ദിവസം, വിചാരിക്കാതെ അയാൾ ഞങ്ങളുടെ വീട്ടിൽക്കയറി വന്നു. എന്തോ സംഗതിയെക്കുറിച്ച് അച്ഛനുമായി ആലോചിക്കുവാനായിരുന്നു. തക്കം നോക്കി ഞാനും അടുത്തുകൂടി. ആദ്യമൊക്കെ എനിക്കു ധൈര്യമുണ്ടായില്ലെങ്കിലും ഒടുവിൽ ഞാൻ ചോദിക്കുകതന്നെ ചെയ്തു. "സാർ എങ്ങനെയാണ് ഈ കഥകളൊക്കെയെഴുതുന്നത്?"

ഇഷ്ടൻ ചിരിച്ചുകൊണ്ടു പറയുകയാ "കുട്ടിക്കു കഥ വായിക്കുന്നതു് ഇഷ്ടമാണോ ?" വാസ്തവത്തിൽ എനിക്കു കഥകൾ വലിയ ഇഷ്ടമായിരുന്നു. ഞാൻ പറഞ്ഞു :

"എനിക്കു കഥ വായിക്കുന്നതു നല്ല ഇഷ്ടമാ."

എന്നിട്ടദ്ദേഹം പറഞ്ഞതെന്താണെന്നോ? ആദ്യമൊക്കെ അനവധി കഥകൾ വായിച്ചിട്ടാണത്രെ ഇപ്പോൾ അദ്ദേഹം കഥയെഴുതുന്നത്. നല്ല കഥകൾ കിട്ടുന്നതു വായിച്ചാൽ എനിക്കും സ്വന്തമായി കഥകളെഴുതുവാൻ കഴിയുമെന്നും.

ഞാൻ ആ ഉപദേശം വെറുതെ വിട്ടില്ല. പിന്നെ ഒഴിവുള്ളപ്പോഴൊക്കെ എനിക്കു കഥ വായിക്കുവാൻ ഒരുത്സാഹം തോന്നി.

നിങ്ങളെന്താ മിണ്ടാത്തതു്? എന്റെ കഥ കേട്ടു മുഷിയുന്നുണ്ടോ ? ഉണ്ടെങ്കിൽ പറയണം. ഉടനെ ഞാനതങ്ങു നിർത്തിവച്ചേക്കാം.

ഓ! ശ്രദ്ധിച്ചു കേൾക്കുകയാണല്ലേ? ശരി. അങ്ങനെ ഇടയ്ക്കു ഞാൻ ചില കഥകൾ കുത്തിക്കുറിച്ചുനോക്കി. നന്നായില്ല. വീണ്ടും വീണ്ടും ഉത്സാഹിച്ചെഴുതി. ഒടുക്കം ഒരു നല്ല കഥയെഴുതുവാൻ കഴിഞ്ഞു. ഞാൻ അതു ഞങ്ങളുടെ നാട്ടിൽനിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ഒരു പത്രത്തിനയച്ചുകൊടുത്തു. വെറും തമാശിനു്. പക്ഷെ, അടുത്ത ആഴ്ചത്തെ പത്രത്തിന്റെ ഒരു കോപ്പി എനിക്കു തപാലിൽ കിട്ടി. ഞാൻ പത്രം ധൃതിയിൽ തുറന്നുനോക്കി. അതെ, എന്റെ ആ കഥ തന്നെ. ചുവടെ എന്റെ പേരും ചേർത്തിരിക്കുന്നു. ഒരു പുതിയ കഥാകാരൻ! അന്നെനിക്കൊരു സുദിനമായിത്തോന്നി. എന്റെ ഉത്സാഹം വീണ്ടുമൊന്നുണർന്നു. എനിക്കു കുറെയധികം നല്ല കഥകളെഴുതണമെന്നായി. ഞാൻ മുഷിഞ്ഞിരുന്നെഴുതി. പത്രങ്ങൾ എന്റെ കഥകൾ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുവാനും തുടങ്ങി. ഇന്നെനിക്കു കൊള്ളാവുന്ന കഥകളെഴുതുവാൻ കഴിയും.

നിങ്ങളിതുവരെ ശ്രദ്ധിച്ചു കേട്ടു. അല്ലേ ? ഇനിയെന്താണാലോചന? വേറെ വല്ല കഥയും ഞാൻ നിങ്ങൾക്കു പറഞ്ഞുതരുവാൻ പോകുന്നുവെന്നാണോ? ഇല്ല. ഈ പറഞ്ഞ കഥ മാത്രമേ കൊച്ചേട്ടനു് ഇന്നു നിങ്ങളോടു പറയുവാനുള്ളു. കഥ നമുക്കു് എത്ര വേണമെങ്കിലും പറയാം. പക്ഷെ, ഇതു് കാര്യമുള്ള കഥ.

എന്താ, നിങ്ങൾക്കും ഒരു നല്ല സാഹിത്യകാരനായാൽ കൊള്ളാമെന്നില്ലേ? ഉണ്ടു്. അല്ലേ ? പക്ഷെ, ആശിച്ചാൽ മാത്രം പോരല്ലോ. നല്ല നല്ല കഥകളും കവിതകളും ലേഖനങ്ങളുമൊക്കെ കിട്ടുന്നതു വായിക്കുക. പിന്നീടു് സ്വന്തമായി ആലോചിച്ചെഴുതുവാൻ നോക്കുക! അപ്പോൾ നിങ്ങൾക്കു കവികളാകാം, കഥയെഴുത്തുകാരാകാം, ചിന്തകന്മാരാകാം. എന്താ, മനസ്സിലായില്ലേ? കൊച്ചേട്ടൻ പറഞ്ഞതുപോലെയൊക്കെ ചെയ്യുവാനൊരുങ്ങിക്കഴിഞ്ഞുവോ ? ശരി, ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കാനുമൊരുങ്ങി. വായിക്കുക, എഴുതുക. എഴുതിയവ ഏട്ടനു അയച്ചുതരിക. അതിനാണു പത്രാധിപരോടു ചോദിച്ചു് ഈ പംക്തി ഞാൻ തുടങ്ങിയതു്. എന്നാൽ ഒരു കാര്യം നിങ്ങൾ മറക്കരുതു്. എന്താണെന്നോ? കൊച്ചേട്ടനു പത്രാധിപർ ചുരുങ്ങിയ സ്ഥലമേ അനുവദിച്ചിട്ടുള്ളു. അതു

കൊണ്ടു് നിങ്ങളിൽ നിന്നു കിട്ടുന്ന ലേഖനങ്ങളിൽ ഏററവും നല്ലവ ക്രമപ്രകാരം പ്രസിദ്ധപ്പെടുത്താനേ തരമുള്ളു. അതിൽ എൻെറ പ്രിയപ്പെട്ട അനുജന്മാരും അനുജത്തിമാരും പരിഭവിക്കരുതു്. എന്നാൽ ഒന്നു ഞാൻ വാഗ്ദത്തം ചെയ്യുന്നു— നിങ്ങളെ എൻെറ എല്ലാ കഴിവുകളുമുപയോഗിച്ച് പ്രോത്സാഹിപ്പിക്കാം. അതു പോരെ ?

ഈ പംക്തിയിലേക്കുള്ള ലേഖനങ്ങളും, കൊച്ചേട്ടൻ, C/O. ലോകവാണി, താംബരം. എന്ന വിലാസത്തിൽ അയക്കുക.

—: o :—

## പ്രേമതത്വം

[ഷെല്ലിയുടെ Love's Philosophy എന്ന കവിതയുടെ സ്വതന്ത്രവിവർത്തനം.]

പി. വി. പള്ളിക്കുന്നു്.

പൊട്ടിച്ചിരിക്കും നദികൾ—മടി-
ത്തട്ടിലുറവുറങ്ങുന്നു ;
ചെന്നു, തരംഗിണി ചേർന്നീ—ടുന്നു
മുന്നമലക്കടൽ തന്നിൽ ;
എന്നും മധുരവികാര—മൊന്നോ-
ടൊന്നിച്ചു ചേററ വീശുന്നു ;
ഏകമായ് പാരിലില്ലൊന്നും—എല്ലാം
ഏക ദൈവീകനിയമാൽ,
സമ്മിശ്രമന്യോന്യം ; എങ്കിൽ—പിന്നെ
നിന്നിൽ ഞാൻ ചേരുകിലെന്താം.

പൊങ്ങിക്കിടക്കും മലക—ളതാ-
ചുംബിച്ചിടുന്നു മാനത്തെ ;
കൊച്ചുതിരകളന്യോന്യം—ഗാഢം
കെട്ടിപ്പിടിച്ചു കളിപ്പൂ ;
ഒട്ടമസൂയ കൂടാതെ—സുമം
മൊട്ടൊത്തു ചാഞ്ചാടിടുന്നു ;
പാരിനെക്കെട്ടിപ്പിടിച്ചു—കൊണ്ടു
സൂരകിരണം രമിപ്പൂ ;
വാരിധിതന്നെ പ്പുണർന്നീ—ടുന്നു-
പൂരിതാഹ്ലാദം ശശാങ്കൻ ;
പ്രേമമേ-ശൂന്യമിതെല്ലാ—മെന്നെ
നീ മുദാ ചുംബിച്ചിടായ്കിൽ.

# വസ്തുവും പശ്ചാത്തലവും

കെ. സുരേന്ദ്രൻ.

ആരു പറഞ്ഞതാണെന്നറിഞ്ഞുകൂടാ. ആ കഥ എവിടെവച്ചോ കേട്ടതായി ഞാൻ ഓർക്കുന്നു. ജഹാംഗീറിൻെറ വംശത്തിൽ പിറന്ന ഒരു പാദുഷാ,—അദ്ദേഹത്തിനു നൂർജിഹാനെപ്പോലുള്ള ഒരു പട്ടമഹിഷിയും. ആ പാദുഷായും പട്ടമഹിഷിയും വളരെ പ്രേമത്തിലായിരുന്നു. അങ്ങിനെ പ്രേമിച്ചിരിക്കേ, ഒരു ദിനം, പട്ടമഹിഷി പെട്ടന്നങ്ങ് മരിച്ചുപോയി; പാദുഷാ തീരാത്ത വ്യസനത്തിലുമാണ്ടു. അതിർ കവിഞ്ഞ തൻെറ പ്രേമശോകങ്ങൾക്കു രൂപം കൊടുക്കുവാനായി ഒരു പ്രേമകുടീരം പണിയുന്നതിനു അദ്ദേഹം തീരുമാനിച്ചു. ശവമഞ്ചത്തെ ഉൾക്കൊണ്ടുകൊണ്ടു ഒരു പ്രേമകുടീരം മെല്ലെ ഉയൎന്നുതുടങ്ങി. കലാചതുരനായ പാദുഷാവിൻെറ മുഴുവൻ ശ്രദ്ധയും കുടീരനിൎമ്മിതിയിൽ കേന്ദ്രീകൃതമായി. കെട്ടിടം കുറെയങ്ങോട്ടുയരുമ്പോൾ, അതിൻെറ രൂപത്തിൽ ഏതെങ്കിലും ചില വ്യതിയാനങ്ങൾ വരുത്തണമെന്നു അദ്ദേഹത്തിനു തോന്നും; ആ തോന്നലുകൾക്കനുസരണമായി, പിന്നെ മാററിപ്പണിയും തുടങ്ങും. അങ്ങിനെ, പല മാററിപ്പണിയലുകൾക്കും, വീണ്ടും പണിയലുകൾക്കും ശേഷം, വളരെ വളരെക്കാലംകൊണ്ടു, വിശേഷാത്തരമായ ഒരു കലാശില്പം അവിടെ ഉയൎന്നു നിന്നു. എന്നിട്ടും, പാദുഷാവിനു പൂൎണ്ണ സംതൃപ്തി ഉണ്ടായില്ല. കലാലോലമായ അദ്ദേഹത്തിൻെറ ഹൃദയത്തിന്നു, എവിടെയോ ഒരു കല്ലുകടി അനുഭവപ്പെട്ടു. എന്തോ ഒരു പോരായ്മ. അവിടെയും ഇവിടെയും നിന്നു, അങ്ങേ അററത്തെ നിരൂപണദൃഷ്ടിയോടുകൂടി, അദ്ദേഹം പരിശോധിച്ചു. അവസാന പരിഷ്ക്കരണങ്ങളും, അവസാന സ്പൎശങ്ങളും നീണ്ടുനീണ്ടുപോയി. പക്ഷേ അവയ്ക്കും ഇല്ലേ ഒരവസാനം? ഒടുവിൽ യാതൊരു വ്യതിയാനവും പാദുഷാവിനു നിൎദ്ദേശിക്കുവാനില്ലെന്നായി. എന്നിട്ടും അദ്ദേഹത്തിനു തൃപ്തിയുണ്ടായില്ല. ആ കുടീരത്തിൻെറ കലാസൌഭാഗ്യത്തിൽ എന്തോ ഒരു കറുപ്പു പുള്ളി. എന്താണതു്? മുഖത്തുനിന്നും വശങ്ങളിൽനിന്നും, അടുത്തുനിന്നും ദൂരെനിന്നും അദ്ദേഹം പിന്നെയും പിന്നെയും പരിശോധിച്ചു. ഇല്ല, അവിടെയെങ്ങും ഒന്നും പറയാനില്ല. പിന്നെ പാദുഷാ അകത്തു പ്രവേശിച്ചു. എവിടെയാണാ കറുപ്പുപുള്ളി? അതീവമനോഹരമാംവണ്ണം അലങ്കരിച്ചുവച്ചിട്ടുള്ള ചുവരുകളിലും മച്ചുകളിലുമെല്ലാം പാദുഷാവിൻെറ കണ്ണുകൾ അലഞ്ഞുതിരിഞ്ഞു. അവസാനം നടുവിലിരുന്ന ശവമഞ്ചത്തിൽ അവ ചെന്നു തങ്ങി. വളരെനേരം അവ അവിടത്തന്നെ നിന്നു. കലാലാവണ്യത്തിൻെറ അലൌകികമായ പശ്ചാത്തലത്തിൽ, ആ ശവപ്പെട്ടി..........................

ശവപ്പെട്ടിയുടെ നേക്ക് കൈ ചൂണ്ടിക്കൊണ്ടു ഒടുവിൽ അക്ഷമയോ

ടെ പാദുഷാ ആജ്ഞാപിച്ചു. "അതു് അവിടെനിന്നും എടുത്തുമാററുവിൻ!''

കലാരസികനായ ഈ പാദുഷായുടെ കഥ പറഞ്ഞതു്, മറെറാരു വസ്തുത വിശദീകരിപ്പാൻ വേണ്ടിയാകുന്നു. നമ്മുടെ ജീവിതത്തിൻെറ അത്യന്തം പ്രകടമായ ഒരു സ്വഭാവം, ഈ കഥ, കലാത്മകതയോടെ ചൂണ്ടിക്കാണിക്കുന്നുണ്ടു്. പ്രകടമെന്നു മാത്രമല്ല, ഏററവും മൗലികമായ ഒരു സ്വഭാവം കൂടിയാകുന്നു അതു്; ജീവിതമെന്നു പറയുമ്പോൾ, സാമൂഹ്യ ജീവിതവും സാംസ്കാരിക ജീവിതവും സാന്മാർഗ്ഗിക ജീവിതവും, ആത്മീയ ജീവിതവും ഉൾപ്പെടെ, ജീവിതത്തിൻെറ എല്ലാ പ്രവർത്തന മണ്ഡലങ്ങളും ഉൾപ്പെട്ടുമല്ലോ. അങ്ങിനെ പ്രകടവും മൗലികവും എന്നു മാത്രമല്ല, വളരെയേറെ വ്യാപകംകൂടിയായ ഒരു സ്വഭാവവിശേഷത്തെയാണു്, ഈ പാദുഷായുടെ കഥ ചൂണ്ടിക്കാണിക്കുന്നതു്:—

പ്രേയസിയുടെ നേർക്കുള്ള വിങ്ങിപ്പൊട്ടുന്ന പ്രേമശോകങ്ങൾ പ്രകാശിപ്പിക്കുവാൻ ഒരു മാർഗ്ഗമായിട്ടാണല്ലോ, പാദുഷാ കുടീരനിർമ്മാണം തുടങ്ങിയതു്. പക്ഷെ കുറേയങ്ങോട്ടു കഴിഞ്ഞപ്പോൾ, മാർഗ്ഗം അങ്ങേർക്കു ലക്ഷ്യമായി. പ്രണയിനിയെച്ചൊല്ലി ഉണർന്ന വികാരാവേശങ്ങൾ മുഴുവൻ, സ്മാരകത്തിൻെറ നേർക്കു് ഒഴുകി. ഒഴുകിയെന്നുമാത്രമല്ല, ഒരു തുള്ളിപോലും ബാക്കി നില്ക്കാതെ ഒഴുകി. ഒടുവിൽ ഏതൊരു വസ്തുവിനുവേണ്ടി ആയാൾ പശ്ചാത്തലം ഒരുക്കിയോ, ആ വസ്തുവിനെത്തന്നെ അയാൾ വിസ്മരിച്ചു—പശ്ചാത്തലത്തിനുവേണ്ടി. അതുപോലെതന്നെയാണു നമ്മുടെ സാമൂഹ്യജീവിതവും. വസ്തുവിനെ പ്രതിഷ്ഠിക്കുവാനായി നാം പശ്ചാത്തലം പണിയാൻ തുടങ്ങും. അതായതു് യാഥാർത്ഥ്യമായ വസ്തുവിനു വേണ്ടി നിഴലായ പാശ്ചാത്തലത്തെ ഒരുക്കിത്തുടങ്ങും. പക്ഷെ, കുറെയങ്ങോട്ടു ചെല്ലുമ്പോഴേക്കും, വസ്തുവിൻെറ കാര്യം മറന്നിട്ടു നാമും നിഴലാണു് യാഥാർത്ഥ്യം എന്നെണ്ണും. വസ്തുവിൻെറ നേർക്കു് കൈ ചൂണ്ടിക്കൊണ്ടു് പാദുഷാവിനൊപ്പം നാമും ആജ്ഞാപിക്കും:—

''അതിനെ അവിടെ നിന്നും എടുത്തു മാററുവിൻ!"

ജീവിതത്തിൻെറ ഏതു തുറ വേണമെങ്കിലും പരിശോധിച്ചുകൊള്ളു,—ഇങ്ങിനെ പശ്ചാത്തലം വസ്തുവിനെ നാടു കടത്തുന്ന കാഴ്ചതന്നെ കണ്ണിൽ കൊണ്ടു കയറുന്നതാണു്. എവിടെയും പശ്ചാത്തലങ്ങളുടെ രാജവാഴ്ച. നിഴൽ യാഥാർത്ഥ്യമായിരിക്കുന്നു; യാഥാർത്ഥ്യം വെറും വ്യാമോഹവുമായിരിക്കുന്നു. ജീവിതത്തിൻെറ ഉച്ചനീചത്വങ്ങളെ നാമിന്നളക്കുന്നതു്, പശ്ചാത്തലങ്ങളുടെ വലിപ്പച്ചെറുപ്പങ്ങൾ നോക്കിയിട്ടാകുന്നു. ആ അളവു സമയത്തു്, വസ്തു, നല്ലതോ ചീത്തയോ എന്ന പരിഗണന വിദൂരമായിപ്പോലും നമ്മെ സ്പർശിക്കുന്നില്ല. നാം വസ്തുവിൻെറ വിലനിർണ്ണയിക്കുന്നതു്, ചുരുക്കത്തിൽ വസ്തുവിനെ നോക്കിയിട്ടല്ല, അതിൻെറ ചുററുപാടുകൾ നോക്കിയിട്ടാണു്,—പുരയിടത്തെ നോക്കിയിട്ടല്ല, അതിൻെറ ഏലുകകൾ നോക്കിയിട്ടു്!

നമ്മുടെ ഇടയിൽത്തന്നെ ഒരുവൻ ഉന്നതനും മാന്യനുമാകുന്നതു്, യവൻെറ വ്യക്തിത്വം മററുള്ളവരുടേതിനേക്കാൾ ഉന്നതമോ മാന്യമോ ആയതുകൊണ്ടാവില്ല. മറിച്ചു, അവൻെറ

# ജീവചരിത്രസരണി

## ക്ലാക്ക് ഗേബിൾ

കെ. എം. ജോർജ്ജ്.

ജന്മസിദ്ധമായ അഭിരുചിയുടെ ഫലമായി അഭികാമ്യമായിത്തോന്നുന്ന ഒന്നിൽ കയറിപ്പിടിക്കുക. ആകെ നശിച്ചാലും ശരീരം മുഴുവൻ തകന്നാലും! ആ പിടിത്തം വിടാതിരിക്കുക, ഇതാണു ഗേബിൾ.

*　　*　　*

ഏതാനും വർഷങ്ങൾക്കുമുമ്പു തെക്കേ അമേരിക്കയിലെ ചില വനിതാമണികൾ ഒരു യുവാവിന്റെ ചുററും അടുത്തുകൂടി അയാളുടെ കഴുത്തിൽ കെട്ടിപ്പിടിക്കുന്നതിനും, ലജ്ജ കൂടാതെ തോളിൽ കൈയ്യിട്ടു താല്പര്യം പ്രദർശിപ്പിക്കുന്നതിനും മുതിരുകയായി. രസകരമായ ഈ മത്സരത്തിൽ ചില സുന്ദരികൾ അയാളുടെ തൊപ്പിക്കു കടിപിടികൂട്ടി. മററു ചിലർ കോട്ടും ഷർട്ടും വലിച്ചുകീറി അവയുടെ കഷണങ്ങൾ നിത്യസ്മരണക്കാ-

---

മടിശ്ശീല മററുള്ളവരുടേതിനേക്കാൾ തടിച്ചതോ കനം തൂങ്ങുന്നതോ കൊണ്ട് മാത്രമായിരിക്കും. അഥവാ, സാമൂഹ്യശ്രേണിയിൽ അവനു നില്ക്കാനിടകിട്ടിയ ചവിട്ടുപടി മററുള്ളവരുടേതിനേക്കാൾ പൊങ്ങിയതാണെന്നും വരാം. ഒരേ കയ്യുകൊണ്ടു പ്രകൃതി വാരിവിതറിയ വിത്തുകളിൽ, ചിലതു കുന്നിൻപുറങ്ങളിലും, ചിലതു താഴ്വരകളിലും വീഴുന്നു. ദൈവം നിരപ്പായിത്തന്ന ഭൂമിയെ, നാം അങ്ങിനെ കുന്നും കുഴിയുമാക്കി ഇട്ടിരിക്കുകയാണല്ലോ. എന്നിട്ട്, താഴ്വരകളിൽ വളരുന്ന തേക്കുകൾ എത്ര ഉയരംവെച്ചാലും, മലമുകളിൽ നില്ക്കുന്ന മുരിങ്ങകളുടെ മൂടോളംകൂടി എത്തിച്ചേരുന്നില്ല. അതു കണ്ടുകൊണ്ട് നാം കയറി തീർപ്പും കല്പിക്കുന്നു.—മുരിങ്ങ തേക്കിനേക്കാൾ പൊക്കംകൂടിയതാണെന്നു. അതല്ലേ പരമാർത്ഥം? പണമുള്ളതുകൊണ്ടുമാത്രം ഒരുവനെ ബഹുമാനിക്കുന്ന നാം,—അല്ലെങ്കിൽ ഇന്നാരുടെ മകനായതുകൊണ്ടു മാത്രം, ഇന്ന ഉദ്യോഗത്തിൽ ചെന്നുവീണതുകൊണ്ടുമാത്രം ഒരുവനെ ബഹുമാനിക്കുന്ന നാം—തീർച്ചയായും ആളിനെയല്ല, ചവിട്ടുപടിയെയാണ് ബഹുമാനിക്കുന്നതു്; വസ്തുവിനെയല്ല, പശ്ചാത്തലത്തെയാണ് പൂജിക്കുന്നതു്.

[തുടരും]

യി വെമ്പൽപൂണ്ടു സൂക്ഷിച്ചു വെക്കുകയായി. അത്തരമൊരു അനുഭവം സാധാരണ പുരുഷന്മാക്ക് ആനന്ദോന്മാദം ഉണ്ടാക്കുന്നതാണെങ്കിലും, ഈ യുവാവിനു അതു ഒരു ബദ്ധപ്പാടായിട്ടാണു തോന്നിയതു്. ആരാണു് ഈ അസാധാരണ പുരുഷൻ? അഖിലലോക പ്രസിദ്ധിനേടിയിട്ടുള്ള സിനിമാതാരം— ക്ലാക്കു് ഗേബിൾതന്നെ. അമേരിക്കൻ ജീവിതത്തെക്കുറിച്ചോ, ചരിത്രത്തെക്കുറിച്ചോ യാതൊരു ഗന്ധവുമില്ലാത്ത അനേകകോടി മനുഷ്യർ—ചൈന, ഇന്ത്യ, യൂറോപ്പ്, ആഫ്രിക്കാ എന്നീ മഹാരാജ്യങ്ങളിലുള്ള സാധാരണ ആളുകൾ, ക്ലാക്ക് ഗേബിൾ എന്ന നാമം കേൾക്കുമ്പോൾ, ആനന്ദംകൊണ്ടു രോമാഞ്ചം അണിയും

ഇക്കഴിഞ്ഞ മഹാ യുദ്ധത്തിൽ ഇദ്ദേഹം പട്ടാളത്തിൽ ചേൎന്നു. സിനിമാസംബന്ധമായ സകല വ്യാപാരങ്ങളിൽനിന്നും അകന്നുനിന്നു ശാന്തമായി സ്വരാജ്യത്തെ സേവിക്കണമെന്നു ഗേബിൾ ആഗ്രഹിച്ചു. 1942 ലാണു അദ്ദേഹം സൈനികസേവനം ആരംഭിച്ചതു്. ഹോളിവുഡ്ഡിൽ ഇതുവരെ ഉണ്ടായിട്ടുള്ളതിൽവെച്ചു ഏററം ആകൎഷകമായ ഒരു കരാർ ചീന്തിക്കളഞ്ഞിട്ടാണു അദ്ദേഹം പട്ടാളജീവിതം സ്വീകരിച്ചതു്. ആഴ്ചതോറും 1500 പവൻവീതം ലഭിക്കുക. ഒരോ വൎഷവും 40 ആഴ്ചകൾ വീതം അങ്ങനെ എഴു വൎഷത്തേക്കായിരുന്നു ആ കരാർ എഴുതിയതു്. ഐക്യനാടുകളിലെ പ്രസിഡണ്ടിന്നു കിട്ടുന്ന ശമ്പളത്തിൻെറ അഞ്ചിരട്ടി വരുന്ന ഒരു തുക തള്ളിക്കളഞ്ഞ ഈ അത്ഭുതപുരുഷനു പകരം കിട്ടിയതു ഒരു കാക്കി യൂണിഫോറവും മാസം പത്തു പവനുമാണു്. ഇദ്ദേഹത്തിൻെറ ജീവിതരീതി ഏററവും ലളിതവും അകൃത്രിമവുമാണു്.

അത്യന്തം സാഹസങ്ങളും, ചൈതന്യപൂൎണ്ണങ്ങളുമായ അനേകം പടങ്ങളിൽ ക്ലാക്ക് ഗേബിൾ അഭിനയിച്ചിട്ടുണ്ടു്. പക്ഷേ അവയിൽ ഒന്നുംതന്നെ അദ്ദേഹത്തിൻെറ ജീവിതകഥയോളം നാടകീയമായിട്ടില്ല. അനേക വൎഷക്കാലത്തേക്കു ജീവിതം എന്നു പറയുന്നതു 'സമരം' എന്നതിൻെറ ഒരു പര്യായം മാത്രമായിട്ടാണു ഗേബിളിനു അനുഭവപ്പെട്ടിട്ടുള്ളതു്. പക്ഷേ പ്രതിബന്ധങ്ങൾകൊണ്ടു മടുത്തുപോകാത്ത ഒരു മനസ്ഥിതി അദ്ദേഹത്തിനുണ്ടായിരുന്നതാണു സകല വിജയത്തിൻെറയും കാരണം.

ഗേബിളിനു പതിനഞ്ചു വയസ്സുള്ളപ്പോൾ, ഇരുട്ടു നിറഞ്ഞിരുന്ന അയാളുടെ ജീവിതമാൎഗ്ഗത്തിൽ ഒരു കൊള്ളിമീൻ വീശി. അപ്പോൾ ജീവിതലക്ഷ്യം എന്താണെന്നു അയാൾ ശരിക്കു കണ്ടു. ഒരു രാത്രി കുറേയധികം താമസിച്ചശേഷം അയാൾ വെളിയിൽപോയി കാപ്പി കുടിച്ചു കൊണ്ടിരിക്കുമ്പോൾ അവിടെ ഒരു കൂട്ടം നടന്മാരെ കാണുന്നതിനു ഇടയായി അവരുടെ ഉത്സാഹവും, പ്രവൎത്തനരീതിയും, ജീവിതഗതിയും എല്ലാം ഗേബിളിനെ വല്ലാതെ വശീകരിച്ചു. അക്കാലത്തു ഗേബിൾ ഒരു റബ്ബർ ഫാക്ടറിയിൽ ടയിംകീപ്പർ ജോലി ചെയ്തു ആയിരുന്നു. അതിനു മുമ്പേ കൃഷി സംബന്ധമായ ജോലികൾ മാത്രമേ അയാൾ ചെയ്തിട്ടുള്ളു. എന്നാൽ ഈ നടന്മാരുമായി പരിചയപ്പെട്ടപ്പോൾ അങ്കുരിച്ച അഭിനിവേശം പെട്ടെന്നു തഴച്ചു തളിൎത്തു അന്തരീക്ഷം മുഴുവൻ നിറഞ്ഞു നിന്നു. നാടകലോകത്തിൽ ഒരു

കീടമായികഴിഞ്ഞു കൂടിയാലും ആത്മസംതൃപ്തിക്ക മറെറാന്നും ആവശ്യമില്ല എന്നു ഗേബ്ബിളിനു തോന്നി.

അണിയറയിൽ വേഷം അണിഞ്ഞുകൊണ്ടിരിക്കുന്ന നടന്മാരേ സമയം തെററാതെ രംഗത്തിലേക്ക ആനയിക്കുന്ന ജോലിയാണു ആദ്യം ഈ ബാലനു ലഭിച്ചതു്. കൂടാതെ നടന്മാരുടെ ദൌത്യം വഹിച്ചുകൊണ്ടു പോകുക, വസ്ത്രങ്ങൾ അലക്കാൻ കൊട്ടുകക എന്നിങ്ങനെ പല ചില്ലറ ജോലികളും അയാൾ ചെയ്തിരുന്നു. അങ്ങനെ രണ്ടു കൊല്ലം അവിടെ ജോലി നോക്കി. ശമ്പളത്തിന്റെ കണക്ക പറയാതിരിക്കുകയാണു ഭേദം. പരിചയംകൊണ്ടു പലതും പഠിക്കാൻ കഴിഞ്ഞു എന്നതു മാത്രമായിരുന്നു ആ ഉദ്യോഗംകൊണ്ടുണ്ടായ നേട്ടം. ചില നടന്മാരുടെ ഔദാര്യം കൊണ്ടു രണ്ടു നേരത്തെ ഭക്ഷണം വിഘ്നംകൂടാതെ ലഭിച്ചു എന്നുമാത്രം. പ്രഭാതഭക്ഷണം സാധാരണ ലഭിച്ചിരുന്നില്ല. ഈ പരിചയംമൂലം ഇദ്ദേഹം ഒരു കോടീശ്വരനായ ശേഷവും പ്രഭാതഭക്ഷണത്തിൽ തനിക്കു താല്പര്യം തോന്നിയിട്ടില്ല. അന്നത്തെ ജീവിതത്തേക്കാൾ ഇന്നു കൂടുതൽ ആനന്ദം ഉണ്ടോ എന്നു ആരോ ചോദിച്ചപ്പോൾ ഗേബിൾ കൊടുത്ത മറുപടി 'ഇല്ല' എന്നാണു്. "ഇന്നു് എനിക്ക ദിവസം 200 പവൻ വരവുണ്ടു്. എങ്കിലും സന്തോഷം പണത്തേയും കീർത്തിയേയും ആശ്രയിച്ചിരിക്കുന്നില്ല എന്നതു എത്രയോ പരമാർത്ഥമാണു്." ഇതാണു് അദ്ദേഹത്തിന്റെ വാക്കുകൾ.

പണത്തിന്റെ പുറകേ ഗേബിൾ പോയിട്ടില്ല. പക്ഷേ പണം അദ്ദേഹത്തിന്റെ പുറകേ ഓടിവന്നിട്ടുണ്ടു്. അതിനാൽ നാടകസംഘത്തോടു കൂടെ ചെലവഴിച്ച ആ രണ്ടു വർഷം ഗേബിളിനു ഏററവും സന്തോഷകരമായിരുന്നു. പക്ഷെ അവിടെയും ഒരു തകരാറുണ്ടാകുന്നു. ഗേബിളിന്റെ രണ്ടാനമ്മ മരിച്ചു. ഉടനേ അയാളുടെ പിതാവു കൃഷിജോലി ഉപേക്ഷിച്ചു എണ്ണ ഖനിയിൽ ജോലിചെയ്യുന്നതിനു തീരുമാനിക്കുകയും ഗേബിളിനേക്കൂടെ ജോലി ചെയ്യുന്നതിനു വിളിക്കുകയുംചെയ്തു. ദിവസം രണ്ടര പവൻ ശമ്പളം എണ്ണ ഖനിയിൽ കിട്ടുമ്പോൾ, പ്രായമായ ഒരു പുത്രൻ നാടകസംഘത്തിന്റെ പുറകേ അലഞ്ഞു നടക്കുന്നതു അയാൾക്ക ദുർവഹമായിത്തോന്നി. ഗത്യന്തരമില്ലാതെ ഗേബിൾ പിതാവിന്റെ ആജ്ഞക്കു വഴിപ്പെട്ടു. പക്ഷേ എത്ര നാളത്തേക്ക്! പത്തൊൻപതു വയസ്സായപ്പോൾ അയാൾ ആ ജോലി വലിച്ചെറിഞ്ഞിട്ടു് തന്റെ സ്വപ്നലോകത്തിലേക്ക വീണ്ടും കുതിച്ചു പാഞ്ഞു. ഈ പ്രാവശ്യം ഒരു സഞ്ചാരനാടകക്കമ്പനിയിൽ ചേർന്നു. 1922-ൽ ഈ കമ്പനി തകർന്നു നാമാവശേഷമായി.


അങ്ങനെ കീറിയ കാലുറയും കിഴിഞ്ഞ ചെരിപ്പുമായി വഴിയാധാരമായിത്തീർന്ന ഒരു ഇരുപത്തിരണ്ടുകാരനേയാണു നാം കാണുന്നതു്. മൂന്നു പെനിയാണു് അന്നത്തേ അദ്ദേഹത്തിന്റെ ആകെ സ്വത്തു്. പണം അയച്ചുതന്നാൽ തിരികെ വന്നുകൊള്ളാം എന്നൊരു കമ്പിസന്ദേശം ക്ലാർക്കു്, പിതാവിന്നയയ്ക്കാൻ എഴുതിവെച്ചു. എങ്കിലും ഭയങ്കരമായ ഒരു മാനസികമത്സരമാണു് അപ്പോൾ നടന്നതു്. ആ വടംവലിയുടെ വിജയം ഏതു ഭാഗത്തായിരിക്കും എന്നു കുറേ സമയത്തേക്ക നിശ്ചയിക്കാൻ

പാടില്ലാതെ നിന്നു. ഒടുവിൽ ഇഷ്ടപ്പെടുന്ന ജോലിക്കുവേണ്ടി പട്ടിണിയും പ്രയാസവും കൈവരിക്കാൻ തന്നെ അയാൾ ഉറച്ചു. സന്ദേശം എഴുതിയ കടലാസ്സു കീറിപ്പറപ്പിച്ചു. ഈ തീരുമാനമാണു ഇന്നത്തെ ഗേബിളിനേ– സുന്ദരീരത്നങ്ങളുടെ പിടിയിൽ കുഴങ്ങുന്ന താരത്തെ– സൃഷ്ടിച്ചതു്. സാഹചര്യങ്ങളുടെ പ്രേരണയേ അതിക്രമിച്ചു, ജന്മസിദ്ധമായ അഭിരുചിയുടെ ഫലമായി അഭികാമ്യമായിത്തോന്നുന്ന ഒന്നിൽ കയറിപ്പിടിക്കുക. ആകെ നശിച്ചാലും, ശരീരം മുഴുവൻ തകന്നാലും ആ പിടിത്തം വിടാതിരിക്കുക. ഇതാണു ഗേബിളിന്റെ ജീവിതത്തിലെ മമ്മം.

തൊഴിലില്ലായ്മ ഒരു വല്ലാത്ത പ്രശ്നമായിരിക്കുന്ന കാലഘട്ടമായിരുന്നു അന്നു്. ഒരു ഒഴിവു് ഉണ്ടാകുമ്പോഴേക്കും പത്തു പേർ മുട്ടിക്കൂട്ടും. ക്ലാക്കു് നിരാശനാകാതെ ഒരു പത്രത്തിന്റെ പരസ്യങ്ങൾ ക്രമവൽകരിക്കുന്ന ജോലിയിൽ പ്രവേശിച്ചു. അങ്ങനെ, പ്രസിദ്ധീകരിക്കുന്നതിനു മുമ്പുതന്നേ ടെലഫോൺ കമ്പനിയിൽ ഒരു ജോലി തട്ടിയെടുക്കാൻ ഗേബളിനു കഴിഞ്ഞു. ടെലിഫോൺസംബന്ധമായ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ നൃത്യധാര കൃത്യത്തിൽ സുപ്രസിദ്ധയായ ജോസഫയിൻ ഡില്ലണുമായി പരിചയപ്പെടാൻ കഴിഞ്ഞു. താമസിയാതെ ഗേബിൾ അവരുടെ പ്രിയശിഷ്യനായി, അതു കഴിഞ്ഞു കാമുകനായി പിന്നെ ഭർത്താവായി, ഒടുവിൽ ഗുരുവുമായി. പക്ഷേ ഇതുകൊണ്ടു കീർത്തിയുടെ മാർഗ്ഗം സുഗമമായില്ല. അനേക പടവുകൾ പിന്നെയും വെട്ടിയശേഷം A Free Soul എന്ന പടത്തിൽ അഭിനയിച്ചപ്പോഴാണു് ഗേബിളിനു പ്രശസ്തിയിലേക്കുള്ള മാർഗ്ഗം തുറന്നു കിട്ടിയതു്. അതുവരെ അദ്ദേഹം ചെറിയ ഭാഗങ്ങൾ അഭിനയിക്കുകയും ഒതുങ്ങിയ രീതിയിൽ ജീവിതം നയിക്കുകയും ചെയ്തുവന്നു. ഒന്നുകൊണ്ടും നിരാശനാകാതെ ഒരു പത്തു വഷത്തോളം ഗേബിൾ സമരം നടത്തി. ഒടുവിൽ സവ്വലോകരും അദ്ദേഹത്തിന്റെ സാമത്ഥ്യം സമ്മതിച്ചുകൊടുത്തു.

അരിഷ്ടത നിറഞ്ഞ പഴയ ജീവിതം ഇന്നും ഗേബിൾ മറന്നിട്ടില്ല. അഹംഭാവവും, കൃത്രിമപ്പകിട്ടുമില്ലാത്ത അദ്ദേഹത്തിന്റെ ജീവിതം ആക്കും ആദരണീയമായിത്തോന്നും. സൈനിക ജീവിതത്തിൽ അദ്ദേഹത്തിനു പൊതുജനസമ്മതി പെട്ടെന്നു ലഭിച്ചതു് ഇക്കാരണത്താലാണു്. കുതിരസവാരി ഇന്നും അദ്ദേഹത്തിന്റെ ഏറവും പ്രിയപ്പെട്ട വിനോദമാണു്. 'ക്യാപ്റ്റൻ ഗേബിൾ പ്രദശിപ്പിച്ച ധൈര്യവും, സാമത്ഥ്യവും, ചങ്കറപ്പും അത്യന്തം പ്രശംസാവഹമാണു്' എന്നത്രേ സൈനികസേവനത്തെക്കുറിച്ചു് അദ്ദേഹത്തിനു കിട്ടിയിരിക്കുന്ന കീത്തിപത്രം.

പ്രണയവ്യാപാരത്തെ സംബന്ധിച്ചിടത്തോളം പടത്തിൽ കാണുന്ന ഗേബിളിനെയല്ല യഥാത്ഥലോകത്തിൽ കാണുന്നതു്. ചിത്രത്തിൽ പ്രണയരംഗങ്ങൾ അഭിനയിക്കുന്നതിൽ അദ്ദേഹം അദ്വിതീയനാണു്. എന്നാൽ ചെറുപ്പകാലം മുതലേ പല സുന്ദരികളോടും പ്രണയവൈവശ്യം ഗേബിളിനു തോന്നിയിട്ടുണ്ടെങ്കിലും അതു പ്രകാശിപ്പിക്കുന്നതിനുള്ള ധൈര്യം അയാൾക്കുണ്ടായിരുന്നില്ല. ഇതു അദ്ദേഹം ഇന്നു തുറന്നു പറയുന്നുണ്ടു്. പട്ടാളജീവിതത്തിലെ ധൈര്യം പ്രണയവിഷയത്തിൽ കണ്ടില്ല. അന്നു



# കൊച്ചിയിലെ തെരഞ്ഞെടുപ്പ്

കഴിഞ്ഞു സാറേ, കഴിഞ്ഞു കൊച്ചിയിലെ തെരഞ്ഞെടുപ്പ്.

ഇററലിയിൽ ഇയ്യിടെനടന്ന തെരഞ്ഞെടുപ്പിന്നുശേഷം ഇത്രമേൽ വാദവും വാശിയുമാന്ന മറെറാന്നുണ്ടായിട്ടില്ല. ഇററലിക്കാരുടെ കാര്യത്തിൽ അമേരിക്കൻ മൂരാച്ചികളും സോവിയററ് പോക്കാച്ചികളുംകയ്യിട്ടു. കൊച്ചിക്കാരുടേതിലോ? മദിരാശിമന്ത്രിസഭ, കേരളത്തിലെ കോൺഗ്രസ്സ്, പട്ടാഭിസീതാരാമയ്യ, ശങ്കരറാവുദേവ്, സവ്വോപരി സ്വതന്ത്ര കാഹളക്കാരൻ സാക്ഷാൽ നാരായണപ്പിള്ളസ്സാറും! മഹാകവി പള്ളത്തിൻെറ സാഹിത്യം, സീതാറാംമില്ലിലെ കരിഞ്ചന്ത, ദാമോദരൻകേസ്സ്, മലബാർമെയിലിൻെറ ക്രൈസ്ത പ്രസംഗങ്ങൾ, ദീനബന്ധുവിലെ ജനകീയപ്പാട്ടുകൾ അങ്ങിനെ ഒരുപടി ഉപകരണങ്ങൾ ഒരുവശത്തു്; മറുവശത്താകട്ടേ,തനി പുലഭ്യംപറച്ചിലും.

ദീനബന്ധുവും മെയിലും എടുത്തുനിവത്തിയാൽമതി നാറുന്ന പ്രസ്താവനകൾ നിങ്ങളുടെ മൂക്കടപ്പിക്കുന്നതിന്നു്. തെറിതന്നെ, ഈ താന്തോന്നിത്തമെല്ലാം ജനാധിപത്യത്തിൻെറയും പത്രധമ്മത്തിൻെറയും പേരിലാണുതാനും!

തെരഞ്ഞെടുപ്പു പ്രചരണത്തിൻെറ ഒരു സാമ്പിൾ:

“കുരുടന്മാരുടെ കണ്ണുകൾക്ക് പ്രകാശം നൽകിയതു് പ്രജാമണ്ഡലമാ

പിടികൊടുക്കാതെ തെററി ഒഴിഞ്ഞിരുന്ന ക്രൂട്ടരാണ് ഇന്നു അദ്ദേഹത്തിൻെറ കഴുത്തിൽ ഞാലുന്നതും ഷർട്ടും കോട്ടും പറിച്ചുകീറിക്കൊണ്ടു കടന്നുകളയുന്നതും.

(Ref : Biographical Round up.)

ണ്"  എന്തൊന്നാ പപ്പുപിള്ളേ, പ്രജാമണ്ഡലം കണ്ണുവൈദ്യത്തിനു നാടെങ്ങും ആശുപത്രികൾ തുറന്നു ആതുരശുശ്രൂഷ ചെയ്യുവെന്നാണെന്നൊ ധാരണ? ഹെയി, ഒരു ചുക്കുമില്ല. ഒരു പുലയനങ്ങിനെ മററുള്ള പുലയന്മാരോടു പറഞ്ഞു.

"കുഷ്ഠരോഗം മാററിയതു് പീപ്പിാംസ്സ് കോൺഗ്രസ്സാണ്". പിററത്തെ മലബാർമെയിലിൽ ഡോക്ടർ അബ്രഹാമിൻെറ ലേഖനമുണ്ടാവുമെന്നു പ്രതീക്ഷിച്ചു. എന്തുകൊണ്ടോ അതു കണ്ടില്ല.

തൃശ്ശൂർ കാഴ്ചബംങ്ക്ളാവിലുള്ള മൃഗങ്ങളേയുംകൂടി പ്രജാമണ്ഡലവും പി. കോക്കാരുംകണ്ടു വോട്ടു യാചിച്ചുവെന്നു കേൾക്കുന്നു.

കഴുത പി. കോ. ക്കാക്കു് വോട്ടു് കൊടുക്കാമെന്നേററപ്പോൾ. കുരങ്ങൻ പ്രജാമണ്ഡലക്കാരോടു് ചോദിച്ചു, "നിങ്ങളെന്നെ മന്ത്രിയാക്കുമോ?

ഒട്ടകപ്പക്ഷി തല നിലത്തു് പൂഴ്ത്തി നിന്നു. കെ. എസ്സ്. പി. ക്കാരനാണ്പുള്ളി. ബഹിഷ്കരണം അല്ലേ?

X X X

## തിരുവിതാംകൂറിലേ ഓമന

വഞ്ചിയ്ക്കു ചുററും എന്തോരു കലഹമാണ്. വഞ്ചിയിലെ ഓമന ഇന്നു ഒരങ്ങാടിപ്പാട്ടായിരിക്കയാണ്. "ഓമനയെന്നൊരു പൊസ്തകോണ്ടു് കേമനാംമൂപ്പീന്നെഴുതീതാണ്".

'ഓമന' അവൾ ഒരു പുസ്തകമാണ്. ചങ്ങമ്പുഴയുടെ മിസ്സുക്ക് ഓമനയല്ല. മന്ത്രി സി. കേശവൻെറ ഒരു ചാർച്ചക്കാരനെഴുതിയ ഒരുപൊസ്തകം പാഠ്യ പുസ്തകമാക്കിയെടുത്തിരിക്കുന്നു. അതിൽ അശ്ലീലകാര്യങ്ങൾ ധാരാളമുണ്ടെന്നു് നിയമസഭയിൽ ആക്ഷേപമുണ്ടായി. മന്ത്രിയങ്ങുന്നു (വറുഗീസ്) പറഞ്ഞതു് കേട്ടില്ലേ? പിള്ളേരത് വായിക്കേണ്ട; ഓ! ഇനിവായിച്ചാലെന്താ ?

വെണ്മണിയുടെ പൂരപ്രബന്ധം തിരുവിതാംകൂറിൽ രണ്ടാംക്ലാസിൽ പഠിപ്പിക്കാനാലോചനയുണ്ടെന്നു വാർത്തടൻെറ സ്വ. ലേ.എഴുതിയിരിക്കുന്നു. വഞ്ചിനാടല്ലോ, വിദ്യാഭ്യാസപരമായി ഏററവുംപുരോഗമിച്ച നാട്. വെണ്മണികൃതികൾ പഠിപ്പിച്ചാലെന്താണ് തരക്കേട്? ജനകീയ ഭരണത്തിൽ എന്തുതന്നെ സംഭവിക്കയില്ല!

അപ്പോൾ കാലത്തു പത്തു മണിയ്ക്ക് ക്ലാസിലുണ്ടാവുന്ന രംഗം ഞാൻ മനോമണ്ഡലത്തിൽ കാണുകയാണ്. കയറുപിരിക്കാരൻ കോന്നൻെറ ചെറുക്കൻ ഗോപാലൻ അടുത്തിരിക്കുന്ന മാതുവിൻെറ നേക്ക്നോക്കിച്ചൊല്ലും

"വന്നും നിന്നു മിരുന്നു മിന്നുസമയം
നന്നല്ലിതെന്നുംപറ–
ഞ്ഞെന്നെന്നേവലയുന്നു സുന്ദരി
................"

ആ കാലഘട്ടം ഉൽഘാടനം ചെയ്യുന്ന 'ഓമനേ,.......!

ഓമനയെ അങ്ങിനെ കളിയാക്കിക്കൂട കെട്ടോ. ഹിന്ദുക്കൾ, പ്രത്യേകിച്ചു വേദാന്തികൾ കോപിക്കും. പൊസ്തകത്തിന്നകത്തെന്തായാലെന്താണു? ആപേരെത്ര പരിപാവനമാണു? 'ഓംമനേ" എന്നല്ലേ? പ്രണവശബ്ദമാണതു് !

X X X

## 'ആവശ്യമുണ്ട്' പോലും!

"നായർ സർവ്വീസ് സൊസൈററി രാജ്യത്തിൻെറ മുമ്പാകെ സമർപ്പി

ച്ചിട്ടുള്ള വിവിധസേവനപരിപാടി കഠം ഓരോസ്ഥലത്തും നടപ്പാക്കുന്ന തിൽ സഹകരിക്കാൻ സന്നദ്ധരായുള്ള യുവാക്കന്മാരേയും യുവതികളേയും ആവശ്യമുണ്ട്. സേവനം തികച്ചും നിസ്വാത്ഥമായിരിക്കും. എന്നാൽ, സ്വന്തജോലികഠംക്ക ബാധകമാകാതെയും സ്വന്ത സമയവും ധനവും വ്യയം ചെയ്യാതെയും.........അനുഷ്ഠിക്കേണ്ട സേവനങ്ങഠം മാത്രമേ അനു ഷ്ഠിക്കണമെന്ന് ആവശ്യപ്പെടുകയുള്ളു." (അടിയിലെ വര വാഗ്ഭടൻെറയാണേ.)

ഇതിൻെറ അത്ഥമെന്താണെന്നു എത്ര ആലോചിച്ചിട്ടും ഒരെത്തും പിടിയും കിട്ടിയില്ല. 'ഹരികഥാകാലക്ഷേപ'ത്തിലെ ഒരു നീളൻവാചകത്തെപ്പോലിരിക്കുന്നു. സേവനം നിസ്വാത്ഥം ; പണച്ചെലവു വേണ്ട ; സമയവും നഷ്ടപ്പെടുത്തേണ്ട. പരിപാടികഠം നടപ്പിലാക്കാനുള്ള യുവതീ യുവാക്കളെ ആവശ്യമുണ്ടുതാനും ! എന്തൊന്നാണു, യാതൊരു ജോലിയും വേണ്ടാത്ത ഈ സേവനം? വളയില്ലാതെ ചാടാമെന്നു പറഞ്ഞ സക്സ്സു വിദഗ്ദ്ധനൊക്കൂടി തോല്പിക്കുന്ന ഏപ്പ്ാട് !

X X X

" പപ്പപിള്ളെ !"

" എന്തോ "

" നിങ്ങളെന്തൊരു മറയനാണ്."

" എന്തു പററി സാറേ "

"കാലത്തെണീററാൽ കുറച്ച് ഉപദേശം വേണ്ടായോ ?"

" കാപ്പിയും കപ്പക്കിഴങ്ങും കഴിച്ചല്ലോ. അല്പം പുഴുങ്ങിയ കാച്ചിൽക്കിഴങ്ങും തട്ടിവിട്ടു."

" അതൊന്നും പോരാ ; അല്പം ഗുണപാഠങ്ങളും കേഠംക്കണം "

" സാറു പറഞ്ഞോ "

" ഇതാ ശ്രദ്ധിച്ചു കേഠംക്കണം:

1. കാലത്തു് എഴുന്നേല്ക്കണം.
2. എഴുന്നേററു ഉമിക്കരിയെടുത്തു പല്ലു തേക്കണം. മററു ജോലികളും ചെയ്യണം.
3. ശുചിയായി ആഹാരം കഴിക്കണം ; കഴിക്കുമ്പോഠം വെള്ളം ഉപയോഗിക്കണം; കൈ കഴുകണം ; ചവച്ചു തിന്നണം. മെല്ലെ മെല്ലെ ചവച്ചിറക്കണം;പിന്നെയും ണം-ണം-ണം. അതു ചെയ്യുവിൻ! ചെയ്തു തീക്കുവിൻ!! "

"ഉപദേശത്തിനു് ഒരു 'ഫോർസ്' വേണം. അതിനുതന്നെ ണം-ണം-ണം."

" ഇതൊരു പുത്തൻ ചരക്കാണല്ലോ."

"അതായതു ഇന്നത്തെ 'മാതൃഭൂമി' ദിനപ്പത്രം കണ്ടില്ല്യോ? ഒന്നാമത്തെ പേജിൽ വായിച്ചില്ല്യോ ?

"കേരള സംസ്ഥാനം രൂപീകരിക്കണം, കേരളീയരെല്ലാം ഒന്നിച്ചു ചേരണം, കേരളഭൂമിയെ മേൽക്കമേലുയത്തണം, കേരളം ഒരു പ്രത്യേക സംസ്ഥാനമാകണം. അതു ഉടനേ വേണം. അതിനുള്ള പ്രതിബന്ധങ്ങഠം നീക്കണം.

ഒരുമ്പെടുവിൻ! യോജിക്കുവിൻ!! പ്രയത്നിക്കുവിൻ !!! "

"ഇതു് പുതിയ പത്രപ്രവത്തനമാണ്. ടോക്യോവിലും മററുമുള്ളതാണത്രെ ഈ പുതിയ അടവ്. ജനങ്ങളെ വിദ്യാഭ്യസിപ്പിക്കുകയല്ലേ പത്രധമ്മം"

"എന്താ സാറ് പറയുന്നതിൽ ഒരു പന്തികേട്. പപ്പുവിന്നിതൊ ന്നുംപോരാക്കണ്ടേ.

"പുലർകാലത്തുണരണം
പുണ്യനാമങ്ങൾ ചൊല്ലണം
വലംതിരിഞ്ഞെഴുന്നേററു
വന്ദിക്കേണം പിതാക്കളെ"

ജപ്പാനിലൊന്നും പോവാത്ത എൻെറ അമ്മൂമ്മക്കറിയാമായിരുന്നു ഇങ്ങിനെ "ണം ണം ണം" എന്നാററിക്കാൻ; അതും ശ്ലോകത്തില്.

"പപ്പുപിള്ളെ, ഞാൻ തോററു തൻെറ വാദത്തിൽ" എന്നാൽപോരെ.

X X X

സാറാമ്മ– റോസി, ആ നീലസിൽക്കസാരി ഉടുത്തുകൂടെ സിനിമായ്ക്ക് പോവുമ്പോൾ?

റോസി–അതു ചെയ്യാൻ പാടില്ലെന്നു ഒരു 'ലാ' ഉണ്ട്.

സാറാമ്മ– എന്തു 'ലാ'?

റോസി–മദർ–ഇൻ–ലാ!

X X X

ഇതാണോ സ്വരാജിൻെറ ഫലം? ഇതിനായിട്ടാണൊ നാം സമരം ചെയ്തതു്? എൻെറ സഹപ്രവർത്തകന്മാർ ഇത്ര നീചന്മാരാണ് എന്നു ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ ഒരു അടിമയായി ഇരിക്കുവാൻ ഞാൻ ആഗ്രഹിക്കുമായിരുന്നു." യു. പി. അസംബ്ളിസ്പീക്കർ പുരുഷോത്തമദാസ് താണ്ഡൻ ഇങ്ങിനെ പ്രസംഗിച്ചു; പ്രസംഗിക്കുക മാത്രമോ? പൊട്ടിപൊട്ടിക്കരഞ്ഞുപോയി. സ്വാതന്ത്ര്യത്തിൻെറ കണ്ണുനീർ! കരണ്ടിയിൽ നിന്നടുപ്പിലേക്കുള്ള ചാട്ടമാണ് സ്വാതന്ത്ര്യമെന്നു താണ്ഡൻജി പറയുന്നു. അങ്ങിനെയാണ് ബാബുജീ, ജന്മി–മുതലാളികളുടെ സ്വാതന്ത്ര്യം. ഏതായാലും, "കേഴുക, കേഴുക, കേഴുക താണ്ഡൻജി കേഴുവോക്കാശ്വാസമേകമീശൻ!!"

X X X

മുകളിൽ ഒററക്കുകിടക്കുന്ന പരമു ഇടിവെട്ടു കേട്ടു ഞെട്ടിയുണർന്നു നിലവിളിച്ചു.

"മോനേ പേടിക്കേണ്ട ഈശ്വരനുണ്ട് നിൻെറകൂടെ. സുഖമായുറങ്ങിക്കോ" അമ്മ അവനെ സമാധാനിപ്പിച്ചു.

വീണ്ടും ഭയങ്കരമായൊരിടിനാദം. പരമു താഴോട്ടിറങ്ങിവന്നു അച്ഛൻെറ മടിയിൽ കയറി ഇരുപ്പായി. അവൻ അമ്മയോടു പറഞ്ഞു: "അച്ഛനും ഞാനും താഴേക്കിടന്നുറങ്ങിക്കോളാം. അമ്മ മുകളിൽ ദൈവത്തിൻെറ അടുത്തു ഇരുന്നുകൊള്ളണം."

X X X

ഷാങ്ഹായിൽ ദമ്പതിമാർ തമ്മിലൊരു കലഹമുണ്ടായി. മിസ് ഹ്ഷചെങ്ങിൻെറ ഭർത്താവായ പോലീസുകാരൻ കുടിച്ചു കുണ്ഡലംമറിഞ്ഞു ചെന്നപ്പോൾ അവൾ കണക്കിനു ശകാരിച്ചു. പോലീസകാരനുണ്ടോവിടുന്നു? അയാൾ നിയമത്തിൻെറ സഹായം തേടി. തൻെറ ഭാര്യയെ ഉടൻതന്നെ അറസ്ററുചെയ്തു ഇരുമ്പഴിക്കുള്ളിലിട്ടു. എന്തപരാധത്തിന്മേലെന്നോ? അവൾ കമ്യൂണിസ്റ്റാണെന്നായിരുന്നു ആരോപണം!

ചെറുകഥ

# സ്നേഹിക്കാനും ആദരിക്കാനും

(ഒ. ആർ. കോഹൻ)

മുണ്ടനും തടിയനുമായ ജോർജ്ജ് പോട്ടരെ ഭാവനാഭരിതനായിക്കാണുകയെന്നതു ആലോചിക്കാൻ തന്നെ വിഷമം. കഴിഞ്ഞ മുപ്പതു കൊല്ലങ്ങളോളമായി അദ്ദേഹത്തിന്റെ സുഹൃത്തും നിയമോപദേഷ്ടാവുമെന്ന നിലയിൽ, ഒരു കാലം നല്ല ചുണക്കുട്ടിയായിരുന്ന ആ ചെറിയ മനുഷ്യൻ ഗാർഹസ്ഥ്യ ജീവിതത്തിലേക്കു ക്രമേണ ആണ്ടുപോകുന്നതു ഞാൻ കണ്ടറിയുന്നതാണ്. ജോലിയിൽ അദ്ദേഹത്തിന്നു് ഏറെക്കുറെ വിജയമുണ്ടായിട്ടുണ്ടെന്നു വേണം പറയുവാൻ. വേണമെങ്കിൽ, വ്യാപാരത്തിൽനിന്നു വിട്ട് കുറേക്കാലം ദേശസഞ്ചാരം ചെയ്യാനുള്ള മുതൽ അദ്ദേഹം നേടീട്ടുണ്ട്. പക്ഷെ അങ്ങിനെ ചെയ്യാതെ അദ്ദേഹം വിഭവസമൃദ്ധമായ സ്വഗൃഹത്തിനുള്ളിൽ ഈസ്തരുമൊന്നിച്ച് സുഖമായി കഴിഞ്ഞുകൂടുകയാണ്. അവർ തുന്നലിലോ വായനയിലോ ഏർപ്പെട്ടിരിക്കും; അദ്ദേഹം പണ്ടേ ശേഖരിച്ചിട്ടുള്ള തപാൽമുദ്രകളേയും നോക്കി ആനന്ദിച്ചിരിക്കും.

---

പോലീസുകാരുടെ ഭാര്യമാരെ ജാഗ്രതൈ!

X X X

പരിഷ്കൃത ജനത മുഴുവനും അറക്കുകയും വെറുക്കുകയും ചെയ്യുന്ന സമ്പ്രദായങ്ങളാണു മലയായിൽ ബ്രിട്ടീഷധികൃതന്മാർ ഉപയോഗിക്കുന്നതു്. അവിടത്തെ ഗറില്ലകൾക്കെതിരായി നായ്ക്കളെയും, വടക്കേ ബോർണിയോവിലെ കാടന്മാരെയുമാണ് അഴിച്ചുവിട്ടിരിക്കുന്നതു്.

മൃഗങ്ങളുടെ എല്ലും പല്ലും ആഭരണമായണിഞ്ഞു് ഡായൽ വർഗ്ഗക്കാർ കുന്തവുമായി മലയൻ മലയോരങ്ങളിൽ പതുങ്ങുന്നുണ്ടുപോലും. കമ്മ്യൂണിസ്റ്റ്കളെപ്പറ്റി അവർക്കറിയില്ല.

കാട്ടുവർഗ്ഗക്കാരുടെ തലവൻ ചോദിച്ചു:

“കമ്മ്യൂണിസ്റ്റ് എന്നുവെച്ചാലെന്താണ്?”

ബ്രി. മേധാവി : “ചീത്ത മനുഷ്യൻ.”

“ചീത്ത മനുഷ്യരെ ഞങ്ങൾക്കിഷ്ടമല്ല.” അതായിരുന്നു കാടന്റെ മറുപടി.

—o—

പോട്ടരുമായുള്ള സൌഹാർദ്ദജീവിതത്തിലെ ആദ്യഘട്ടങ്ങളിലേയ്ക്കു് ഒന്നു കണ്ണോടിക്കുമ്പോൾ, റൊമാൻസിന്റെ കണികകൾ മൂപ്പരിൽ എന്നും ഉണ്ടായിരുന്നതിന്റെ ലക്ഷണം ഞാൻ കാണുന്നു. ഉദാഹരണമായി, അദ്ദേഹത്തിന്റെ യൌവ്വനാരംഭകാലത്തു് പ്രസരിപ്പുകാരിയായ ആൽതിയാ ഡീനുമായുള്ള ആ ഇടപാടു്—അപവാദത്തിന്റെ അതിർത്തികൾക്കുള്ളിൽ കടന്ന ആ ബന്ധം—ചൂണ്ടിക്കാണിക്കാവുന്നതാണു്; ദുഷ്പ്രവാദത്തിന്റെ ദ്വിജിഹ്വകൾ അതിശീഘ്രം ചലിക്കുവാൻ തുടങ്ങിയപ്പോൾ ജോർജ്ജ് അവളെ പെട്ടെന്നു വിവാഹം ചെയ്തു.

ആ വിവാഹം ജോർജ്ജ് പോട്ടരുടെ റൊമാന്റിക് മനഃസ്ഥിതിയുടെ അവസാനമാരിയെക്കൂടി കെടുത്തുന്നതായിട്ടാണു കണ്ടതു്. ആ ബന്ധം വിജയത്തിൽ കലാശിക്കുമെന്നൂഹിക്കുവാൻ യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. അതുകൊണ്ടു്, ആൽതിയ അദ്ദേഹത്തെ പെട്ടെന്നു വിട്ടുപിരിഞ്ഞപ്പോൾ ജോർജ്ജിന്റെ സ്നേഹിതന്മാർ അതൊരു വിമോചനമായിക്കരുതി. പിന്നീടു വിദേശത്തുവെച്ചു് ആൽതിയ അന്തരിച്ച വർത്തമാനം കിട്ടി. അതു കഴിഞ്ഞു രണ്ടു കൊല്ലത്തിനു ശേഷം ജോർജ്ജ് ഈസ്തരെ പ്രേമിക്കുവാൻ തുടങ്ങി. ഞങ്ങളുടെ കൂട്ടുകാർക്കു് അതിൽ നേരിയൊരു രസം മാത്രമേ തോന്നിയുള്ളു—വിവാഹിതരാവാൻ പോകുന്ന രണ്ടാളും 'ഒരുമാതിരി'ക്കാരാവുമ്പോൾ അത്രയല്ലേ ഉണ്ടാവൂ?

വിവാഹം ഭംഗിയായിക്കഴിഞ്ഞു. സാധാരണപോലെയുള്ള നേരമ്പോക്കുകളെല്ലാം അവിടെയുമുണ്ടായി. അതിൽ പിന്നീടു് ജോർജ്ജും ഈസ്തരും സമുദായത്തിൽ നിന്നു പിൻവലിഞ്ഞൊഴിഞ്ഞതായിത്തോന്നി. അദ്ദേഹത്തിന്റെ വ്യാപാരകാര്യങ്ങൾ ചിട്ടയിൽ നടന്നുപൊയ്ക്കൊണ്ടിരുന്നതിനാൽ നിയമസംബന്ധമായിട്ടുപോലും എന്റെ സാഹചര്യത്തിന്റെ ആവശ്യകതയുണ്ടായിട്ടില്ല—എനിക്കു ആ മനുഷ്യന്റെ പേരിലുള്ള സ്നേഹത്തിനു് ഒട്ടും കുറവുണ്ടായില്ലെങ്കിലും കാലക്രമത്തിൽ ഞങ്ങൾക്കു തമ്മിൽ പൊതുവായി ഒരു താല്പര്യവുമില്ലാതാകുന്നുണ്ടെന്നു വ്യക്തമായിത്തുടങ്ങി. അവർ സുഖിക്കുകയായിരുന്നുവെന്നു് എനിക്കു നിരൂപിക്കുവാൻ കഴിഞ്ഞതില്ല. സംതൃപ്തിയുണ്ടായിരിക്കാം, പക്ഷെ സുഖിക്കുമെന്നു വിചാരിക്കാൻ ന്യായമില്ല—അത്രയ്ക്കുമാത്രം സാരസ്യമൊന്നുമില്ല...... അങ്ങിനെയാണു ജോർജ്ജിനെ ഞാൻ ചിത്രീകരിച്ചതു്. എന്റെ അഭിപ്രായത്തിനു വ്യത്യാസം വരത്തക്ക സംഭവങ്ങളൊന്നുമുണ്ടായതുമില്ല—അവരുടെ വിവാഹജീവിതത്തിന്റെ രജതജൂബിലിയ്ക്കു് (ഇരുപത്തഞ്ചാം കൊല്ലത്തെ) ഏതാനും ആഴ്ചകൾക്കു മുമ്പുവരെ.

അങ്ങിനെയിരിക്കെയാണു് ഒരു ദിവസം അദ്ദേഹം എന്റെ ആഫീസ്സുമുറിയിൽ ഉരുണ്ടുകയറി, അത്യുന്മേഷത്തോടെ, രജതജൂബിലിയാഘോഷം എത്രയും ആഡംബരത്തോടെ കഴിക്കുവാനുള്ള തന്റെ തീരുമാനമറിയിച്ചതു്. അതിന്റെ പരിപാടിയെക്കുറിച്ചു പറയുമ്പോൾ അദ്ദേഹത്തിന്റെ ആ ചെറിയ കണ്ണുകൾ തിളങ്ങി. ഞാൻ വാസ്തവമായി അത്യന്തം സ്തബ്ധനായി: അദ്ദേഹത്തിന്റെ ഏർപ്പാടുകൾ ഭാവനാമയവും ആകർഷകവും ആയതുകൊണ്ടു മാത്രമല്ല; ഈ

ആലോചനകളെല്ലാം കള്ളൻ ജോർജ്ജ് പോട്ടരുടെ—തന്റെ രണ്ടാം വിവാഹത്തിന്നു ശേഷം സമുദായത്തിൽനിന്നകന്നു് അത്രയും കാലം ആശ്രമജീവിതം നയിച്ചുപോന്ന അതേ ജോർജ്ജ് പോട്ടരുടെ—മസ്തിഷ്ക്കത്തിൽ നിന്നുണ്ടായതാണെല്ലാം എന്നോർത്തു്.

ജോർജ്ജ് എന്നോടു പറഞ്ഞതു്, അതെല്ലാം അദ്ദേഹം ഈസ്റ്റർക്കു വേണ്ടി ചെയ്യുകയാണെന്നാണു്. അദ്ദേഹം കൂടുതൽ വിശദമായിപ്പറഞ്ഞു. "അതു് അവളെ ഇക്കിളിയാക്കും. സ്ത്രീകൾക്കു ഈ വകയിലെല്ലാം വലിയ താല്പര്യമാണെന്നറിയാമല്ലോ—ഈ ആലോചന തരക്കേടില്ലെന്നു എനിക്കു തോന്നി. പിന്നെ, നിങ്ങൾ അതിൽ പങ്കു ചേരാതെ തരമില്ല; എന്റെയും ഈസ്റ്ററുടേയും വിവാഹാവസരത്തിൽ താങ്കൾ തോഴ (Best man) നായിരുന്നുവല്ലോ." അദ്ദേഹം പല്ലുകാട്ടിച്ചിരിച്ചു. "ഇതു് എന്നെസ്സംബന്ധിച്ചേടത്തോളം തീരെ അനാവശ്യമാണു്—നമ്മുടെ 'കിഴവി'യെ സന്തോഷിപ്പിക്കാൻവേണ്ടി ഒരു വേഷംകെട്ടു് എന്നു മാത്രം.''

ജോർജ്ജിനെപ്പററി ഞാനൊന്നു സധൈര്യം പറയാം. അയാൾ ഒരു കാര്യവും തൊട്ടുതൊടുവിച്ചു വിടുന്ന തരക്കാരനല്ല ഒരു വെറും വിരുന്നു സൽക്കാരത്തിന്നു പകരം മൂപ്പർ ഇരുപത്തഞ്ചു കൊല്ലം മുമ്പുണ്ടായ വിവാഹത്തിന്റെ ഒരു ആവർത്തനം തന്നെ നടത്തി. ആ പഴയ പുരോഹിതനും ഇപ്പോൾ തന്തക്കിഴവനായിട്ടുണ്ടു്. ''ഓ, പ്രോമിസ് മി '' എന്ന ഗാനം, കഴിഞ്ഞ വിവാഹാവസരത്തിൽ പാടിയ, ആ വയൊലിൻ ഗായകൻ തന്നെയായിരുന്നു ഈ അവസരത്തിലും. പഴയ അതിഥികളിൽ പലരും—ഞങ്ങളിൽ മിക്കവർക്കും ഇപ്പോൾ ചെന്നിയിൽ നരരോമങ്ങളാണു്.—അവിടെ സന്നിഹിതരായിരുന്നു. എന്നാലും ചടങ്ങുകളെല്ലാം പൊടിപൊടിച്ചു—ഈസ്റ്റർ, താൻ ഇരുപത്തഞ്ചു കൊല്ലം മുമ്പു ഉടുത്ത അതേ വിവാഹഉടുപ്പിൽ........ഒരു പക്ഷെ ഉടുപ്പിന്റെ ഭാഗം കുറച്ചൊന്നയച്ചു വിട്ടുകാണുമായിരിക്കും........ പനിനീരലരും, 'താഴ്വരമലരും'കൊണ്ടുണ്ടാക്കിയ ഒരു വലിയ വിവാഹപ്പൂച്ചെണ്ടുമേന്തിക്കൊണ്ടു്! തോഴികൾ, (Brides maids) അരുണാവർണ്ണപ്പട്ടുടുപ്പുകളുടുത്തു പനിനീർച്ചെണ്ടുകളുമേന്തിക്കൊണ്ടു്. ഒരു 'മോതിരവാഹകൻ' (Ring-bearer) കൂടി ഉണ്ടായിരുന്നു. ശുഭശോഭനമായിക്കലാശിക്കുമെന്നുദ്ദേശിച്ചേക്കാവുന്നിടത്തു പറഞ്ഞാലൊടുങ്ങാത്ത നേരമ്പോക്കും അനിർവ്വചനീയമായ ഒരു തരം ഭംഗിയും!

ഈസ്റ്ററെപ്പററിപ്പറകയാണെങ്കിൽ ഇതിൽ കൂടുതൽ പ്രസന്നയായി ഒരു സ്ത്രീയെ ഞാൻ കണ്ടതായോർക്കുന്നില്ല അവർ യഥാർത്ഥ സൌന്ദര്യത്തിന്റെ പരിവേഷമണിഞ്ഞിരിക്കുന്നുവോ എന്നു തോന്നി. അതെ, ഈ വിചിത്രമായ ഭർത്തൃസ്നേഹപ്രകടനത്തിൽ അലംഭാവമുണ്ടാകുന്നമെങ്കിൽ അവർ മനുഷ്യത്വവും സ്ത്രീത്വവും ഇല്ലാത്തവരായിരിക്കേണ്ടിയിരുന്നു. ജോർജ്ജാകട്ടെ, വിവാഹവേളയിലെന്നപോലെ പരിഭ്രമത്താൽ വിറക്കുന്നുണ്ടായിരുന്നു.

വിവാഹച്ചടങ്ങുകളെല്ലാം ഒരുവിധം അവസാനിച്ചപ്പോൾ അതിഥികൾ ഭക്ഷണശാലയിൽ ഒരുക്കപ്പെട്ടിരുന്ന ഗംഭീരമായ സദ്യയുടെ സമീപ

(ശേഷം 48-ാംപേജിൽ)

# വായനക്കാർ ലോകവാണിയിൽ

## ഏററവും ആകർഷിച്ച ഗ്രന്ഥം

പ്രിയപ്പെട്ട പത്രാധിപരേ,

11-ാം ലക്കത്തിൽ 'എന്നെ ഏററവും ആകർഷിച്ച ഗ്രന്ഥം' എന്ന പംക്തിയിൽ 'അപണ്ഡിതൻ' എന്ന പേരിൽ ഒരാറം ഒരു ലേഖനമെഴുതിയിരുന്നതു സസന്തോഷം വായിച്ചു. ആറം ഒരു അപണ്ഡിതനാണെന്നു ലേശവും തോന്നിയില്ല. എങ്കിലും അദ്ദേഹത്തിനു വല്ലാത്ത ഒരു തെററു പററിയിട്ടുള്ളതായിത്തോന്നുന്നു– 'അദ്ധ്യാത്മരാമായണം' ഏററം സ്പർശിച്ച ഗ്രന്ഥമായി ആരും ലോകവാണിയിൽ എഴുതിയിട്ടില്ല. ഡാക്ടർ അച്ചുതമേനോൻെറ സരസവും സരളവുമായ ലേഖനത്തിൽ ഭാരതമാണു തനിക്കേററവും ഇഷ്ടപ്പെട്ട ഗ്രന്ഥമെന്നു സുവ്യക്തം പറഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ രാമായണത്തെക്കുറിച്ചും ചില പരാമർശങ്ങളുണ്ടെന്നേയുള്ളു. അപണ്ഡിതനേ അതു ധരിപ്പിച്ചാൽ കൊള്ളാം.

ഏതായാലും ഈ പംക്തി വളരെ രസാവഹമാകുന്നുണ്ട്. വിരോധമില്ലെങ്കിൽ ഇതു കത്തുകളുടെ കൂട്ടത്തിൽ പ്രസിദ്ധപ്പെടുത്തുക.

കെ. പി. ബി. പാട്ടും.

[ഇക്കാര്യം ചൂണ്ടിക്കാണിച്ചതിനായി നന്ദി പറയുന്നു. അദ്ധ്യാത്മരാമായണം ഏററവും ആകഷിച്ച ഗ്രന്ഥമായി ലോകവാണിയിൽ ആരും പറഞ്ഞിട്ടില്ല എന്നുസമ്മതിക്കുന്നു—പ]

## "എന്നെ ആകഷിച്ച ലേഖനം"

സർ,

ലോകവാണിയുടെ സകല ലക്കങ്ങളും സശ്രദ്ധം വായിക്കുന്ന ഒരു വായനക്കാരനാണു ഞാൻ. എന്നാൽ ഇതുവരെ പുറത്തു വന്നിട്ടുള്ള ലക്കങ്ങളിലുള്ള ലേഖനങ്ങളിൽ വെച്ച് എന്നെ ഏററവും ആകഷിച്ചതു ശ്രീ. എസ്സ്. ഗുപ്തൻ നായർ ശ്രീ. പുളിമാനയെപ്പററി, 'ഒരു സുഹൃത്തിൻെറ സ്മരണകറം' എന്ന ശീർഷകത്തിൽ എഴുതിയ ഒരു ലേഖനമാണ്. ഒരു കഥാകൃത്തും, നാടകകൃത്തും ആണെന്നുള്ളതിൽ കവിഞ്ഞു് പുളിമാനയെപ്പററി നമുക്ക് അറിഞ്ഞുകൂടാത്തതിൽ പലതും ആ പ്രൌഢലേഖനത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിയും. പുളിമാനയുടെ കോളേജ് ജീവിതത്തെപ്പററി പറയുന്ന ഈ ഭാഗം "പുളിമാനയുടെ കോളേജ് ജീവിതം പാറയിൽ തട്ടി ഒലിക്കുന്ന ഒരു നദിയുടെ പ്രവാഹത്തിനു തുല്യമായിരുന്നു. കണ്ടു നില്ക്കുന്നവക്കു ആ നദിയുടെ പോക്കിൽ പലപ്പോഴും കൌതുകമേ തോന്നുവാൻ വകയുള്ളു. പക്ഷേ, ആ നദിക്കറിയാം ഓരോ പാറയിലും മുട്ടുമ്പോഴത്തെ വേദന." എത്ര നന്നായിരിക്കുന്നു. ഞാൻ ഈ ലേഖനം വായിച്ചുകൊണ്ടിരിക്കുന്ന സമയത്തു കേരളത്തിലെ സുപ്രസിദ്ധനായ ഒരു കഥാകൃത്തു ഒരാവശ്യത്തിനായി എന്നെ അന്വേഷിച്ചു വരികയുണ്ടായി. ഞാൻ അപ്പോറം മേൽ

ഉദ്ധരിച്ച വാചകങ്ങൾ മാത്രം വായിച്ചു നോക്കുവാനായി അദ്ദേഹത്തെ കാണിച്ചു. ആ വരികൾ അദ്ദേഹത്തെ വളരെ ആകർഷിച്ചതിനാൽ, അദ്ദേഹം ആ ലേഖനം മുഴുവൻ വായിച്ചിട്ടാണു തിരിയെ പോയതു്. ഞാൻ അദ്ദേഹത്തോടു ലേഖനത്തെപ്പററി ഒരഭിപ്രായം പറയുവാൻ പറഞ്ഞു. പുളിമാനയെ നേരിട്ടു പരിചയമുള്ള അദ്ദേഹം പറഞ്ഞു ''ഈ ലേഖനം പുളിമാനയുടെ ജീവിതത്തിന്റെ സകല വശങ്ങളേയും സ്പർശിച്ചിട്ടുണ്ടു്."

അഴകൊലുന്ന ഒരു ശൈലിയിൽ ലേഖനം എഴുതിയിരിക്കുന്ന ഈ പ്രസിദ്ധപ്പെട്ട നിരൂപകന്റെ ശ്രീ. ചങ്ങമ്പുഴയെപ്പററിയുള്ള സ്മരണകൾ (ഈ പ്രശസ്തനിരൂപകൻ ചങ്ങമ്പുഴയുടേയും ഒരു സുഹൃത്താണെന്നാണു അറിയുന്നതു്) അടുത്തു തന്നെ 'ലോകവാണി'യിൽ പ്രസിദ്ധീകരിക്കുമെന്നു വിശ്വസിക്കുന്നു.

എൻ. ശ്രീധരൻ നായർ.

പാൽക്കുളങ്ങര.

---

(46-ാം പേജിൽനിന്നും)

ത്തേക്കു നീണ്ടിത്തുടങ്ങി. ഒടുവിൽ ജോർജ്ജും ഞാനും തനിയെ ആയപ്പോൾ അദ്ദേഹം ക്ഷീണത്താലെന്നപോലെ ഒരു കസേലയിലേക്കു ചാഞ്ഞു. ഞാൻ ഒരു കൈ അദ്ദേഹത്തിന്റെ ചുമലിലിട്ടു് അന്നത്തെ ഏർപ്പാടുകളുടെ വിജയത്തിൽ എന്റെ അനുമോദനം പ്രകടിപ്പിച്ചു.

" എല്ലാം ഭംഗിയായെന്നോ പറയുന്നതു്! "

" കെങ്കേമമായി! " പിന്നെ, അല്പം നേരമ്പോക്കായി, "മുഴുത്തും കല്യാണം കഴിച്ചതായി ഇപ്പോൾ നിങ്ങൾക്കു തോന്നുന്നുണ്ടാവണം."

"അതെ, എനിക്കു തോന്നുന്നുണ്ടു്" ഒന്നു രണ്ടു നിമിഷത്തെ നിശ്ശബ്ദതയെ ഭേദിച്ചു അദ്ദേഹം വീണ്ടും സംസാരിക്കുവാൻ ആരംഭിച്ചതു കാര്യഗൌരവമുള്ള സ്വരത്തിലായിരുന്നു. '' എനിക്കു നിങ്ങളോടു ചില കാര്യങ്ങൾ വിശദമായിപ്പറയുവാനുണ്ടു്: എന്റെ സുഹൃത്തും നിയമോപദേഷ്ടാവുമെന്ന നിലയ്ക്കു്.'' ഒരു നിമിഷത്തെ മൌനത്തിനുശേഷം അദ്ദേഹം പെട്ടെന്നു ചോദിച്ചു, "നിങ്ങൾ എന്റെ ആദ്യത്തെ ഭാര്യയെ ഓർക്കുന്നുണ്ടോ ?"

" ആർതിയയേയോ ? " അയാളുടെ ചോദ്യം എന്നെ വിസ്മയിപ്പിച്ചു. "നിശ്ചയമായും."

''നീങ്ങൾക്കറിയാമോ'' അയാൾ അസാധാരണ സ്വരത്തിൽ തുടർന്നു, "അവൾ കഴിഞ്ഞ വർഷമേ മരിച്ചുള്ളുവെന്നു് ?

"എന്റെ ഈശ്വരാ! അവർ ഇരുപത്തേഴു കൊല്ലം മുമ്പു മരിച്ചുവെന്നല്ലേ ഞാൻ ധരിച്ചിരുന്നതു്.''

" ഞാനു, അങ്ങിനെ വിചാരിച്ചു" അദ്ദേഹം സാവകാശത്തിൽ പറഞ്ഞു, ''ഈസ്തരെ വിവാഹം കഴിക്കുമ്പോൾ ഞാൻ അഭാര്യനാണെന്നായിരുന്നു എന്റെ ധാരണ. പക്ഷെ, കാര്യം അങ്ങിനെയല്ലായിരുന്നു.... .പിന്നെ, ഒരു കാര്യം വേണം, ആരെങ്കിലും എന്തെങ്കിലും കുത്തിയിളക്കുകയാണെങ്കിൽ—ഈ രാത്രിയിലെ ചടങ്ങുകൾ ഒരു ശരിയായ വിവാഹത്തിന്റേതായിരുന്നുവെന്നു നിങ്ങൾ ധരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു."

—o—

(വിവർത്തകൻ പി.കെ.എം.)

Printed by V. Balasubramanian at The Jaya Kerala Press,
16/1 Royapetta High Road, Madras. Edited and published by
K. M. George M. A., 16/1 Royapetta High Road, Madras.

# WILFRED PEREIRA LTD.

**(Qualified Chemists)**

കാസം (ആസ്ത്മാ, ശ്വാസകോശം സംബന്ധിച്ചുള്ള രോഗങ്ങൾ ഇവയ്ക്കു കൈകണ്ട ഔഷധം.

## ബ്രോങ്കാസ്ത്മിൻ എലിക്സിർ

വില കുപ്പി ഒന്നിനു് 3 ക. 4 ണ.

★

ശിശുക്കൾക്ക സിദ്ധൌഷധം

## ഗ്രൈപ്പ്വൻഡ്

വില കുപ്പി ഒന്നിനു് 1 ക. 4 ണ.

മൊത്തമായും ചില്ലറയായും വില്ക്കുന്ന സ്ഥലം :

WILFRED PEREIRA LTD. HEAD OFTICE: MADRAS..

ശാഖകൾ :- കോയമ്പത്തൂർ, ഊട്ടക്കമണ്ഡ്, കന്നൂർ, കൊഡൈക്കനാൽ, കോട്ടഗിരി.

# നിങ്ങളുടെ ഭാവി

## 1948–49

ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരോടുകൂടി നിങ്ങളുടെ പേരും വിലാസവും അയക്കുക. എന്നാൽ 1 ക. 4 ണ.ക്കു് (തപാൽ ചാർജ്ജ് പുറമെ), വരുന്ന 12 മാസത്തെ ഫലങ്ങൾ എഴുതി അയക്കുന്നതാണ്. വ്യാപാരത്തിലുള്ള ലാഭചേതം, ഉദ്യോഗക്കയററം, മാററം, ജനനം, വിവാഹം, സുഖം, രോഗം ഇവയെപ്പററിയുള്ള വിവരങ്ങളും, ഗ്രഹപ്പിഴകളുള്ള പ്രതിവിധിയും അറിയിക്കും. ഇന്നു തന്നെ പരീക്ഷിക്കുക. എന്നാൽ ഞങ്ങളുടെ ഭാവികഥനത്തെപ്പററി നിങ്ങൾക്ക ബോദ്ധ്യമാകും.

**Sri Swami Sat Narain Jotish Asram (Regd).**

(L. K. T.) HOSHIARPUR.

Regd. No. M. 5100

# ലോകവാണി

## ഏജൻസി വ്യവസ്ഥകൾ

---

1. ഓരോ പ്രതിക്കും 8 ണ. വീതം ഡിപ്പോസിററ് അടയ്ക്കേണ്ടതാണു്.
2. 25% കമ്മീഷൻ അനുവദിക്കപ്പെടും.
3 വില്ക്കാത്ത പ്രതികൾ 10% വരെ തിരിച്ചെടുക്കുന്നതാണു്.
4. പ്രതികൾ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നമെങ്കിൽ പ്രസിദ്ധീകരണത്തീയതിക്കു പത്തു ദിവസം മുമ്പേ ആഫീസിൽ അറിയിക്കേണ്ടതാണു്.
5. ബില്ലുകളനുസരിച്ചുള്ള തുക ഓരോ മാസവും 5-ാംനു-ക്കകം അടയ്ക്കേണ്ടതാണു്. കുടിശ്ശിക വരുത്തിയാൽ ഏജൻസി നിർത്തിയതായി ഗണിക്കുന്നതാണു്.

കത്തിടപാടുകൾ താഴെ ചേർക്കുന്ന വിലാസത്തിൽ:

The Manager,
Lokavani Office,
Tambaram.